2013 ഒക്ടോബർ / വോള്യം 6 / ലക്കം 4 / വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## അനൗദ്യോഗിക തൊഴിൽ മേഖലയുടെ പുനരന്വേഷണം സിദ്ധാന്തങ്ങൾ, വിവരങ്ങൾ, നയങ്ങൾ

- മാർത്ത ആൾട്ടർ ചെൻ & ജോവാൻ വാനേക്

## അദ്ധ്വാനത്തിൻെറ സാമൂഹ്യപദവി: ജാതി, ലിംഗപദവി, തൊഴിൽ

മീനഗോപാൽ




കവർ ചിത്രം : **ജെൻവെൻവാംഗ്**


# സംഘടിത

ഒക്ടോബർ | വോള്യം 6 | ലക്കം 4

പ്രസിദ്ധീകരണം 08.10.2013


## ഉള്ളടക്കം


8. അനൗദ്യോഗിക തൊഴിൽ മേഖലയുടെ പുനരന്വേഷണം സിദ്ധാന്തങ്ങൾ, വിവരങ്ങൾ, നയങ്ങൾ – **മാർത്ത ആൾട്ടർ ചെൻ & ജോവാൻ വാനേക്**
12. അസംഘടിത മേഖല തൊഴിലാളി സംഘാടനം: സേവ അനുഭവങ്ങളിലൂടെയുള്ള പാഠങ്ങൾ – **നളിനി നായ്ക്**
18. ആദിവാസി സ്ത്രീ-തൊഴിൽ, ജീവിതം – **പി.ഇ. ഉഷ**
27. മത്സ്യമേഖലയും മത്സ്യതൊഴിലാളി സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും – **സീറ്റാദാസൻ**
32. ഈറ്റത്തൊഴിൽമേഖലയും സ്ത്രീകളും – **ഷീല.പി**
35. വൈദഗ്ദ്ധ്യത്തെ തൊഴിലാക്കിയപ്പോൾ – **ബിന്ദു.എസ്**
37. അസംഘടിതമേഖലയിലെ സംഘടിതതൊഴിലാളികളോടൊപ്പം – **ചാരുലത**
42. ചില തൊഴിലനുഭവങ്ങൾ – **സൗമ്യ ബിജു, ജെസ്സി, ബിന്ദു സത്യൻ**
46. എന്റെ/ നിന്റെ നാടെവിടെയാണു പെണ്ണേ... – **ഗീത**
48. കണികാപരീക്ഷണത്തിന് അഞ്ചുവയസ്സ് – **സീമ ശ്രീലയം**
50. ഒരുനാൾ ഒടുവിൽ...– **ജയലക്ഷ്മി.പി**
55. കേസ് ഡയറി –**സ്മിത കെ.ബി**
56. ബ്ലെസ്സിയുടെ പുതിയ കളിമൺപാത്രത്തിലുള്ളത് പുളിച്ചു നാറിയ പഴയ വീഞ്ഞ് തന്നെ – **ദിവ്യ ദിവാകരൻ**

**കവിതകൾ**

38. മരിച്ചവരുടെ നിറം – **സുഷമ ബിന്ദു**
39. 'ശൂ'ന്യവേളയിൽ – **ഷീബാ ദിവാകരൻ**




**അദ്ധ്വാനത്തിന്റെ സാമൂഹ്യപദവി: ജാതി, ലിംഗപദവി,തൊഴിൽ**
– മീന ഗോപാൽ




**ആഗോളവത്കരണകാലത്തെ ചില പ്രാദേശിക തൊഴിൽ ചിത്രങ്ങൾ**
– നീതി.പി.




**നരേന്ദ്രമോഡിയെന്ന വർഗീയഉല്പന്നം**
– ഗീതാനസീർ



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
ഗസ്റ്റ് എഡിറ്റർ : സോണിയ ജോർജ്ജ്
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

## 'സംഘടിതയെ' നെഞ്ചിലേറ്റിയ പ്രിയ വായനക്കാരേ!

ഒരു അന്വേഷി പ്രസിദ്ധീകരണമായ 'സംഘടിത' എന്ന സ്ത്രീമാസിക മാധ്യമരംഗത്ത് വിവിധ മേഖല കളിലുള്ള സ്ത്രീകളുടെ ചലനങ്ങൾക്ക് ആവിഷ്കാരം സാദ്ധ്യമാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ ആദ്യത്തെ പ്രതി 2010 ഡിസംബറിൽ പ്രസിദ്ധ തമിഴ് കവിയായ ശ്രീമതി സൽമ പ്രകാശനം ചെയ്യുകയുണ്ടായി. അതേത്തുടർന്ന് എല്ലാ മാസവും കൃത്യമായി അത് പ്രസിദ്ധീകരിക്കപ്പെടുന്നു. 'സംഘ ടിത' അതിന്റെ 4ാം വയസ്സിലേക്ക് കടക്കുകയാണ്. മാസികയുടെ എഡിറ്റർ പ്രസിദ്ധ എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ പ്രൊഫസർ ***സാറാ ജോസഫാണ്***. ദീദി, സി. എസ്. മീനാക്ഷി, പി. ഗീത, ഗിരിജ പാതേക്കര, ജ്യോതി നാരായണൻ, മിനി സുകുമാർ, കെ.എം. ഷീബ, അഡ്വ. കെ. കെ.പ്രീത, കെ. കെ.സാവിത്രി, രാജലക്ഷ്മി തുടങ്ങിയ സർഗ്ഗധനരായ സ്ത്രീകളടങ്ങിയ പത്രാധിപസമിതിയും, മാനേ ജിംഗ് എഡിറ്ററായി കെ.അജിതയും എക്സിക്യൂട്ടിവ് എഡിറ്ററായി ഡോ. ജാൻസി ജോസും ആണ് ഇതിന്റെ ചുക്കാൻ പിടിക്കുന്നത്. മാത്രമല്ല ലേ ഔട്ട് ആർട്ടിസ്റ്റായി സുവിജയും സർക്കുലേഷൻ മാനേജരായി ചാരു ലതയും മാസികക്കുവേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു. ***സുഗതകുമാരി, എം.ലീലാവതി, ഡോ. ശാരദാമണി, മല്ലികാസാരാഭായ്, ബീനാപോൾ*** എന്നിവരടങ്ങുന്ന ഉപദേശകസംഘവും മാസികയുടെ പ്രവർത്തനങ്ങളോടൊപ്പമുണ്ട്. കേരളത്തിൽ വ്യത്യസ്ത മേഖലകളിലുള്ള എഴുത്തുകാരികൾക്ക് മാധ്യമ രംഗത്ത് തനതായ ഒരിടം കണ്ടെത്താനായി ഉയർന്നുവന്ന ഈ സംരംഭം കേരളചരിത്രത്തിൽതന്നെ ഒരു നാഴികക്കല്ലാണ്. ഓരോ ലക്കവും പ്രത്യേകവിഷയങ്ങളിൽ വൈദഗ്ധ്യമുള്ള ഗസ്റ്റ് എഡിറ്ററെ ഏൽപ്പിക്കു ന്നതിലും ഏതു വിവാദപരമായ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിലും ഈ സംരംഭം വിജയിച്ചിട്ടുണ്ട്.

എന്നാൽ ഈ മാസികയുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി ഇപ്പോഴും അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. ഇതൊരു കച്ചവടമാസിക അല്ല എന്നതിനാൽ എഴുത്തുകാരി കൾ പ്രതിഫലം ഒന്നും തന്നെ വാങ്ങാറില്ല. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പ ത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. ചിലവുകൾ നടത്താൻ പോലും പലപ്പോഴും ബുദ്ധിമുട്ടുകയാണ്. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസി കയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കു ന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരി ക്കാരാക്കുന്നതാണ്.

സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാ ണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

കോഴിക്കോട്: നിങ്ങളുടെ 'സംഘടിത' ടീം.

**ചെക്കുകളും ഡ്രാഫ്റ്റുകളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക**
**വിദേശത്തുള്ളവർ N.R.I ചെക്കുകൾ അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**
**ഞങ്ങൾക്ക് ഇന്ത്യൻറുപ്പി മാത്രമെ സ്വീകരിക്കുവാൻ പാടുള്ളൂ.**

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,
പി.ഒ. കുതിരവട്ടം,
കോഴിക്കോട്-673016,
ടെലി: 0495-2744370

**ഓൺലൈനായി:**

'സംഘടിത', ഫെഡറൽ ബാങ്ക്, മാവൂർ റോഡ്, കോഴിക്കോട്-16
അക്കൗണ്ട് നമ്പർ: 14130100072122,
IFSC Code : FDRL*0001413*
(രാജ്യത്തിനകത്തുനിന്ന്)

# എഡിറ്റോറിയൽ





**സാറാജോസഫ്**

**അമൃതാനന്ദമയിയുടെ** 60ാംപിറന്നാളാഘോഷിക്കാൻ നരേന്ദ്രമോഡി എത്തി. താൻ സ്വയം ഒരു വികസനവീരനാണെങ്കിലും ഭാരതത്തിന്റെ അടിത്തറ കെട്ടിയുയർത്തുകയാണ് അമൃതാനന്ദമയി എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. സത്നാംസിംഗിന്റെ കൊല പോലെയുള്ള കളങ്കങ്ങൾ അമൃതാനന്ദമയിയെ ഏശുകയില്ല കാളിദാസൻ 'ഏകോ ഹി ദോഷേ ഗുണ സന്നിപാതേ നിമഞ്ജതി....' എന്ന് പറഞ്ഞ ന്യായപ്രകാരം. സ്വാതന്ത്ര്യാനന്തര ഇന്ത്യകണ്ട ഏറ്റവും ക്രൂരമായ വംശഹത്യക്ക് നേതൃത്വം കൊടുത്ത മോഡിക്ക് സത്നാം സിംഗിന്റെ കൊല ഒരു അമർഷം പോലും അർഹിക്കുന്നതായിരിക്കില്ല. ഭാരതമാകെ ഒരു ദൈവചൈതന്യം ഉയർത്തെഴുന്നേൽക്കുന്നുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. അമൃതാനന്ദമയിയെപ്പോലെ അനേകർ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സമീപഭാവിയിൽ തന്നെ ഭാരതത്തിനാകെ ആദ്ധ്യാത്മികമായ ഒരു ചൈതന്യം കൈവരും. മോഡി പ്രധാനമന്ത്രിയാകുന്നതോടെ ലോകത്തിന്റെ ആദ്ധ്യാത്മികകുത്തക ഇന്ത്യക്കായിത്തീരും.

വംശഹത്യാസിദ്ധാന്തത്തിൽ അടിയുറച്ച ഭരണത്തിലൂടെ എങ്ങനെ വർഗ്ഗീയ വിദ്വേഷം പരത്തി മറ്റു മതസ്ഥരെ ഇല്ലായ്മ ചെയ്യാം എന്നുള്ള അറിവാണ് ഇന്ത്യൻ ജനാധിപത്യത്തിന് മോഡിയുടെ സംഭാവന. അദ്ദേഹത്തിന്റെ വികസന നേട്ടങ്ങളെ ഉയർത്തിപ്പിടിക്കുന്നവർ ഗുജറാത്തിന്റെ ഗ്രാമീണമേഖലകളിലെ ദയനീയമായ അസമത്വത്തേയും മനുഷ്യാവകാശലംഘനങ്ങളേയും സാമ്പത്തിക ഉച്ചനീചത്വത്തേയും വർഗ്ഗീയ വിദ്വേഷത്തേയും കാണാൻ കൂട്ടാക്കാത്തവരാണ്. എന്നാൽ സ്വതന്ത്രമായി വിലയിരുത്തുന്ന പലരും ബീഹാറിൽ നടക്കുന്ന വികസനപ്രക്രിയകളോട് താരതമ്യപ്പെടുത്തുമ്പോൾ മോഡിയുടേത് നഗരകേന്ദ്രീകൃതമായ കണ്ണിൽ പൊടിയിടുന്ന വികസനപരിപാടികളാണ് എന്ന് വിലയിരുത്തുന്നുണ്ട്. എന്തൊക്കെ വികസന നേട്ടങ്ങളുണ്ടാക്കിയാലും മോഡിയുടെ കൈകൾ നിരപരാധികളുടെ രക്തത്തിൽ മുങ്ങിയവയാണ്. അദ്ദേഹം പറയുന്ന ഏറ്റവും നല്ല വാക്കിൽ പോലും വർഗ്ഗീയവിദ്വേഷത്തിന്റെ ദുസ്സൂചനകൾ ഒളിഞ്ഞിരിക്കുന്നുണ്ട്. 2014 ലെ ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് മോഡിയെ ഉയർത്തിക്കാണിക്കുമ്പോൾ ജനങ്ങൾ ചിന്തിക്കേണ്ടത് ഒരു വംശഹത്യാഭ്രാന്തനെ അധികാരത്തിലേക്കെത്തിച്ചാൽ ഇന്ത്യയുടെ മതേതര ജനാധിപത്യസങ്കൽപ്പങ്ങൾക്ക് എന്തു സംഭവിക്കും എന്നുതന്നെയാണ്.

മോഡി ഇന്ത്യയുടെ പ്രധാനമന്ത്രി ആകുകയാണെങ്കിൽ താൻ ഇന്ത്യവിടുമെന്ന് ജ്ഞാനപീഠജേതാവ് യു.ആർ.അനന്തമൂർത്തി പ്രസ്താവിച്ചു. എത്ര എഴുത്തുകാരും ബുദ്ധിജീവികളും ഇത് ഏറ്റുപറയാൻ ഉണ്ടാകും എന്ന് കണ്ടുതന്നെ അറിയണം. അതേ സമയം ഒരു അനന്തമൂർത്തിക്ക് ഇന്ത്യ വിടാൻ ഉള്ള ഭൗതികസാഹചര്യങ്ങൾ ഉണ്ടായിരിക്കാം. ഇന്ത്യയിലെ സർവ്വസാധാരണക്കാരായ ജനകോടികൾ ഇന്ത്യക്കകത്തു തന്നെ നിൽക്കണമല്ലോ.



## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

**സോണിയ ജോർജ്ജ്**

**സംഘടിതയുടെ** ഈ ലക്കത്തെ, 'സ്ത്രീകളും തൊഴിലും എന്ന സാമാന്യവിശേഷണത്തിൽ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കാൻ താല്പര്യമില്ല. പ്രബല തൊഴിൽ സംസ്ക്കാരത്തിനുള്ളിൽ വർണ്ണിക്കാനാവാത്ത തൊഴിലുകളും തൊഴിലാളികളും തൊഴിലിടങ്ങളും തൊഴിൽബന്ധങ്ങളും നമ്മുടെ ഉത്പാദനത്തേയും സമ്പദ്ഘടനയേയും ഉപജീവനമാർഗ്ഗങ്ങളേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഈ തൊഴിൽ സവിശേഷതകൾ അടയാളപ്പെടുത്തണമെങ്കിൽ നിലവിലുള്ളതിന്റെ പരിമിതികൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തൊഴിൽ യാഥാർത്ഥ്യങ്ങളുടെ വിശകലനങ്ങളും അത്യാവശ്യമായിരിക്കുന്നു. കേരളം പോലെ, ഒരുവശത്ത് സാംസ്കാരിക-രാഷ്ട്രീയ-തൊഴിലാളി പ്രബുദ്ധതക്ക് പേരുകേട്ട സംസ്ഥാനം മറുവശത്ത് നിലനിൽക്കുന്ന ശീലങ്ങളുടെ വിമർശനാത്മകമായ പഠനങ്ങളിലേക്കും ഇടപെടലിലേക്കും എത്തേണ്ടതുണ്ട്. കേരളചരിത്രത്തിൽ തൊഴിലാളി സംഘാടനങ്ങൾക്കും മുന്നേറ്റങ്ങൾക്കും എക്കാലത്തും പ്രധാനപ്പെട്ട സ്ഥാനമുണ്ടായിട്ടുണ്ട്. തൊഴിലാളി അവകാശങ്ങൾക്ക് വേണ്ടി നടന്ന പല സമരങ്ങളും കേരളത്തിന്റെ ഗതിയെത്തന്നെ നിർണ്ണയിച്ചവയാണെന്ന് പറയുന്നതിൽ തെറ്റില്ല. ഭൂപരിഷ്കരണ, സാമൂഹിക-നവോത്ഥാനപ്രസ്ഥാനങ്ങൾ, അസംഘടിതരായ തൊഴിലാളികളുടെ മുന്നേറ്റങ്ങൾക്ക് കാരണമായി. സംഘടിത/അസംഘടിത തൊഴിലാളികൾക്കു വേണ്ടി കേരളം രൂപപ്പെടുത്തിയിട്ടുള്ള ക്ഷേമ/അവകാശപദ്ധതികൾ രാജ്യത്തിനാകമാനം ഇന്നും മാതൃകയാണ്. ഈ മുന്നേറ്റങ്ങളുടെയെല്ലാം ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് 'പുരുഷ' തൊഴിലാളിയിലാണ്. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രം ഇത് വ്യക്തമാക്കുന്നു. സംഘാടനവും നേതൃത്വവും തീരുമാനമെടുക്കലും പുരുഷചരിത്രമായി എഴുതപ്പെട്ടപ്പോൾ പല തൊഴിലാളി സമരങ്ങളിലും സജീവമായിരുന്ന സ്ത്രീകളുടെ ചരിത്രം പാടേ അവഗണിക്കപ്പെട്ടു.

കേരളത്തിന്റെ രാഷ്ട്രീയഘടനയിൽ തൊഴിലാളികൾക്ക് വളരെ ശക്തമായ സ്വാധീനം ഉറപ്പിച്ചുകൊണ്ട് ആരംഭിച്ച സഹകരണപ്രസ്ഥാനങ്ങൾ, കേന്ദ്രീകൃത ഉല്പാദനകേന്ദ്രങ്ങൾ തുടങ്ങിയ തൊഴിൽ പരിസരങ്ങൾ ആഴത്തിൽ പരിശോധിച്ചാൽ ഇത് മനസ്സിലാകും. സ്ത്രീതൊഴിലിന്റെ പ്രത്യേകതകളോ തൊഴിലിലെ സ്ത്രീകളുടെ സ്ഥാനമോ പരിഗണനാവിഷയങ്ങളായിട്ടില്ല. അതുകൊണ്ടുതന്നെ ക്ഷേമ/അവകാശസംവിധാനങ്ങളിലൊന്നും ഈ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള പദ്ധതികൾ രൂപപ്പെട്ടിട്ടില്ല. സ്ത്രീകൾ ഭൂരിപക്ഷം ഉള്ള തൊഴിൽമേഖലകൾക്കായി രൂപം കൊണ്ടിട്ടുള്ള പദ്ധതികൾ ഏറ്റവും ശോചനീയാവസ്ഥയിലും ആനുകൂല്യങ്ങൾ തീരേ കുറഞ്ഞ രീതിയിലും പ്രവർത്തിക്കുന്നു. കാലാകാലങ്ങളിൽ സ്ത്രീതൊഴിലിന് ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച്, വർദ്ധിച്ചു വരുന്ന സ്ത്രീപങ്കാളിത്തത്തിനനുസൃതമായുള്ള അവകാശചുവടുവെയ്പ്പുകൾ കാണുന്നതേയില്ല.

ഈ സാഹചര്യങ്ങൾ ലോകമെമ്പാടും ഇന്ന് തൊഴിലിനെക്കുറിച്ച് നടക്കുന്ന ചർച്ചകളിലേക്ക് നമ്മുടെ ശ്രദ്ധതിരിക്കുന്നു. അനൗദ്യോഗിക/അസംഘടിതതൊഴിൽമേഖല ഇന്ന് അന്തർദേശീയതലങ്ങിൽ സജീവ ചർച്ചാവിഷയമായി മാറിക്കഴിഞ്ഞു. വികസ്വരരാജ്യങ്ങളിലെ ഭൂരിഭാഗം തൊഴിലാളികളും അസംഘടിതമേഖലയിൽ പണിയെടുക്കുന്നവരാണ്. വികസിതരാജ്യങ്ങളിലും ഇവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഔദ്യോഗിക/സംഘടിത മേഖലകളിലും കൂടുതൽ അനൗദ്യോഗികതൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവണത ഏറി വരുന്നു. ആഗോളസാമ്പത്തിക വ്യതിയാനങ്ങളിൽ ഔദ്യോഗികമേഖല ദൈനം ദിനം ശുഷ്കിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഉത്പാദന, വിപണി ശക്തികളെ ഇന്ന് ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് അസംഘ

ടിതമേഖലയാണെങ്കിലും ഔദ്യോഗികസമ്പദ്ഘടനയിൽ അവരുടെ സംഭാവനകൾ വേണ്ടരീതിയിൽ അംഗീകരിക്കപ്പെടുന്നില്ല. സമൂഹത്തിലെ ഏറ്റവും പാർശ്വവത്കരിക്കപ്പെട്ടവർ - സ്ത്രീകളും ദളിതരും ആദിവാസികളും- ആണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ ഏറെയും.

പരമ്പരാഗത/ആധുനികതൊഴിലുകളുടെ പുതിയരൂപത്തിലേക്കാണ് ഇവർ എത്തപ്പെടുന്നത്. അധികാര/സമ്പദ്‌വ്യവസ്ഥയുടെ നിലനിൽപ്പിന് അനുഗുണമായി കുറഞ്ഞ കൂലിയും അസ്ഥിരമായ തൊഴിൽ സാഹചര്യങ്ങളും ചൂഷണങ്ങളും എല്ലാം ഈ തൊഴിലുകളുടെ പ്രത്യേകതകളാണ്. മിക്കയിടങ്ങളിലും അദൃശ്യമായ തൊഴിൽദാതാവ്-തൊഴിലാളി ബന്ധമാണ് ഉള്ളത്. ഏറ്റവും ചെലവ് കുറഞ്ഞ തൊഴിൽ ലഭ്യമാകുന്ന സ്ഥലങ്ങളിലേക്ക് തൊഴിലിടങ്ങൾ മാറ്റി പ്രതിഷ്ഠിച്ചുകൊണ്ടിരിക്കും. വീടുകൾ കേന്ദ്രമാക്കിയാണ് പലപ്പോഴും ഇവ സാധ്യമാകുന്നത്. അസംഘടിതം എന്ന പ്രയോഗത്തിൽ നിന്നും കൂറേക്കൂടി വിശാലമായ തലത്തിലേക്ക് ഈ മേഖലയേയും അതിലെ തൊഴിലാളികളേയും ഉൾപ്പെടുത്തുന്നതിന് അനൗദ്യോഗികമേഖല (Informal sector) എന്ന നിർവ്വചനത്തിൽ സാധ്യമാകുന്നു.

ഇന്ത്യയുടെ തൊഴിലവസ്ഥയും ഈ രൂപത്തിലേക്കെത്തപ്പെടുന്നു. ഭരണകൂടം ജനങ്ങളുടെ നിലനിൽപ്പ് സാധ്യമാക്കുന്ന ഉപജീവനമാർഗ്ഗങ്ങൾ പിന്തുണച്ചില്ലെങ്കിൽ യാതൊരു വ്യവസ്ഥകളുമില്ലാത്ത ധാരാളം തൊഴിലിടങ്ങൾ രൂപപ്പെടും. ആഗോളസമ്പദ്‌വ്യവസ്ഥ ഇതിന്റെ വാഹകരാകുമ്പോൾ ജാതി-വർഗ്ഗ-ലിംഗ സംയോജിപ്പുകളിലൂടെ ചൂഷണാത്മകമായ തൊഴിൽബന്ധങ്ങൾ രൂപപ്പെടും. കുടുംബം നിലനിർത്തുന്നതിനായി ഭൂരിപക്ഷം സ്ത്രീകളും ഇന്ന് തൊഴിലിലേക്കിറങ്ങുന്നതിനായി നിർബന്ധിതരാവുന്നു. ആ അവസ്ഥയെ പരമാവധി മുതലെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ എല്ലാ മേഖലയിൽ നിന്നുമുണ്ട്. ഏറ്റവും മോശമായ തൊഴിൽസാഹചര്യങ്ങൾക്ക് ഏറ്റവും അനുയോജ്യരാണല്ലോ ഇവർ! സ്ത്രീതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുമ്പോഴും സംഘടിതപ്രക്രിയയിലേക്ക് വരുന്ന സ്ത്രീകളുടെ എണ്ണം കൂടുന്നില്ല. അവർ ഏർപ്പെടുന്ന എണ്ണമറ്റ തൊഴിലുകൾ തൊഴിലുകളായി അംഗീകരിക്കപ്പെടുന്നില്ല. ആരും അറിയാതെ പല തൊഴിലുകളും -അത് ഉത്പാദനമേഖലയിലാണെങ്കിലും സേവനമേഖലയിലാണെങ്കിലും നിർവ്വഹിക്കപ്പെടുന്നു. അതിന് പിന്നിലെ ചൂഷണം നിറഞ്ഞ തൊഴിലവസ്ഥകൾ ചർച്ചാവിഷയമാകുന്നില്ല.

പ്രത്യേക സാമ്പത്തികമേഖലകൾ (SEZ) ഇന്ന് തൊഴിൽശാലകളുടെ സാധാരണ രൂപങ്ങളായി മാറി. ഭരണകൂടത്തിന് ബാദ്ധ്യതയില്ലാത്ത സംഘാടന അനുമതിയില്ലാത്ത ഈ തൊഴിലിടങ്ങളിൽ ഭൂരിഭാഗവും ഇന്ത്യയിലാണ് എന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇവിടെ തൊഴിൽ ചെയ്യുന്നവരിൽ ഏറേയും 18നും30നും ഇടക്ക് പ്രായമുള്ള സ്ത്രീതൊഴിലാളികളാണ്.

മറ്റൊരു ചിത്രം സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്ത്രീകളെ 'സംരംഭകർ' ആയി പ്രോത്സാഹിപ്പിക്കുന്നതാണ്. 'സ്വയംതൊഴിൽ' തൊഴിലിന്റെ വിവിധമാനങ്ങളേയും അവകാശങ്ങളേയും കുറിച്ച് ചർച്ച ചെയ്യുമ്പോൾ 'സംരംഭക' ബിസിനസ്സ് സ്ത്രീ ആകുന്നു. ലാഭനഷ്ട കണക്കുകൾക്കേ അവിടെ പ്രസക്തിയുള്ളൂ.

പരമ്പരാഗതതൊഴിലുകളുടെ അവസ്ഥയും ഇതുതന്നെ. പരമ്പരാഗതസമ്പദ്ഘടന ചിന്നിച്ചിതറിയപ്പോൾ ഈ മേഖലയിലെ 'പുരുഷ' തൊഴിലാളികൾ കൂടുതൽ വരുമാനമുള്ള തൊഴിലുകൾ അന്വേഷിച്ചു പോയി. ഈ മേഖലകൾ അന്യം നിന്നുപോകാതിരിക്കാനുള്ള ഉത്തരവാദിത്തം സ്ത്രീകൾക്കായി. അതോടൊപ്പം സംഘാടനത്തിന്റെ വീര്യവും കുറഞ്ഞു. കേന്ദ്രീകൃത വ്യവസായങ്ങളുടേയും സഹകരണ സംഘങ്ങളിലൂടെയുള്ള ഉത്പാദന പ്രവർത്തനങ്ങൾ ശുഷ്ക്കിക്കുകയും വീടുകൾ കേന്ദ്രീകൃത-വ്യക്തിഗത ഉത്പാദനത്തിലേക്ക് ചുരുങ്ങുകയും ചെയ്തു. തൊഴിൽദാതാവും തൊഴിലാളിയും അപ്രസക്തമാകുന്ന സാഹചര്യങ്ങളാണ് ഇവിടെ വളർന്നുകൊണ്ടിരിക്കുന്നത്. വീടിനു ചുറ്റും എപ്പോഴും ലഭ്യമാകുന്ന തരത്തിൽ സ്ത്രീകളുടെ തൊഴിൽ എങ്ങനെ രൂപപ്പെടുത്താം എന്ന ലക്ഷ്യവും കൂടി ഈ തൊഴിൽരൂപങ്ങൾക്കെല്ലാം ഉണ്ട്. 'കുടുംബ' ഉത്തരവാദിത്തങ്ങൾ തടസ്സപ്പെടരുതല്ലോ!

ഔദ്യോഗികമേഖലയിലും കരാർതൊഴിലാളികളുടെ എണ്ണം കൂടിവരുന്നു. അതിലേക്ക് കുറഞ്ഞ കൂലിക്ക് ദിവസവേതന വ്യവസ്ഥയിൽ സ്ത്രീതൊഴിലാളികളെ നിയമിക്കുന്ന സ്ഥിതിവിശേഷം ഇന്നുണ്ട്.

കേരളത്തിന്റെ എക്കാലത്തേയും പ്രത്യേകതയെന്ന് ഉയർത്തിക്കാണിക്കുന്ന തൊഴിലാളി പ്രബുദ്ധതയിൽ ഈ തൊഴിലാളികളുടെ തൊഴിലും പുത്തൻതൊഴിലിടങ്ങളും അവയുടെ സങ്കീർണ്ണതകളും അടയാളപ്പെടുത്തപ്പെടുന്നില്ല. തങ്ങൾ തൊഴിൽ ചെയ്യുന്നവരാണെന്ന് ഇപ്പോഴും പറയാൻ മടിക്കുന്ന അല്ലെങ്കിൽ 'വീട്ടമ്മ' യാണ് എന്ന് പറയാൻ നിർബന്ധിക്കപ്പെടുന്നവരാണ് കേരളത്തിലെ ഭൂരിപക്ഷം സാധാരണസ്ത്രീകളും. കുടുംബശ്രീ, സാമുദായിക/മത/സ്വകാര്യ സ്വയം സഹായ സംഘടനകൾ, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങി സ്ത്രീസംഘാടനത്തിന്റേയും ശാക്തീകരണത്തിന്റേയും ഔദ്യോഗികവത്ക്കരണപ്രക്രിയകൾ സജീവമാകുമ്പോൾ പ്രബുദ്ധകേരളം കണ്ണുതുറന്നു കാണേണ്ട ഒരുപാട്

യാഥാർത്ഥ്യങ്ങളുണ്ട്. കുടുംബം നിലനിർത്താൻ ഇരട്ടിപ്പണികൾ ചെയ്യേണ്ടി വരുന്ന സ്ത്രീകളുടെ അവകാശങ്ങളും അംഗീകാരങ്ങളും സാധ്യമാകുന്നതെങ്ങനെ? പ്രബലസംഘാടനങ്ങൾക്ക് സാധ്യമാവാത്ത വ്യത്യസ്ത ഇടങ്ങളിൽ നിന്ന് ഉയർന്നുവരുന്ന സൂക്ഷ്മസംഘാടനങ്ങൾക്ക് എത്രമാത്രം പ്രസക്തിയുണ്ട്? സ്ത്രീതൊഴിലിന്റെ രാഷ്ട്രീയത്തെ ഉയർത്തിക്കൊണ്ട് വ്യത്യസ്തമായ ഒരു ചിന്താധാര കോർത്തിണക്കുവാൻ ഈ സംഘാടനത്തിന് സാധ്യമാകുമോ?

കേരളത്തിന്റെ പൊതുവ്യവഹാരങ്ങളിൽ സ്ത്രീ–തൊഴിൽ–അവകാശങ്ങൾ–സംഘാടനം– അതിന്റെ സങ്കീർണ്ണതകളോടെ ഇടം തേടുമോ?

ഈ പ്രവർത്തനങ്ങളിൽ കുറേ നാളുകളായി പഠനങ്ങളിലൂടേയും സംഘാടനങ്ങളിലൂടേയും അവകാശപോരാട്ടങ്ങളിലൂടേയും ഇടപെടുന്ന അനുഭവപരിചയങ്ങളാണ് അനൗദ്യോഗികമേഖലയെ സ്ത്രീപക്ഷ കാഴ്പ്പാടിൽ നിന്നു കൊണ്ട് കാണാൻ പ്രേരിപ്പിക്കുന്നത്. ഈ അനുഭവങ്ങളുടെ ചില പ്രതിഫലനങ്ങളാണ് ആശയങ്ങളിലൂടേയും അനുഭവങ്ങളിലൂടേയും നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. 2013ലെ അന്തർദേശീയ തൊഴിലാളി കോൺഫറൻസിലെ (ILC) ഒരു പ്രധാനപ്പെട്ട അജണ്ട അനൗദ്യോഗിക സമ്പദ്ഘടനയുടെ ഔദ്യോഗികവത്ക്കരണമാണ് (formalising the informal economy). ലോകമെമ്പാടും ഉള്ള തൊഴിലാളി സംഘടനകളും ഗവേഷണസ്ഥാപനങ്ങളും ഈ വിഷയത്തിന്റെ വിവിധമാനങ്ങൾ ചർച്ചചെയ്യുമ്പോൾ കേരളത്തിലും ഈ വിഷയം ഗൗരവമായി കാണേണ്ടതിന്റെ ആവശ്യകതയാണ് ഈ അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

അസംഘടിതതൊഴിൽമേഖലയുടെ സങ്കീർണ്ണതയെ ആശയവത്ക്കരിക്കുന്നതിനും വൈവിദ്ധ്യമാർന്ന തൊഴിലുകളുടെ (സ്ത്രീകൾ ഭൂരിപക്ഷമുള്ള) അവസ്ഥകളും നവീന/സൂക്ഷ്മ സംഘാടന രീതികളും ഒരു പരിധി വരെ ചർച്ച ചെയ്യുന്നതിനായി ശ്രമിച്ചിട്ടുണ്ട്. ഈ മേഖലയിൽ വർഷങ്ങളായി പ്രവർത്തന പ്രാവീണ്യമുള്ളവരുടെ ലേഖനങ്ങൾ ഈ സംവാദങ്ങൾക്ക് സൈദ്ധാന്തിക അടിത്തറ നൽകുമെന്ന് കരുതുന്നു. എഴുതി ശീലമില്ലാത്ത സംഘാടനപ്രാവീണ്യമുള്ളവർ അവരുടെ പ്രവർത്തനമേഖലയിലെ അനുഭവങ്ങൾ എഴുതുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വ്യത്യസ്തമേഖലകളിലെ സ്വയം തൊഴിലാളികളായ ചില സ്ത്രീകളുടെ തൊഴിൽ അനുഭവങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അന്തർദ്ദേശീയതലത്തിൽ നടക്കുന്ന അനൗദ്യോഗികമേഖല സ്ഥിതി-വിവരനിർവ്വചനങ്ങളും തൊഴിലിന്റെ പുനർവിചിന്തനങ്ങളുടേയും പ്രസക്തി വുമൺ ഇൻ ഇൻഫോർമൽ എംപ്ലോയ്മെന്റ് ഗ്ലോബലൈസിംഗ് ഓർഗനൈസിംഗ് (WIEGO) പ്രവർത്തകരായ മാർത്ത ആർട്ടർ ചെനും ജോവാൻ വാനേകും ചർച്ച ചെയ്യുന്നു.

അസംഘടിതസ്ത്രീതൊഴിലാളി സംഘാടനത്തിന്റെ വ്യത്യസ്തമായ അനുഭവമാണ് സേവ (Self Employed Womens Association (SEWA) യുടെ സംഘാടനപ്രക്രിയ. ഇന്ത്യൻ തൊഴിലാളി ചരിത്രത്തിൽ ആദ്യമായി അസംഘടിതമേഖലസ്ത്രീകൾ മാത്രമുള്ള ഒരു സ്വതന്ത്ര തൊഴിലാളിപ്രസ്ഥാനത്തിന് കേന്ദ്ര ട്രേഡ് യൂണിയൻ പദവി ലഭിച്ചു. സേവയുടെ സംഘാടന അനുഭവങ്ങളാണ് ശ്രീമതി നളിനി നായ്ക് വിശദീകരിക്കുന്നത്.

തൊഴിലിന്റെ ജാതി–ലിംഗ സങ്കീർണ്ണതകൾക്ക് ഒരാമുഖം മീനാഗോപാൽ നൽകുന്നു. ആഗോളവത്കരണപ്രക്രിയയിൽ രൂപപ്പെട്ട പുതിയ തൊഴിൽ രൂപങ്ങളും അവിടുത്തെ യാഥാർത്ഥ്യങ്ങളും തന്റെ ഗവേഷണത്തിന്റെ ഭാഗമായി നീതി.പി വിശദീകരിക്കുന്നു. ആദിവാസിസ്ത്രീകളുടെ തൊഴിലനുഭവങ്ങളും അവർ നേരിടുന്ന പ്രതിസന്ധികളും ശ്രീമതി.പി.ഇ.ഉഷ ചർച്ച ചെയ്യുന്നു.

പരമ്പരാഗതമേഖലകൾ നിലനിർത്തുന്ന സ്ത്രീതൊഴിലാളികളുടെ അവസ്ഥകളാണ് മത്സ്യമേഖലയിലൂടെ ശ്രീമതി.സീറ്റാദാസനും ഈറ്റത്തൊഴിലാളി മേഖലയിലൂടെ ശ്രീമതി.ഷീല.പിയും ചർച്ചചെയ്യുന്നത്. ഈ മേഖലകളെ പ്രതിനിധീകരിക്കുന്നവർ എന്ന നിലയിൽ സ്വന്തം അനുഭവ പശ്ചാത്തലങ്ങളിൽ നിന്നും കൂടി എഴുതപ്പെടുമ്പോൾ അവരുടെ വാദങ്ങൾക്ക് മൂർച്ചയേറുന്നു.

കോഴിക്കോട് നഗരത്തിൽ അസംഘടിത മേഖല സ്ത്രീസംഘാടനത്തിന് നേതൃത്വം നൽകുന്ന വിജി തന്റെ സംഘാടന അനുഭവങ്ങൾ നമ്മോടൊപ്പം പങ്കുവെക്കുന്നു. ഈ അടുത്ത കാലത്ത് കോഴിക്കോട് കൂപ്പണിൽ നടന്ന സമരാനുഭവങ്ങൾ തൊഴിലാളികൾ വിവരിക്കുന്നു. വൈദഗ്ദ്ധ്യത്തെ തൊഴിലാക്കിയ ബിന്ദു.എസിന്റെ അനുഭവവും കൂട്ടായ സ്വയം തൊഴിലുകളിലൂടെ വരുമാനം കണ്ടെത്തുന്ന സൗമ്യ, ജെസി, ബിന്ദു എന്നിവരുടെ അനുഭവങ്ങളും ഈ ലക്കത്തെ കൂടുതൽ വായനക്കും ചർച്ചകൾക്കുമായി അവതരിപ്പിക്കുന്നു. വളരെ വിശാലമായ ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളേയും ഈ ലക്കത്തിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ലഭ്യമായ ഈ പഠനങ്ങളും അന്വേഷണങ്ങളും അനുഭവപാഠങ്ങളും ഈ മേഖലയെ അടയാളപ്പെടുത്താൻ സാധ്യമാകും എന്ന് ഉറപ്പുണ്ട്. ഈ പ്രക്രിയയിൽ സഹകരിച്ച എല്ലാവർക്കും സ്നേഹവും നന്ദിയും. ●

# അനൗദ്യോഗിക തൊഴിൽമേഖലയുടെ പുനരന്വേഷണം സിദ്ധാന്തങ്ങൾ, വിവരങ്ങൾ, നയങ്ങൾ



*വികസ്വര രാജ്യങ്ങളിലെ ഭൂരിഭാഗം തൊഴിലാളികളേയും ഈ മേഖല പ്രതിനിധീകരിക്കുമ്പോൾ വികസിത രാജ്യങ്ങളിലും ഇവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.*

**മാർത്ത ആൾട്ടർ ചെൻ & ജോവാൻ വാനേക്**

**ആമുഖം**

അനൗദ്യോഗിക തൊഴിൽ* (Informal work) നയരൂപീകരണ അജണ്ടകളിലേക്ക് വീണ്ടും സജീവ പ്രാധാന്യത്തോടെ എത്തിക്കഴിഞ്ഞു. വികസ്വര രാജ്യങ്ങളിലെ ഭൂരിഭാഗം തൊഴിലാളികളേയും ഈ മേഖല പ്രതിനിധീകരിക്കുമ്പോൾ വികസിത രാജ്യങ്ങളിലും ഇവരുടെ എണ്ണംവർദ്ധിച്ചുകൊണ്ടിരിക്കുന്നു. വികസ്വര രാജ്യങ്ങളിൽ ഈ തൊഴിലാളികളിൽ ഭൂരിഭാഗവും ഏറ്റവും പാവപ്പെട്ടവരും തൊഴിൽ ചെയ്യുന്ന പാവപ്പെട്ടവരിൽ കൂടുതലും അനൗദ്യോഗിക തൊഴിലാളികളുമാണ്.

## സ്ഥിതിവിവര നിർവ്വചനങ്ങൾ/കണക്കുകൾ

**അന്തർദ്ദേശീയ സ്ഥിതിവിവര നിർവ്വചനങ്ങൾ**

1993-ലെ അന്തർദ്ദേശീയ തൊഴിൽ സ്ഥിതിവിവര കോൺഫറൻസിൽ 'അനൗദ്യോഗിക മേഖല' യുടെ അംഗീകരിച്ച നിർവ്വചനം ഇപ്രകാരമാണ് – ഔദ്യോഗികമായി ഉൾപ്പെടുത്താത്ത, ചെറുത് അല്ലെങ്കിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങളിൽ നടക്കുന്ന തൊഴിലുകളും ഉല്പാദനങ്ങളും അനൗദ്യോഗിക മേഖല എന്നു വിവക്ഷിക്കാം. ഇതിനു തുടർച്ചയെന്നോണം 1997 ആരംഭത്തിൽ അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO), അനൗദ്യോഗിക മേഖല സ്ഥിരവിവരങ്ങളുടെ വിദഗ്ദ്ധസംഘം (ഡൽഹി ഗ്രൂപ്പ്), അനൗദ്യോഗിക മേഖലയിലെ സ്ത്രീതൊഴിലാളി സംഘടനകളുടെ ആഗോളശൃംഖലയായ വീഗോ(WIEGO)

എന്നീ ഗ്രൂപ്പുകൾ ഒരുമിച്ച് ചേർന്ന് ഈ നിർവ്വചനത്തെ വിശാലമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി. സംരംഭ കേന്ദ്രീകൃത ആശയത്തിലും നിർവ്വചനത്തിലും പെടാത്ത അനൗദ്യോഗിക തൊഴിലുകളെ കൂടി ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നത്. വ്യാവസായിക, വികസിത-വികസ്വര സമ്പദ്ഘടനകളിൽ, ആഗോള തൊഴിൽ വിപണിയുടെ യാഥാർത്ഥ്യങ്ങളിൽ, പ്രത്യേകിച്ചും തൊഴിൽ ചെയ്യുന്ന പാവപ്പെട്ടവരുടെ തൊഴിൽ ക്രമീകരണങ്ങളിൽ-എല്ലാം പ്രതിഫലിക്കുന്ന തൊഴിൽ അനൗദ്യോഗികതയെ ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

ഈ നിർവ്വചനം സംരംഭങ്ങളുടെ സ്വഭാവത്തോടൊപ്പം തൊഴിലിന്റെ പ്രത്യേകതകളേയും വിശദീകരിക്കുന്നു.

അനൗദ്യോഗിക സംരംഭങ്ങൾക്ക് ഉള്ളിലും പുറത്തും ഉള്ള എല്ലാതരം അനൗദ്യോഗിക തൊഴിലുകളും ഇതിൽ ഉൾപ്പെടുന്നു. ഈ നിർവ്വചനം 2002-ലെ അന്തർദ്ദേശീയ തൊഴിലാളി കോൺഫറൻസും (ILO), 2003-ലെ തൊഴിൽ സ്ഥിതി വിവര അന്തർദ്ദേശീയ കോൺഫറൻസ് (ICLS) ഉം അംഗീകരിച്ചിട്ടുണ്ട്. അനൗദ്യോഗിക തൊഴിൽ എന്നാണ് ഇതിനെ സൂചിപ്പിക്കുന്നത്. അനൗദ്യോഗിക തൊഴിൽമേഖല, അതിന്റെ നിർമ്മിതി കൊണ്ടുതന്നെ വിശാലവും ബഹുശിലാത്മകവുമാണ്. വിശകലനത്തിനും നയരൂപീകരണത്തിനുമായി ഈ തൊഴിൽ മേഖലയെ സ്വയംതൊഴിൽ എന്നും കൂലിത്തൊഴിൽ എന്നും വിഭജിക്കാം. ഇവ തന്നെ വളരെ വിശാലമായതിനാൽ വീണ്ടും തൊഴിൽ പദവിയുടെ അടിസ്ഥാനത്തിൽ സമാനസ്വഭാവമുള്ള തൊഴിലുകളെ താഴെ പറയുന്ന തരത്തിൽ തരംതിരിക്കാം.

അനൗദ്യോഗിക സ്വയംതൊഴിലുകളിൽ ഉൾപ്പെടുന്നത്

♦അനൗദ്യോഗികസംരംഭങ്ങൾ നടത്തുന്നവർ.

♦സ്വന്തം നിലയിൽ അനൗദ്യോഗിക സംരംഭങ്ങളിൽ ഏർപ്പെടുന്നവർ.

> *ഔദ്യോഗികവത്ക്കരണ പ്രക്രിയയിലേക്ക് എത്തുന്നതിന് അവർ മുടക്കുന്നത് അവ്യക്തതയോടെ ആയിരിക്കരുത്. മറിച്ച് ഔദ്യോഗികം ആകുന്നതിന്റെ ആനുകൂല്യങ്ങളും സംരക്ഷണവും ഈ പ്രക്രിയയിലൂടെ അവർക്ക് ലഭിക്കും എന്ന് ഉറപ്പാക്കണം.*

♦സംരംഭങ്ങളിൽ സഹായിക്കുന്ന കുടുംബാംഗങ്ങൾ (ഔദ്യോഗിക/അനൗദ്യോഗിക സംരംഭങ്ങളിൽ).

♦അനൗദ്യോഗിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾ.

സാമൂഹ്യസുരക്ഷാ സംവിധാനങ്ങളൊന്നും ഇല്ലാതെ കൂലിക്കെടുക്കുന്ന ഔദ്യോഗിക/അനൗദ്യോഗിക സംരംഭങ്ങളിലെ തൊഴിലാളികൾ അല്ലെങ്കിൽ മറ്റ് വീടുകളിൽ കൂലിക്ക് ജോലി ചെയ്യുന്ന ഗാർഹിക തൊഴിലാളികൾ തുടങ്ങിയവരാണ് അനൗദ്യോഗിക കൂലി തൊഴിലിൽ ഉൾപ്പെടുന്നത്. ചില കൂലി തൊഴിലുകൾ മറ്റുള്ളവയെക്കാൾ അനൗദ്യോഗിക സ്വഭാവം കാണിക്കുന്നവയാണ്.

- അനൗദ്യോഗിക സംരംഭങ്ങളിലെ തൊഴിലാളികൾ
- ദിവസക്കൂലിക്ക് പണിയെടുക്കുന്നവർ
- താല്ക്കാലിക-ഭാഗിക സമയ തൊഴിലാളികൾ
- ഗാർഹിക തൊഴിലാളികൾ
- കരാർ തൊഴിലാളികൾ
- രജിസ്റ്റർ ചെയ്യാത്ത അപ്രഖ്യാപിത തൊഴിലാളികൾ
- വ്യാവസായിക പുറംതൊഴിലാളികൾ (വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവർ)

ചുരുക്കത്തിൽ, അനൗദ്യോഗിക മേഖലയെ സൂചിപ്പിക്കുന്നതിന് പരസ്പരം ബന്ധപ്പെട്ട് ഈ മൂന്ന് ഔദ്യോഗിക സ്ഥിതിവിവര പദങ്ങളും നിർവ്വചനങ്ങളും അവ്യക്തമായി ഇടകലർത്തി ഉപയോഗിക്കുന്നു.

അനൗദ്യോഗിക തൊഴിൽ മേഖല എന്നാൽ ഔദ്യോഗികമായി ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെറുതോ രജിസ്റ്റർ ചെയ്യാത്തതോ ആയ സംരംഭങ്ങളിലെ ഉല്പാദനവും തൊഴിലും (1993 ICLS), അനൗദ്യോഗിക സമ്പദ്ഘടന എന്നാൽ മുകളിൽ സൂചിപ്പിച്ച എല്ലാ യൂണിറ്റുകൾ, പ്രവർത്തനങ്ങൾ, തൊഴിലാളികൾ എന്നിവരിൽ നിന്നുള്ള എല്ലാ ഉല്പാദനവും (output) ഇതെല്ലാം കൂടി ചേർന്നാണ് തൊഴിൽശക്തിയും സമ്പദ്ഘടനയും ദേശീയവും അന്തർദ്ദേശീയവുമായി സൃഷ്ടിക്കപ്പെടുന്നത്.

### നയപ്രതികരണങ്ങൾ ഔദ്യോഗികവൽക്കരണ ചർച്ചകൾ

അനൗദ്യോഗിക സമ്പദ്ഘടനയെ എങ്ങനെ ഔദ്യോഗികവത്ക്കരിക്കാം എന്നതാണ് അനൗദ്യോഗിക മേഖലയുടെ നയരൂപീകരണ ചർച്ചകളുടെ പ്രധാന ചോദ്യം. പല നിരീക്ഷകരും ഇതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അനൗദ്യോഗിക മേഖലയെ ഔദ്യോഗിക വേതനമുള്ള തൊഴിലിലേക്ക് ഉയർത്തുന്നതാണ് പ്രധാനം എന്ന് ഒരുവിഭാഗം പറയുമ്പോൾ മററൊരുവിഭാഗം പറയുന്നത് അനൗദ്യോഗിക സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതും നികുതി പരിധിയിൽ വരുത്തുന്നതുമാണ്.

ഔദ്യോഗികവത്ക്കരണ പ്രക്രിയയിലേക്ക് എത്തുന്നതിന് അവർ മുടക്കുന്നത് അവ്യക്തതയോടെ ആയിരിക്കരുത്. മറിച്ച് ഔദ്യോഗികം ആകുന്നതിന്റെ ആനുകൂല്യങ്ങളും സംരക്ഷണവും ഈ പ്രക്രിയയിലൂടെഅവർക്ക് ലഭിക്കും എന്ന് ഉറപ്പാക്കണം. ഉദാഹരണത്തിന് സ്വയം തൊഴിൽ ചെയ്യുന്നവർക്ക് ഔദ്യോ

ഗികവത്ക്കരണമെന്നാൽ ലൈസൻസ് ലഭിക്കുന്നതോ അവരുടെ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതോ നീതിക്ക് വിധേയമാകുന്നതോ മാത്രമല്ല ഔദ്യോഗിക സമ്പദ്ഘടനയിലേക്കുള്ള അവരുടെ പ്രവേശനത്തെയാണ് ഈ പ്രക്രിയ പ്രതിനിധാനം ചെയ്യുന്നത്. വാണിജ്യ കരാറുകൾ, അവർ തൊഴിൽ നടത്തുന്ന സ്ഥലങ്ങളുടെ നിയമപരമായ അവകാശങ്ങൾ, ഉത്പാദനത്തിനുള്ള മാർഗ്ഗങ്ങൾ, നികുതി തിരിവുകൾ, മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പ്രോത്സാഹനങ്ങൾ, വാണിജ്യ സംഘടനകളിൽ അംഗത്വം, കടക്കാരിൽ നിന്നും സംരക്ഷണം, വ്യക്തമായ ബാങ്ക് വായ്പാ നിയമങ്ങൾ, സാമൂഹ്യസുരക്ഷിതത്വം തുടങ്ങിയവയാണ് ഔദ്യോഗിക വത്ക്കരണത്തിന് മുടക്കുന്നതിലൂടെ അവർ നേടാൻ ആഗ്രഹിക്കുന്നത്. അനൗദ്യോഗിക തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഔദ്യോഗികവത്ക്കരണ പ്രക്രിയ ഔദ്യോഗിക തൊഴിൽ ലഭിക്കുക എന്നതാണ്. അല്ലെങ്കിൽ നിലവിലുള്ള തൊഴിലുകളെ ഔദ്യോഗികവത്ക്കരിക്കുന്ന പ്രക്രിയയിലേർപ്പെടുക എന്നതാണ്. സുരക്ഷാ കരാറുകൾ, തൊഴിലാളി ആനുകൂല്യങ്ങൾ, ഔദ്യോഗിക തൊഴിലാളി യൂണിയനിൽ അംഗത്വം, സാമൂഹ്യസുരക്ഷക്കുള്ള തൊഴിൽ ദാതാവിന്റെ വിഹിതം എല്ലാം ഇതിൽ ഉൾപ്പെടും.

നയരൂപകർ ഔദ്യോഗികവത്ക്കരണത്തിന്റെ ഈ വ്യത്യസ്ത ധാരകളെ തിരിച്ചറിയേണ്ടതുണ്ട്.ഇതൊരു ഒറ്റത്തവണ പ്രക്രിയയല്ല, മറിച്ച് ഔദ്യോഗിക വത്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് പടിപടിയായി ലഭിക്കുന്ന പ്രക്രിയയാണിത്. സാഹചര്യത്തിനനുസൃതമായി അതിന്റെ രൂപകല്പനയും ശീലങ്ങളും ചിട്ടപ്പെടുത്തി ഒരു സമഗ്രമായ സമീപനമാണിതിന് ഏറ്റവും ആവശ്യം.

**സമഗ്രമായ നയചട്ടക്കൂട്**

അനൗദ്യോഗിക സംരംഭങ്ങളുടേയും തൊഴിലാളികളുടേയും താത്പര്യങ്ങളേയും ഏക നയ ലക്ഷ്യത്തിന്റെയോ നിർദ്ദേശങ്ങളുടേയോ കീഴിൽ കൊണ്ടുവരാൻ സാധിക്കില്ല. വേണ്ടത് സമഗ്രമായ ഒരു നയ ചട്ടക്കൂടാണ്, അതിൽ അനൗദ്യോഗിക മേഖലയുടെ താഴെപ്പറയുന്ന വിശാല ലക്ഷ്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്.



1) കൂടുതൽ ഔദ്യോഗിക തൊഴിലുകൾ സൃഷ്ടിക്കുക-തൊഴിൽ കേന്ദ്രീകൃത വളർച്ചയിലൂടെ.

2) അനൗദ്യോഗിക സംരംഭങ്ങളെ ക്രമപ്പെടുത്തുക - അനുഗുണമായ ചട്ടങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും.

3) സർക്കാരിന്റെ സംരക്ഷണം ഈ മേഖലയിലേക്ക് വ്യാപിപ്പിക്കുക. സാമൂഹ്യസുരക്ഷിതത്വം (ആരോഗ്യം, പെൻഷൻ, വ്യത്യസ്തശേഷിയുള്ളവർക്കുള്ള പിന്തുണ). നിയമപരമായ സംരക്ഷണം (സ്വത്തവകാശം, വാണിജ്യാവകാശം, തൊഴിലവകാശം).

4)ഇവരുടെ ഉല്പാദനശേഷിയും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ - പാവപ്പെട്ട തൊഴിലാളികൾക്ക് - സാമ്പത്തിക സഹായങ്ങൾ, സംരംഭക പിന്തുണ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണ- ഇവക്കെല്ലാം അനുകൂലമായ നയ ക്രമീകൃത അന്തരീക്ഷത്തിലൂടെയും നീതിപൂർവ്വകമായ വാണിജ്യ കരാറിലൂടെയും.

5) പങ്കാളിത്ത നയരൂപീകരണ വ്യവസ്ഥ ക്രമീകരണം: കൂട്ട വിലപേശൽ പ്രക്രിയ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ അസംഘടിത തൊഴിലാളി പ്രാതിനിധ്യം ഉൾപ്പെടുത്തുക.

അനൗദ്യോഗിക മേഖലക്ക് പിന്തുണ നല്കിക്കൊണ്ട് ഈ അഞ്ച് വിശാല ലക്ഷ്യങ്ങളിലും ലോകമെമ്പാടും അഭിപ്രായസമന്വയമുണ്ടായിട്ടുണ്ട്.

**തൊഴിലിന്റെ പുനർവിചിന്തനം**

ചരിത്രം പരിശോധിച്ചാൽ തൊഴിൽ വിപണി തൊഴിലുള്ളവരും (തൊഴിലാളികൾ എന്ന ധാരണ) തൊഴിലില്ലാത്തവരും ഉൾപ്പെടുന്നവരാണ്. തൊഴിൽ വിപണി എന്നും തൊഴിലാളികളും തൊഴിൽദാതാക്കളും തമ്മിലുള്ള ഇടപെടലിലൂടെയാണ് ഇത് നിലനിന്നിരുന്നതെന്നും നവസാമ്പത്തിക വിദഗ്ദ്ധരുടെ ധാരണ. എന്നാൽ വികസന സാമ്പത്തിക വിദഗ്ദ്ധർ വികസ്വര രാജ്യങ്ങളിലെ തൊഴിൽ വിപണി ദ്വിമുഖമാണെന്ന് ചൂണ്ടിക്കാട്ടി. പരമ്പരാഗത/ അനൗദ്യോഗിക തൊഴിലും ആധുനിക/ ഔദ്യോഗിക തൊഴിലും (ലൂയിസ്, 1954). ചില സാമ്പത്തിക വിദഗ്ദ്ധർ, പ്രത്യേകിച്ചും നോബേൽ ജേതാവ് ഡബ്ള്യു. ആർതർ ലൂയിസ് പ്രവചിച്ചത് വികസ്വര രാജ്യങ്ങളിലെ സാമ്പത്തിക വികസനം ദീർഘകാലാടിസ്ഥാനത്തിൽ ആധുനിക തൊഴിലുകൾ രൂപപ്പെടുത്തിക്കൊണ്ട് പരമ്പരാഗത സമ്പദ്ഘടനയുടെ ബാക്കി തൊഴിലുകളെ ആവാഹിക്കുമെന്നാണ്. എന്നാൽ 1990

കളുടെ മദ്ധ്യമായപ്പോഴേയ്ക്കും ഈ വിചാരഗതി വ്യാപകമായി. തൊഴിലില്ലായ്മയിലേക്കും വിദ്യാഭ്യാസത്തിനനുസരിച്ചുള്ള തൊഴിൽ ലഭ്യതയില്ലായ്മയിലേക്കും നീങ്ങി. സാമ്പത്തിക വളർച്ചയുള്ള രാജ്യങ്ങളിലും ഇതുതന്നെയായിരുന്നു അവസ്ഥ (സിംഗർ, 1970, ILO-1972).ഇന്നും ഈ സാഹചര്യങ്ങൾ തുടരുകയാണ്.അനൗദ്യോഗിക തൊഴിലുകൾ വികസിത - വികസ്വര രാജ്യങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വികസിത രാജ്യങ്ങളിലും സ്വയംതൊഴിൽ ചെയ്യുന്നവർ തൊഴിൽ ശക്തിയുടെ വലിയൊരു വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നു. അനൗദ്യോഗിക കൂലി തൊഴിലാളികളാണ് മറ്റൊരു ഗണ്യമായ വിഭാഗം. ഔദ്യോഗിക തൊഴിലാളികൾ വളരെ കുറച്ചുമാത്രം. ഈ യാഥാർത്ഥ്യം തൊഴിൽ വിപണിയുടെ പുനർവിചിന്തനത്തിലേക്ക് നമ്മെ എത്തിക്കുന്നു.

**മുന്നോട്ടുള്ള വഴികൾ**

തൊഴിലിനെ മുഖ്യവേദിയിലേക്ക് കൊണ്ടുവരിക.

2000 ൽ 189 രാജ്യങ്ങൾ ഒരുമിച്ച് കൂടി ജനങ്ങളെ കൊടുംദാരിദ്ര്യത്തിൽ നിന്നും വിവിധ തരത്തിലുള്ള വേർതിരിവുകളിൽ നിന്നും സ്വതന്ത്രമാക്കും എന്ന വാഗ്ദാനം നൽകുകയുണ്ടായി. ഈ പ്രതിജ്ഞയാണ് എട്ട് മിലേനിയം ഡെവലപ്പ്മെന്റ് ഗോളുകൾ (MDG) ആയി രൂപാന്തരപ്പെട്ടത്. അത്ഭുതകരമെന്ന് പറയട്ടെ കൂടുതൽ തൊഴിലുകളും മെച്ചപ്പെട്ട തൊഴിലുകളും ഈ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. ഇതിന്റെ ദാരിദ്ര്യവും വിശപ്പും ഇല്ലാതാക്കുക എന്ന ഒന്നാംലക്ഷ്യത്തിൽ ഈ ആവശ്യം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ദാരിദ്ര്യവും വിശപ്പും ഇല്ലാതാകുന്നതിനുള്ള പ്രധാന മാർഗ്ഗം ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കലാണ്. ഈ ന്യൂനതയെ മനസ്സിലാക്കിക്കൊണ്ട് 2005-ലെ ഐക്യരാഷ്ട്ര സംഘടനയുടെ ലോക ഉച്ചകോടിയിൽ, എല്ലാവർക്കും ഉത്പാദനയോഗ്യവും പൂർണ്ണവും മാന്യവുമായ തൊഴിൽ MDG ലക്ഷ്യങ്ങളുടെ വികസന തന്ത്രങ്ങളിൽ കേന്ദ്ര ലക്ഷ്യമായി ചേർക്കണമെന്ന് അംഗത്വ രാജ്യങ്ങൾ ആവശ്യപ്പെട്ടു. അങ്ങനെ എല്ലാവരും ഉത്പാദകവും മാന്യവുമായ തൊഴിൽ, സ്ത്രീകൾക്കും യുവജനങ്ങൾക്കും മുൻഗണന നൽകി ഉറപ്പാക്കുക എന്നത് MDG ലക്ഷ്യങ്ങളിൽ ചേർക്കപ്പെട്ടു.

**സമ്പദ്ഘടനയുടെ പുനരാവിഷ്കരണം**

പരമ്പരാഗതവുംആധുനികവും, ചെറിയതോതിലുള്ളതും വലിയതോതിലുള്ളതും, ഔദ്യോഗികവും അനൗദ്യോഗികവും എല്ലാത്തിനേയും ഉൾക്കൊള്ളുന്ന ഒരു മിശ്ര സാമ്പത്തികഘടനയാണിന്നാവശ്യം. സൂക്ഷ്മ യൂണിറ്റുകൾക്കും സാധാരണ തൊഴിലാളികൾക്കും ബൃഹത്തായ യൂണിറ്റുകളോടും ശക്തരായ സംഘടിതരായ തൊഴിലാളികളോടും ഒപ്പം പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു സാമ്പത്തിക മാതൃക ആയിരിക്കണം ഇത്.

ഈ മാതൃകയിൽ താഴെപ്പറയുന്നവ എല്ലാം സാദ്ധ്യമാക്കപ്പെടണം.

- ആഗോള മൂല്യ വർദ്ധിത ശൃംഖലയിലെ വീടുകേന്ദ്രമാക്കി ഉത്പാദിപ്പിക്കുന്നവർക്ക് ഈ മേഖലയിലെ വൻകിട ഉത്പാദകരുമായി അവരുടെ യഥാർത്ഥ ഓഹരിക്കുവേണ്ടി വിലപേശൽ സാധ്യത ലഭ്യമാവണം.
- വഴിയോര കച്ചവടക്കാർക്ക് വൻകിട, ചെറുകിട മൊത്തവ്യാപാര ശൃംഖലകളോടൊപ്പം പ്രവർത്തിക്കുന്നതിന് സാധ്യമാവണം.
- മാലിന്യം പെറുക്കി ജീവിക്കുന്നവർക്ക് അത് ലഭിക്കുന്നതിനുള്ള പ്രാപ്യതയും മറ്റു വലിയ കമ്പനികളോടൊപ്പം മാലിന്യ സംസ്കരണ പദ്ധതികളിൽ പങ്കാളികളാകുന്നതിനുള്ള സാധ്യതയും ലഭ്യമാവണം.
- അനൗദ്യോഗിക ഗതാഗത തൊഴിലാളികൾക്ക് പൊതു-സ്വകാര്യ ഗതാഗത സംവിധാനങ്ങളോടൊപ്പം നീതിപൂർവ്വക സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിന്.
- ചെറുകിട കർഷകർക്കും കാർഷിക തൊഴിലാളികൾക്കും വൻകിട കർഷകരോടൊപ്പം ന്യായമായി മത്സരിക്കുന്നതിന്.
- ചെറുകിട ഉത്പാദകർക്ക് കയറ്റുമതി വിപണിയിൽ വൻകിട വാണിജ്യ ഉത്പാദകരോട് ന്യായമായ ധാരണകളോടെ സഹകരിക്കുന്നതിന്.

ജൈവ വൈവിധ്യം കുറച്ച് വർഷങ്ങൾക്കുമുൻപ് ലോകം അംഗീകരിച്ചതുപോലെ സാമ്പത്തിക വൈവിധ്യത്തേയും അംഗീകരിക്കേണ്ട സമയമാണിന്ന്. ഇവരണ്ടും സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

***മാർത്ത ആൾട്ടർ ചെൻ*** *WEIGO (സ്ത്രീ തൊഴിലാളികളുടെ അനൗദ്യോഗിക മേഖല ആഗോള ശൃംഖല) അന്തർദ്ദേശീയ കോ-ഓർഡിനേറ്ററാണ്.* ***ജോവാൻ വാനേക്*** *WEIGO സ്റ്റാറ്റിസ്റ്റിക്സ് കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.*

*ഈ ലേഖനത്തിൽ ചെറുകിട രജിസ്റ്റർ ചെയ്യാത്ത സംരംഭങ്ങളെ സൂചിപ്പിക്കുന്നതിന് 'അസംഘടിത മേഖലയ്ക്ക്' പകരം അനൗദ്യോഗിക മേഖലയാണ് ഉപയോഗിച്ചിരിക്കുന്നത്. യാതൊരു തരത്തിലുമുള്ള നിയമസാമൂഹ്യ സുരക്ഷിതത്വമില്ലാത്ത അനൗദ്യോഗിക സംരംഭങ്ങൾക്ക് അകത്തും പുറത്തുമുള്ള തൊഴിലുകളെ സൂചിപ്പിക്കുന്നതിന് 'അനൗദ്യോഗിക തൊഴിൽ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയിൽ 10-ൽ താഴെയുള്ള തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിൽ സംരംഭങ്ങളെ 'അസംഘടിതമേഖല' എന്നാണ് പൊതുവെ വിളിക്കുന്നത്. അന്തർദ്ദേശീയ സ്ഥിതിവിവര കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 'അനൗദ്യോഗിക മേഖല'ക്ക് സമാനമാണ്.

*CITED REFERENCES*


International Labour Organization, 2003.Scope of the Employment Relationship: Report IV. International Labour Conference.91st Session. Geneva: ILO.

2002.Women and Men in the Informal Economy: A Statistical Picture. Geneva, Switzerland: ILO. Written by Marty Chen and Joann Vanek using multi country data analyzed by Jacques Charmes and country studies by Debbie Budlender, Peter Buwembo. Nozipho Shabala. Jeemol Unni. Marge Guerrero, Rodrigo Negrete. Francoise Carre and Joaquin Herranz, Jr.

1993. "Resolution Concerning the International Classification of Status in Employment (ICSE)", adopted by the Fifteenth International Conference of Labour Statisticians. Geneva, Switzerland: ILO.

1993 and 2003.Reports of the International Conference of Labour Statisticians, Geneva:ILO.

1972.Employment, Incomes and Equality: A Strategy for Increasing Productive Employment in Kenya. Geneva: ILO.

ILO-WIEGO database on informal employment htt://www.ilo.org/global/statistics-and-database/WCMS 179795/lang--en/index.htm

Lewis. W.A. 1954."Economic Development with Unlimited Supplies of Labour".Manchester School of Economic and Social Studies, Vol. 23, No.2.

Singer, H.W. 1970. "Dualism Revisited: A New Approach to the Problems of Dual Society in Developing Countries". Journal of Development Studies, Vol.7, No.1, January.

Vanek, J.M. Chen.R.Hussmanns, J. Heintz, and F. Carre. 2012. Women and Men in the Informal Economy: A Statistical Picture. Geneva: ILO and WIEGO.

World Bank. 2012. World Development Report 2013 on jobs. Washington, D.C.: World Bank.

# അസംഘടിത മേഖല തൊഴിലാളി സംഘാടനം: സേവ അനുഭവങ്ങളിലൂടെയുള്ള പാഠങ്ങൾ

*തൊഴിലിന്റേയും തൊഴിൽ ബന്ധങ്ങളുടേയും ധ്രുവീകരണത്തിലൂടെയാണ് മൂലധനത്തിന്റെ വികസനത്തിന് കളമൊരുങ്ങിയത്. എന്നാൽ രണ്ടാം ലോകമഹായുദ്ധാനന്തരകാലം മുതൽ ഇന്നുവരെ വികസ്വരരാജ്യങ്ങളിലെ ഉത്പാദനവും തൊഴിലാളികളും കേന്ദ്രീകരിച്ചിരുന്നത് അസംഘടിത മേഖലയിലാണ്.*



**നളിനി നായ്ക്**

**ഏഷ്യയിലും** മറ്റു വികസ്വരരാജ്യങ്ങളുടെ തൊഴിൽ ശക്തിയിൽ നല്ലൊരു ഭാഗവും അസംഘടിത മേഖലയിലാണ്. ഇന്ന് വികസിത രാജ്യങ്ങളിലും നല്ലൊരു ശതമാനം തൊഴിലാളികൾ അസ്ഥിര തൊഴിലുകളിൽ ഏർപ്പെടുന്നതുകൊണ്ട് സംഘടിത മേഖലക്കു പുറത്താണ്. ഈയൊരു വ്യത്യാസം തൊഴിലിന്റെ സ്വഭാവത്തിൽ മാത്രമല്ല തൊഴിലാളി ബന്ധങ്ങളിലും കാണാൻ കഴിയും. തൊഴിൽ കൂടുതൽ അയഞ്ഞ സ്വഭാവമുള്ളതാകുമ്പോൾ (flexible) തന്നെ തൊഴിൽ ബന്ധങ്ങൾ അദൃശ്യവത്കരിക്കപ്പെടുന്നു. ഈ രീതികളിലൂടെ തൊഴിലുകൾ കൂടുതൽ സ്ത്രൈണവത്ക്കരിക്കപ്പെടുന്നു. ഇവിടെ ധാരാളം സ്ത്രീകൾ തൊഴിൽ ശക്തിയുടെ ഭാഗമാണെങ്കിലും നിലവിലുള്ള കണക്കുകളിലൊന്നും ഇവർ ഉൾപ്പെടുന്നില്ല.



**ഇളാഭട്ട്**

തൊഴിലിന്റേയും തൊഴിൽ ബന്ധങ്ങളുടേയും ധ്രുവീകരണത്തിലൂടെയാണ് മൂലധനത്തിന്റെ വികസനത്തിന് കളമൊരുങ്ങിയത്. എന്നാൽ രണ്ടാം ലോകമഹായുദ്ധാനന്തരകാലം മുതൽ ഇന്നുവരെ വികസ്വരരാജ്യങ്ങളിലെ ഉത്പാദനവും തൊഴിലാളികളും കേന്ദ്രീകരിച്ചിരുന്നത് അസംഘടിത മേഖലയിലാണ്. ഇവർ ഒന്നുകിൽ സ്വയം തൊഴിൽ ചെയ്യുന്നവരായിരിക്കും അല്ലെങ്കിൽ ചെറുകിട മത്സ്യമേഖല, വനവിഭവങ്ങൾ ശേഖരിക്കൽ, പരമ്പരാഗത ഉത്പാദനം, വീടു കേന്ദ്രീകൃത ചെറു സംരംഭങ്ങൾ, ഭക്ഷ്യ ഉത്പാദനം, കൃഷി, കയർ നിർമ്മാണം, വെളിച്ചെണ്ണ നിർമ്മാണം, മറ്റു കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നവരായിരുന്നു. കഴിഞ്ഞ കുറേ ദശകങ്ങളിലായി ഈ തൊഴിലാളികൾ ഉത്പാദന ശൃംഖലകളിലേക്ക് കയറിപ്പറ്റി എങ്കിലും വീട്ടിലിരുന്ന് ഏജന്റുമാർ എത്തിക്കുന്ന വിഭവങ്ങൾക്കനുസരിച്ച് പണിയെടുക്കുന്നവരായിരുന്നു.

ഇവർ രാജ്യത്തിന്റെ മൊത്ത വരുമാനത്തിന് ഗണ്യമായ സംഭാവനകൾ നല്കുമ്പോൾ ഇന്ത്യയിലെ കരകൗശലവസ്തുക്കൾ ഉൾപ്പെടെ പല ഉത്പന്നങ്ങളും ആഗോള പ്രശസ്തവുമാണ്. എന്നാൽ ഈ തൊഴിലാളികൾക്ക് അംഗീകാരമോ മറ്റ് അവകാശങ്ങളോ ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ അവർ യാതൊരു സാമൂഹ്യ-സുരക്ഷാ സംവിധാനങ്ങളിലും ഉൾപ്പെടുന്നില്ല, തന്നെയുമല്ല അദൃശ്യരുമാണ്. ഇത്തരം തൊഴിലാളികളുടെ സംഘാടന ചരിത്രമാണ് സേവ അനുഭവങ്ങൾ.

കഴിഞ്ഞ 25–30 വർഷമായിട്ട് ഇന്ത്യയിൽ ഇത്തരം മേഖലകളെ സംഘടിപ്പിക്കുന്നതിനായി ധാരാളം സംഘടനകളും പ്രസ്ഥാനങ്ങളും രൂപം കൊണ്ടിട്ടുണ്ട്. തങ്ങൾ നേരിടുന്ന അടിച്ചമർത്തലുകൾക്കെതിരേയും ഉപജീവന നിഷേധത്തിനെതിരേയും ഉള്ള ജനങ്ങളുടെ ദ്രുതപ്രതികരണമായിട്ടാണ് ഈ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്. ചിലതൊക്കെ ശക്തമായി മുന്നോട്ടു പോയപ്പോൾ ചിലത് ഇല്ലാതായി. ഉപജീവന പ്രശ്നങ്ങൾ സാമുദായിക/അതാത് സമൂഹ പ്രശ്നങ്ങളായതിനാൽ ഓരോ സമൂഹങ്ങൾക്കും അവരവരുടെ ഉപജീവന മാർഗ്ഗങ്ങളും വിഭവങ്ങളിന്മേലുള്ള പ്രാപ്യതയേയും കൈകാര്യം ചെയ്യുന്നതിനായി അവരുടേതായ ചട്ടക്കൂടുകളും ശീലങ്ങളുമുണ്ട്.പുതിയ ഘടനകൾ രൂപപ്പെടുമ്പോൾ അവ കൂടുതൽ സങ്കീർണ്ണമാകുന്നതിന് സാധ്യതയുണ്ട്. തൊഴിലിന്റെ വിഭജനങ്ങളും പ്രായവ്യത്യാസങ്ങളും അതത് സമൂഹങ്ങളിൽ വ്യ

ത്യസ്ത തരത്തിലാണ് രൂപപ്പെട്ടിരിക്കുന്നത്. സമൂഹങ്ങളെ ഛിന്നഭിന്നമാക്കികൊണ്ട് വില കുറഞ്ഞ തൊഴിലിനെ ഉപയോഗപ്പെടുത്തി ആധുനിക ഭരണകൂടം വിഭവങ്ങളെ കൈയ്യടക്കിക്കൊണ്ടിരിക്കുമ്പോൾ ഉപജീവന മാർഗ്ഗങ്ങൾ നിലനിർത്തണമെങ്കിൽ വ്യത്യസ്ത സംഘാടനങ്ങൾ ഉണ്ടായേ മതിയാവൂ.

**സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ സംഘാടനം**

സേവയുടെ ദേശീയ സ്ഥാപകയായ ഇളാഭട്ടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിൽ സേവയുടെ പ്രവർത്തനം ആരംഭിച്ചത്. ഗുജറാത്തിലെ അഹമ്മദാബാദിലെ തുണിമില്ലിൽ തൊഴിലെടുത്തിരുന്ന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ടാണ് സേവയുടെ പ്രവർത്തനം തുടങ്ങിയത്. തൊഴിലാളി സംഘാടന പ്രവർത്തന പരിചയമുള്ള സാഹചര്യങ്ങളിൽ നിന്നും വന്നതു കൊണ്ടും സംഘാടക എന്ന നിലയിലും ഇളാബെൻ ഇതുപോലുള്ള മറ്റു തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവരെ സംഘടിപ്പിക്കുന്നതിനായി നേതൃത്വം നൽകി. സ്ത്രീകളെ തൊഴിലാളികളായി സംഘടിപ്പിക്കുകയും ഉത്പാദന പ്രക്രിയയിലെ അവരുടെ നിലനില്പ് സാദ്ധ്യമാക്കുന്നതിനുള്ള മറ്റ് സേവന സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇങ്ങനെ അംഗങ്ങൾക്ക് കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പിന്തുണ നല്കി. സഹകരണ സംഘങ്ങളായോ ഉത്പാദക കമ്പനികളായോ സംഘടനകളായോ ഇവ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിച്ചു. സേവയുടെ സംഘാടനത്തിൽ അക്രമ സമരങ്ങൾക്ക് യാതൊരു സ്ഥാനവുമില്ലായിരുന്നു. ഗാന്ധിയൻ ചിന്താധാരയിൽ അധിഷ്ഠിതമായി കൂട്ടായ ചർച്ചയിലൂടെയും വിലപേശലിലൂടേയുമുള്ള പരിഹാരങ്ങളായിരുന്നു ഉണ്ടായിരുന്നത്. യൂണിയൻ സെക്രട്ടറി എന്ന നിലയിലുള്ള തന്റെ നേതൃത്വത്തിലൂടെ ഇളാബെന്നിന് സമാന സ്വഭാവമുള്ള ധാരാളം സ്ത്രീകളെ ഈ പ്രവർത്തനത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. അങ്ങനെ പല സംസ്ഥാനങ്ങളിലും സംഘടനാടിത്തറ രൂപംകൊണ്ടു.

സേവയുടെ 11 തത്വങ്ങളായ പൂർണ്ണതൊഴിൽ, സ്ഥിര വരുമാനം, പോഷകാഹാരം, ആരോഗ്യ പരിരക്ഷ, ഭവനം, ആസ്തിസമ്പാദ്യം, സംഘടിത ശക്തി, സ്വാശ്രയം, നേതൃത്വം, വിദ്യാഭ്യാസം, കുട്ടികളുടെ സംരക്ഷണം എന്നിവയും കൂട്ടായ സംഘാടനതന്ത്രവുമായിരുന്നു അടിസ്ഥാനങ്ങൾ. ഈ കൂട്ടായ സംഘാടനം അവർക്ക് അദ്ധ്വാന ശേഷി മാത്രമല്ല, ഇളാബെൻ എഴുതിയതുപോലെ - ഞങ്ങൾ പാവങ്ങളാണ് പക്ഷേ ഞങ്ങൾ ഒരുപാടുണ്ട്. (ഭട്ട് 2005) അവരുടെ ചെറിയ സമ്പാദ്യങ്ങൾ ഒരുമിച്ചുകൂടി സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നതിനു സാധിച്ചു. ഭരണകൂടം അവരുടെ ആവശ്യങ്ങൾക്ക് നേരെ കണ്ണടക്കുമ്പോൾ സ്ത്രീകൾക്ക് സ്വന്തമായി ഒരു ബാങ്ക് തുടങ്ങുന്നതിനും അവരുടെ മറ്റു സാമ്പത്തിക ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതിനും സഹായകമായി. ഈ സംഘാടനവും കൂട്ടായ പ്രവർത്തനങ്ങളും അവരുടെ ദൃശ്യവത്ക്കരണത്തിലേക്ക് വഴിതെളിച്ചു. സേവയുടെ ഒരു പൊതുയോഗത്തിൽ അവരുടെ നിലനില്പിനെക്കുറിച്ചും അസംഘടിത മേഖലയെക്കുറിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു പ്രതിനിധി സംഘം പ്രധാനമന്ത്രിയെ കാണുന്നതിനും ഈ മേഖലയെക്കുറിച്ച് ഒരു പദവി പഠനം നടത്തണമെന്നാവശ്യം ഉൾപ്പെടുത്തി നിവേദനം നൽകുന്നതിനും തീരുമാനിക്കുകുണ്ടായി. അതിനെ തുടർന്ന് ദേശീയതലത്തിൽ അസംഘടിത തൊഴിൽ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി ഇളാബെൻ അദ്ധ്യക്ഷയായി കൊണ്ടുള്ള കമ്മീഷൻ രൂപവത്ക്കരിക്കപ്പെട്ടു. ഈ കമ്മീഷന്റെ ശ്രമഫലമായിട്ടാണ് 1988-ൽ ശ്രമശക്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടത്. ഉത്പാദകരെന്ന നിലയിൽ സ്ത്രീകൾ സമ്പദ്ഘടനയ്ക്ക് നല്കുന്ന പങ്ക് ആയിരുന്നു ഇതിന്റെ ഉള്ളടക്കം. അസംഘടിത മേഖലയെക്കുറിച്ച് പില്ക്കാലത്തുണ്ടായ എല്ലാ പഠനങ്ങൾക്കും ആധാരമായത് ഈ റിപ്പോർട്ടാണ്. ഇത് അസംഘടിത മേഖലയുടെ സാമ്പത്തിക പങ്കാളിത്തത്തെക്കുറിച്ച് വർദ്ധിച്ച അറിവിന് ഇടയാക്കി. ഈ സൈദ്ധാന്തിക പ്രതിഫലനങ്ങളും, അസംഘടിത മേഖലയിലെ സംഘടനകളുടെ വളർച്ചയുമാണ് 2002-ലെ 2-ാം ദേശീയ തൊഴിൽ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസംഘടിത മേഖലയ്ക്കൊരു സമഗ്രനിയമം (Umbrella Legislation) എന്ന ആശയത്തിലേക്ക് എത്തിയത്. അസംഘടിത മേഖലയുടെ അവകാശങ്ങളെകുറിച്ച് ഒരു നൂതന ചട്ടക്കൂട് ഉണ്ടാക്കുന്നതോടൊപ്പം ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന വിഭവങ്ങളുടെ മേലുള്ള പരമ്പരാഗത പ്രാപ്യതാ അവകാശങ്ങളും അംഗീകരിക്കപ്പെട്ടു. രണ്ടാം ദേശീയ തൊഴിലാളി കമ്മീഷൻ റിപ്പോർട്ടിന്റെ പരിണിതഫലം വളരെ അപകടകരമായ നിയമനിർമ്മാണമായിരുന്നു. എങ്കിലും അസംഘടിത മേഖലയുടെ സാമ്പത്തിക സംഭാവനകൾ അംഗീകരിക്കപ്പെട്ടുകൊണ്ട് അവരുടെ ആവശ്യങ്ങൾക്ക് കാര്യമായ ദൃശ്യത ഈ പ്രക്രിയയിലൂടെ സാധിച്ചു.

*സേവയുടെ ദേശീയ സ്ഥാപകയായ ഇളാഭട്ടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിൽ സേവയുടെ പ്രവർത്തനം ആരംഭിച്ചത്. ഗുജറാത്തിലെ അഹമ്മദാബാദിലെ തുണിമില്ലിൽ തൊഴിലെടുത്തിരുന്ന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ടാണ് സേവയുടെ പ്രവർത്തനം തുടങ്ങിയത്.*

ഗുജറാത്തിൽ സേവ തങ്ങളുടെ 11 ലക്ഷ്യങ്ങൾ സാദ്ധ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. തൊഴിലാളി ഗവേഷണ കേന്ദ്രം, പരിശീലന

*ഓരോ മേഖലയിലും സ്ത്രീതൊഴിലാളി കളുടെ അംഗത്വം വർദ്ധിക്കുന്ന സ്ഥിതിയിൽ പല സംസ്ഥാനങ്ങളിലും യൂണിയൻ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അങ്ങനെ കേന്ദ്ര ട്രേഡ് യൂണിയൻ പദവി ലഭിക്കുന്നതിനായി നടപടികൾ തുടങ്ങുകയും ചെയ്തു.*

കേന്ദ്രം, തൊഴിലാളി അനുഭവങ്ങളുടെ ദൃശ്യ ശ്രവ്യ രേഖപ്പെടുത്തൽ തുടങ്ങിയവ സാധാരണക്കാരായ സ്ത്രീകളുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തു. സേവ കരകൗശല, ഭക്ഷ്യ ഉല്പന്നങ്ങൾക്ക് തനതു വില്പന നാമങ്ങൾ രൂപപ്പെടുത്തി സ്ത്രീ സാഹോദര്യത്തിലൂടെ പ്രാദേശിക തലത്തിൽ തങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തി വരുന്നു. ഈ സ്ത്രീതൊഴിലാളികൾക്ക് പ്രവർത്തനങ്ങളുടെയെല്ലാം ഗ്രാഹ്യം പകർന്നുകൊണ്ട് അവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്ന സ്ഥാപനങ്ങളായി ഓരോന്നും വികസിപ്പിച്ചെടുത്തു. സാമൂഹ്യ തൊഴിലാളി സംഘാടനത്തിന്റെ യാഥാർത്ഥ്യമാണിത്.

1980-കളുടെ ആരംഭത്തിൽ മധ്യപ്രദേശ് സേവ രൂപം കൊണ്ടു. ബീഡിയില പെറുക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചു തുടങ്ങി മറ്റ് മേഖലകളിലേക്ക് കടന്നു. കേരളത്തിലെ സേവ പ്രവർത്തനങ്ങളുടേയും വേരുകൾ രൂപപ്പെട്ടത് 1980-കളുടെ മദ്ധ്യത്തിലാണ്. ആദ്യ കാലഘട്ടങ്ങളിൽ ഇവിടുത്തെ അംഗങ്ങൾ നേരിട്ട് ഗുജറാത്ത് യൂണിയന്റെ അംഗങ്ങളായിരുന്നു. 2008-ൽ കേരളത്തിൽ യൂണിയൻ രജിസ്ട്രേഷൻ തുടങ്ങുന്നതുവരെ ഇതു തുടർന്നു. ആദ്യഘട്ടങ്ങളിൽ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടത് എങ്കിലും പിന്നീട് മത്സ്യവിപണന തൊഴിലാളികൾ, ഈറ്റ തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ തുടങ്ങിയവരുടെ വിഷയങ്ങൾ ഏറ്റെടുത്തു.

ചില ഗവൺമെന്റുകളും വ്യക്തികളും മറ്റു സംസ്ഥാനങ്ങളിലേക്ക് സേവ വ്യാപിപ്പിക്കുന്നതിനായി ക്ഷണിക്കുകയുണ്ടായി. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും വടക്കേ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും സേവ പ്രവർത്തനങ്ങൾ സജീവമായി. 2010 ആയപ്പോഴേക്കും സേവ പലതരം തൊഴിലുകൾ ചെയ്യുന്ന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ഉല്പാദന വിപണി സാദ്ധ്യതകൾ ഉറപ്പിച്ച് ഒരു ആൽ വൃക്ഷം പോലെ പടർന്നു പന്തലിച്ചു. ഇതിനെല്ലാം ഉപരിയായി ഈ സ്ത്രീകൾക്കെല്ലാം തൊഴിലാളികളെന്ന അംഗീകാരവും പല സംസ്ഥാനങ്ങളും അവർക്ക് മിനിമം വേതനം പ്രഖ്യാപിക്കുന്നതിന് തുടങ്ങുകയും അവരുടെ ക്ഷേമത്തിനായി പല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. ഓരോ മേഖലയിലും സ്ത്രീ തൊഴിലാളികളുടെ അംഗത്വം വർദ്ധിക്കുന്ന സ്ഥിതിയിൽ പല സംസ്ഥാനങ്ങളിലും യൂണിയൻ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അങ്ങനെ കേന്ദ്ര ട്രേഡ് യൂണിയൻ പദവി ലഭിക്കുന്നതിനായി നടപടികൾ തുടങ്ങി. സ്ത്രീകളിലും അസംഘടിതമേഖല തൊഴിലാളികളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതുകൊണ്ട് മറ്റു പല കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും എതിർപ്പ് നേരിടേണ്ടി വന്നു. അവസാനം ഇന്ത്യൻ ലേബർ കോൺഗ്രസ്സിൽ (തൊഴിൽ വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഔദ്യോഗിക ത്രിതല സംവിധാനം) സേവയ്ക്ക് പ്രാതിനിധ്യം ലഭിച്ചു. ഈ അവസരത്തിൽ ഗാർഹിക തൊഴിലാളികളുടെ വിഷയം ലേബർ കോൺഗ്രസ്സിൽ ഉയർത്തുന്നതിന് സേവ മുൻകൈ എടുത്തു. ലോകമെമ്പാടുമുള്ള തൊഴിലാളികൾ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ തൊഴിലാളി സംഘടന (ILO) യിൽ മുറവിളി കൂട്ടുമ്പോൾ മറ്റു മുഖ്യധാരാ ട്രേഡ് യൂണിയനുകളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് കൊണ്ടുവരികയും എല്ലാവരും കൂടി ചേർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ കൺവൻഷൻ അംഗീകരിക്കേണ്ട എന്ന തീരുമാനത്തെ മാറ്റുന്നതിന് സമ്മർദ്ദം ചെലുത്തി. അങ്ങനെ 2011-ൽ നടന്ന കോൺഫറൻസിൽ ഗാർഹിക തൊഴിലാളി കൺവൻഷൻ ഇന്ത്യയും ഒപ്പുവച്ചു. ഗുജറാത്തിലും കേരളത്തിലും ഗാർഹിക തൊഴിലാളികളുടെ കൂട്ടായ സംഘാടനം എങ്ങിനെയാണ് അംഗീകാര പ്രക്രിയയിലേക്ക് നയിക്കുന്നതെന്നും വളരെ സങ്കീർണ്ണമായ ഗാർഹിക തൊഴിലാളി-തൊഴിൽദാതാവ് ബന്ധത്തേയും വീടെന്ന സ്വകാര്യ തൊഴിലിടത്തേയും ദൃശ്യവല്ക്കരിച്ചുകൊണ്ട് തെളിയിച്ചു കഴിഞ്ഞു. ഗാർഹിക തൊഴിലാളികൾക്ക് സമഗ്രമായ നിയമനിർമ്മാണം ലഭിക്കുന്നതിനുള്ള പോരാട്ടങ്ങൾ നടന്നുകൊണ്ടിരുന്നു.

ആഗോളതലത്തിലും അസംഘടിത മേഖലയെക്കുറിച്ചുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്നതിനും അനൗദ്യോഗിക തൊഴിലാളികളുടെ അന്തർദ്ദേശീയ വേദികൾ രൂപീകരിക്കുന്നതിന് നിർണ്ണായക നേതൃത്വം എടുക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയെക്കുറിച്ചുള്ള പല സുപ്രധാന നിലപാടുകളും ഈ വേദിയിലൂടെ നയരൂപീകരണ ചർച്ചകളിലേക്കു നീങ്ങിയിട്ടുണ്ട്. ILO മൂന്ന് ദശാബ്ദങ്ങൾക്കു മുൻപ് അസംഘടിത മേഖല എന്ന ആശയം മുമ്പോട്ടു വയ്ക്കുകയും ഈ മേഖലയിലെ തൊഴിലാളികൾക്ക് അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കുക എന്ന പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവർക്കുള്ള 177-ാം കൺവൻഷനും മറ്റ് അന്തർദ്ദേശീയ ശൃംഖലകളായ സ്ട്രീറ്റ് നെറ്റ് (വഴിയോര കച്ചവടക്കാരുടെ അന്തർദ്ദേശീയ ശൃംഖല), ഹോം നെറ്റ് (വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവരുടെ അന്തർദ്ദേശീയ ശൃംഖല) തുടങ്ങിയവയെല്ലാം ഈ സ്ഥാപനത്തിന്റെ ഭാഗമായി നടന്നു. അനൗദ്യോഗിക തൊഴിൽ മേഖലയിലെ സ്ത്രീകളുടെ ആഗോള സംഘാടനവും ഗവേഷണവും കേന്ദ്രീകരിക്കുന്ന WIEGO യുടെ രൂ

പീകരണവും ഈ സമയം തന്നെയായിരുന്നു. 2011 ലെ അന്തർദ്ദേശീയ തൊഴിലാളി കോൺഫറൻസിൽ 'ഗാർഹിക തൊഴിലാളികൾക്ക് അന്തസ്സുള്ള തൊഴിൽ' എന്ന 189-ാം നമ്പർ കൺവൻഷൻ പാസ്സാക്കപ്പെടുന്നതിന് ഈ സംഘടനാ ശൃംഖലകളെല്ലാം പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്.

പല മുഖ്യധാരാ ട്രേഡ് യൂണിയൻ സംഘടനകൾക്കും ഈ പ്രക്രിയകൾ അംഗീകരിക്കാൻ മടിയായിരുന്നു. അസംഘടിത മേഖലയിലേക്കുള്ള ശ്രദ്ധ ആഗോളവത്ക്കരണ പ്രക്രിയയിൽ ശുഷ്ക്കിക്കുന്ന സംഘടിത മേഖലയുടെ പ്രാധാന്യം കുറക്കും എന്ന ആശങ്കയും അവർക്കുണ്ടായിരുന്നു. സേവയുടെ സംഘടനാ ശക്തി അംഗീകരിക്കേണ്ടി വരുമ്പോൾ മുന്നോട്ട് പോക്ക് വ്യത്യസ്ത തലങ്ങളിലൂടെയാണ്. കൂട്ടായ സംഘാടനം, വിവരശേഖരണം, ദൃശ്യവത്ക്കരണം, നയരൂപീകരണത്തിൽ നിന്നും നിയമനിർമ്മാണവും ഈ മേഖലക്ക് വേണ്ട സാമ്പത്തിക സ്രോതസ്സുകൾ വരെ ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

2009ൽ സേവക്ക് കേന്ദ്ര ട്രേഡ് യൂണിയൻ പദവി ലഭിച്ചു. കേന്ദ്ര ട്രേഡ് യൂണിയൻ എന്ന നിലക്ക് അസംഘടിത മേഖല വ്യവഹാരങ്ങളും സ്ത്രീകളുടെ പ്രശ്നങ്ങളും തൊഴിലാളി ചർച്ചകളിലേക്ക് കൊണ്ടുവരുക എന്ന വലിയ ഉത്തരവാദിത്വമുണ്ട്. പുരുഷ കേന്ദ്രീകൃത ഔദ്യോഗിക ഘടനകൾക്കുള്ളിൽ ഈ വിഷയങ്ങൾ ഉയർത്തുക ശ്രമകരമാണ്. അസംഘടിത മേഖലയിലേക്കുള്ള ചെറിയ പദ്ധതികളെപ്പോലും അംഗത്വമാക്കി മാറ്റുന്നതിനുള്ള ശ്രമത്തിലാണ് ട്രേഡ് യൂണിയനുകൾ. എന്നാൽ തൊഴിൽ ക്രമീകൃതമാക്കുന്നതും മറ്റു മേഖലകളെപ്പോലെ സാമൂഹ്യ സുരക്ഷിതത്വ സംവിധാനങ്ങൾ ലഭ്യമാക്കുന്ന തൊഴിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതും ഈ മേഖലയുടെ അവകാശമാണ്. അസംഘടിത മേഖലയുടെ ഉപജീവനത്തിനുള്ള അവകാശം തൊഴിലാളി സംഘടനകളുടെ പ്രധാന ഉത്തരവാദിത്വമാണ്. ജനങ്ങൾക്ക് അവരുടെ ഉല്പാദനത്തിന്മേലും ആവശ്യങ്ങൾക്കുംമേൽ നിയന്ത്രണം ഉണ്ടാകുകയും ഇവ പരസ്പരം പിന്തുണയ്ക്കുന്ന അവസ്ഥ ഉണ്ടാകുന്നതിനെ മുതലാളിത്തത്തിനു ബദലായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. (ഐക്യദാർഢ്യസമ്പദ്ഘടന).

**വെല്ലുവിളികൾ**

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സംഘാടനത്തിന് ഉള്ളിൽ നിന്നും പുറത്തുനിന്നും വെല്ലുവിളികൾ നേരിടേണ്ടതുണ്ട്. മേഖലയുടെ വിശാലത, സ്ഥൂല സാമ്പത്തിക പ്രക്രിയയെക്കുറിച്ചുള്ള മനസ്സിലാക്കലുകൾ ഇവയെല്ലാം ഇതിലുൾപ്പെടും. അത്ര ആഴത്തിലുള്ള പ്രതിസന്ധി വരുമ്പോഴേ സംഘാടനത്തിന്റെ മുളകൾ പൊന്തി വരികയുള്ളൂ. ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ സംഘാടനത്തിലേക്കും നേതൃത്വത്തിലേക്കും വഴിതെളിക്കുന്നു. സേവയുടെ എക്കാലത്തേയും ഇടപെടൽ ഈ വിധത്തിലായിരുന്നു. ഇത്തരം വിഷയങ്ങളെ ക്രിയാത്മക പ്രവർത്തനത്തിലേക്ക് നയിക്കും. കുഴൽ കിണറിൽ വെള്ളമില്ലെങ്കിൽ സ്ത്രീകൾ അത് സ്വയം നന്നാക്കാൻ പഠിക്കുക, സമ്പത്തിൽ പ്രാപ്യതയില്ലെങ്കിൽ സ്വന്തം സമ്പാദ്യങ്ങൾ കണ്ടെത്തി സൂക്ഷ്മ സാമ്പത്തിക സംരംഭങ്ങൾ സൃഷ്ടിക്കുക, ബാങ്കില്ലാത്ത മേഖലകളിൽ ബാങ്കിംഗ് സർവ്വീസ് തുടങ്ങുക, കൂട്ടായ സംഘാടനത്തിലൂടെ മെച്ചപ്പെട്ട വിപണിക്കുവേണ്ടി വിലപേശുക- ഇതിലൂടെ തൊഴിലാളി അവകാശങ്ങളെക്കുറിച്ച് ബോധ്യമുണ്ടാക്കുക എന്നിവയാണ് സേവ പിന്തുടരുന്ന ശൈലി. തൊഴിലാളികളുടെ വൈദഗ്ദ്ധ്യശേഷി വർദ്ധിപ്പിച്ച് ഉത്പാദന മേഖലയിൽ കണ്ണിചേർത്ത് അവരെ സ്വന്തം കാലിൽ നിർത്തുന്ന പ്രക്രിയയാണിത്. രണ്ടാംനിരയെ നേതൃത്വത്തിലേക്ക് കൊണ്ടുവരേണ്ട ഉത്തരവാദിത്വം ഇവർക്കാണ്. സ്ത്രീ തൊഴിലാളികളെ അവരുടെ തൊഴിലിന്റെയും കുടുംബ ഉത്തരവാദിത്വത്തിന്റേയും ഇടയിൽ മീറ്റിംഗുകൾക്കും പരിപാടികൾക്കും കൊണ്ടുവരിക ശ്രമകരമാണ്. വളരെ ശ്രദ്ധയോടെ ഇത്തരം അവസരങ്ങൾ സൃഷ്ടിച്ചേ മതിയാകൂ. സ്ത്രീകൾ മാത്രമുള്ള ഈ ഘടനയ്ക്കുള്ളിലും ഇത്തരം ജനാധിപത്യ സംവിധാനങ്ങൾ ക്രിയാത്മകമായി നിലനിർത്തിക്കൊണ്ട് പോവുക ശ്രമകരവും സമയം എടുക്കുന്നതുമായ പ്രക്രിയയാണ്. ഇതാണ് സേവയുടെ വെല്ലുവിളി. ഇളാബെൻ, അടുത്ത തലമുറയെ വിശ്വസിച്ച് നേതൃത്വം വളരെ സന്തോഷകരമായി കൈമാറിയിരിക്കുന്നു.. യൂണിയൻ എന്ന നിലവിലുള്ള രാഷ്ട്രീയ പ്രക്രിയയും ക്രിയാത്മകമായ നിലനില്പ് സാദ്ധ്യമാക്കുന്ന പ്രക്രിയയും ഒരുമിച്ച് കൊണ്ടുപോവുക വളരെ വെല്ലുവിളികൾ നിറഞ്ഞതും പരസ്പരം യോജിക്കാത്തതുമായ നിലപാടാണ്.. സേവയുടെ ഈ ഇടപെടൽ ട്രേഡ് യൂണിയൻ സ്വഭാവത്തെ ചിലപ്പോൾ മറയ്ക്കുന്നതായി തോന്നും. എന്നാൽ ഈ ദ്വിമുഖ തന്ത്രം അംഘടിത മേഖലയിലെ തൊഴിലാളികളുടെ നിലനില്പിന് അത്യന്താപേക്ഷിതമാകുമ്പോൾ അതിന്റെ സമരമുഖങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. കേന്ദ്ര ട്രേഡ് യൂണിയനായിട്ടും അടുത്ത കാലംവരെ തൊഴിലാളികളെ ബാധിക്കുന്ന പല ദേശീയ വിഷയങ്ങളിലും സേവ മൗനം പാലിക്കുകയും മുഖ്യധാരാ യൂണിയനുകളിൽ നിന്ന് അകന്ന് നില്ക്കുകയും ചെയ്തിരുന്നു. എന്നാൽ ശക്തമായ ട്രേഡ് യൂണിയൻ സാന്നിദ്ധ്യമുള്ള കേരളത്തിൽ സ്ത്രീ തൊഴിലാളികളുടെ വിഷയങ്ങൾ മുഖ്യധാരാ തൊഴിലാളി ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ സേവക്ക് സാധിക്കുന്നു. ഇപ്പോൾ ദേശീയ തലത്തിലും ഈ പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. അസംഘടിത മേഖലയുടെ ദ്രുതസംഘാടനം കാലത്തിന്റെ ആവശ്യമാണ്. ഇത് അത്ര എളുപ്പമല്ലെങ്കിലും കൂടുതൽ ശ്രദ്ധയും വിശാല ഐക്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും ഈ മേഖലയുടെ ശബ്ദത്തെ ശക്തമാക്കാൻ അത്യാവശ്യമാണ്.

*(നളിനി നായ്ക് - അസംഘടിത മേഖല തൊഴിലാളികളുടെ അവകാശപോരാട്ടങ്ങൾക്ക് അന്തർദേശീയ-ദേശീയ തലത്തിൽ നേതൃത്വം വഹിച്ചു വരുന്നു. സേവാ ഭാരത് ജനറൽ സെക്രട്ടറിയും സേവ കേരളയുടെ സ്ഥാപകയുമാണ്.)* ●





**മീന ഗോപാൽ**

# അദ്ധ്വാനത്തിൻെറ സാമൂഹ്യപദവി: ജാതി, ലിംഗപദവി,തൊഴിൽ

*ഗാർഹികജോലിയെന്നത് പൂർണ്ണമായും സ്ത്രീകളുടെ പ്രാഥമിക ഉത്തരവാദിത്തമായി, പ്രത്യേകിച്ചും വിവാഹം, മറ്റു പരിചരണസേവന കാര്യങ്ങൾ എന്നിവക്കുള്ളിലെ കടമ എന്ന നിലയിൽ മനസ്സിലാക്കപ്പെടുന്നതിനാൽ, ഈ ജോലിയുടെ വിനിമയ മൂല്യമേതാണ്ട് പൂർണ്ണമായും എടുത്തുകളയപ്പെട്ടിരിക്കുന്നു.*



**ഗാർഹികജോലികളുടെ** മൂല്യമില്ലായ്മ തൊഴിലിന്റെ ലിംഗപദവിയുമായി ബന്ധപ്പെട്ടു ധാരാളം ചർച്ച ചെയ്യപ്പെട്ടതാണ് പ്രത്യേകിച്ചും വീടിനകത്തെ ജോലികളുടെ പശ്ചാത്തലത്തിൽ. ഇത്രയധികം സാമൂഹ്യമായ ആവശ്യമുണ്ടായിട്ടുംഗാർഹികജോലി ഇപ്പോഴും അങ്ങേയറ്റം മോശമായ അവസ്ഥയിൽ ഉള്ളതും ചൂഷണവിധേയവും സമൂഹത്തിലെ പ്രാന്തവല്ക്കരിക്കപ്പെട്ട സ്ത്രീകൾക്ക് മാത്രമായി കരുതപ്പെട്ടിട്ടും ഉള്ളതാണ്. ഗാർഹികജോലിയെന്നത് പൂർണ്ണമായും സ്ത്രീകളുടെ പ്രാഥമിക ഉത്തരവാദിത്വമായി, പ്രത്യേകിച്ചും വിവാഹം, മറ്റു പരിചരണസേവന കാര്യങ്ങൾ എന്നിവയ്ക്കുള്ളിലെ കടമ എന്ന നിലയിൽ മനസ്സിലാക്കപ്പെടുന്നതിനാൽ, ഈ ജോലിയുടെ വിനിമയ മൂല്യമേതാണ്ട് പൂർണ്ണമായും എടുത്തുകളയപ്പെട്ടിരിക്കുന്നു. ഗുള്ളിമാനെ ഉദ്ധരിച്ചുകൊണ്ട് സംഗാരി(1993) ഇപ്രകാരം പറയുന്നു. ‘പണംകൊണ്ടോ മറ്റു ഭൗതികമായ കാര്യങ്ങൾ കൊണ്ടോ അളക്കാൻ കഴിയാത്തത് എന്ന മട്ടിൽ ദീർഘകാലമായി നിലനിൽക്കേണ്ടുന്ന വ്യക്തിബന്ധത്തിൽ ‘ഗാർഹികജോലി ചിട്ടപ്പെടുത്തിയിട്ടുള്ളതുകൊണ്ടുതന്നെ, ജോലിക്ക് വേതനമില്ലാത്ത അവസ്ഥ ന്യായീകരിക്കപ്പെടുന്നു.’ സ്ത്രീയുടെ ഈ പ്രവർത്തനങ്ങൾ മനുഷ്യരാശിയുടെ തന്നെ ഗുണത്തിന് എന്നാണ് വിവക്ഷിക്കപ്പെടുന്നത്. കൂടാതെ പിതൃദായക ക്രമങ്ങൾ വ്യക്തിബന്ധങ്ങളെ ചൂഷണസ്വഭാവമുള്ളതാക്കുന്നു. പ്രണയം, ലൈംഗീകത, പരിചരണം തുടങ്ങിയ ബന്ധങ്ങളുടെ പരിസരത്താണ് ഇത് സാദ്ധ്യമാവുന്നത്. ഈ ചൂഷണ സ്വഭാവം ഇതിന്റെ അടിസ്ഥാനമാണ്. സ്വാർത്ഥരഹിതമായ അർപ്പണം, ത്യാഗം, ആനന്ദം, ജോലിയെ സ്നേഹിക്കുന്നവർ തുടങ്ങിയ സൈദ്ധാന്തിക പരിസരങ്ങളിലാണ് ചരിത്രപരമായി സ്ത്രീകൾ ചെയ്തുവരുന്ന ഗാർഹികജോലികളെ മനസ്സിലാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികജോലികളുടെ ചൂഷണസ്വഭാവത്തേയും അതിന്റെ മൂല്യമില്ലായ്മയേയും കുറിച്ച് വേണ്ടത്ര ശ്രദ്ധ ലഭിച്ചിട്ടുമില്ല. ഗാർഹികതൊഴിലും ജാതിബന്ധിതബോണ്ടട്ലേബറും തമ്മിൽ സൈദ്ധാന്തികപരമായ അല്ലെങ്കിൽ സാമ്പത്തികേതരമായ നിർബന്ധിത ബന്ധമുണ്ട് എന്ന് കാണാം. ഗാർഹികജോലി, വിവാഹം, കുടുംബം, വീടകം തുടങ്ങിയ കാര്യങ്ങളുമായി ചേർന്ന് നിൽക്കുന്നു. ഇവയെല്ലാം ഉത്പാദനത്തിന്റെ മാത്രമല്ല, സാമൂഹ്യഉത്പാദനത്തിന്റെ

സംഘാടനത്തേയും നിയന്ത്രണത്തേയുംതീരുമാനിക്കുന്നു.

**പലതരത്തിലുള്ള നിയന്ത്രണങ്ങൾ**

തൊഴിലിനെ ജാതിനിലയുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ നിർബന്ധിതജോലിക്കായുള്ള കർക്കശ്യങ്ങളും സേവിത സ്വഭാവമുള്ളതും വിലകുറഞ്ഞതും ഹീനമായതുമായ ജോലികൾ ദളിതർ നഗരങ്ങളിലും ഗ്രാമങ്ങളിലും നിരന്തരം ചെയ്യേണ്ടിവരുന്നതിലും തൊട്ടു കൂടായ്മയ്ക്ക് സവിശേഷ ഭാഗധേയം ഉണ്ടെന്ന് കാണാം. വീടകങ്ങളിൽ മേൽജാതിസ്ത്രീകളുടെ മേലുള്ള നിയന്ത്രണങ്ങളിൽ നിന്ന് വ്യത്യസ്തമായി ദളിത്സ്ത്രീകൾ അവരുടെ പുരുഷന്മാരോടൊപ്പം പണ്ടേ പൊതുതൊഴിലിൽ ഉള്ളവരാണ്. സ്ത്രീകൾ ചെയ്യുന്ന തൊഴിലിന് സമ്പദ്ഘടനയിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യത്തിന് ഉപരിയായി കീഴ്ജാതി സ്ത്രീകൾ ചെയ്യുന്ന തൊഴിലിനും തൊഴിലെടുക്കുന്ന അവർക്കുതന്നെയും കുറഞ്ഞ, താഴ്ന്ന സ്വഭാവമുള്ളതും കൂടുതൽ സമയത്തും അപമാനകരവുമായ നിലയാണ് ഉള്ളത്. കുടുംബത്തിനകത്ത് മേൽജാതി സ്ത്രീകളുടെ ശരീരത്തിന്മേലുള്ള അധികാരത്തിൽ നിന്നും വളരെ വ്യത്യസ്തമാണ് കീഴ്ജാതി സ്ത്രീകളുടെമേലുള്ള അധികാരത്തിന്റെ സ്വഭാവം. കാരണം അവർക്ക് ഈ തൊഴിൽ എന്നത് പരിപൂർണ്ണമായും ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ്. ഇവരുടെ മേലുള്ള അധികാരം നിലനിറുത്തപ്പെടുന്നത് അവരുടെ ലൈംഗികതയെ നിർബന്ധിതമായ കടന്നുകയറ്റങ്ങൾക്ക് സാദ്ധ്യമാകുന്ന നിലയിൽ നിർമ്മിച്ചുകൊണ്ടും അയഞ്ഞ ലൈംഗികത അവരുടെ മേൽ വിഭാവനം ചെയ്തുകൊണ്ടുമാണ്. ഈ അർത്ഥത്തിൽ അവരുടെ ലൈംഗികത എല്ലാ ജാതിയിലേയും പുരുഷന്മാർക്ക് പ്രാപ്യമാണ് എന്ന് വരുന്നു. ഇപ്രകാരം ഒരു ലൈംഗിക ചൂഷണത്തിന്റെ ഭീതിയുണർത്തി ദളിത്സ്ത്രീകളുടെ സാമൂഹ്യപരമായ ഉത്പാദന പ്രവർത്തനം സമുദായത്തിന് ഉറപ്പുവരുത്തുന്നു.



ജാതികളുടെ ഇടയിലുള്ള വ്യത്യാസം അനുസരിച്ച് ഗാർഹിക തൊഴിലാളികൾ നിർദ്ദേശിക്കപ്പെടുന്ന പ്രവർത്തികളും വ്യത്യാസപ്പെടുന്നു. ഇത് പൂർണ്ണമായും ശുദ്ധി അശുദ്ധികളുടെ അനുഷ്ഠാനങ്ങളെ ആശ്രയിച്ച് ഇരിക്കുന്നു. അതോടൊപ്പം ഗാർഹികതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ നിലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് സ്വാഭാവികമായും മേൽജാതി സ്ത്രീകളും ഗാർഹികജോലി ചെയ്യുന്ന കീഴ്ജാതിയിൽപ്പെട്ട സ്ത്രീ പുരുഷന്മാരും തമ്മിലുള്ള ബന്ധത്തെ സൃഷ്ടിക്കുന്നു. ഫ്യൂഡൽ ബന്ധങ്ങളിൽ ഗാർഹികജോലി എന്നത് കാർഷികതൊഴിലാളിയുടെ ജോലിയുടെ ഒരു തുടർച്ച എന്ന നിലയിലായിരുന്നു. സ്വാഭാവികമായും ഈ തൊഴിലാളി ഒരു അയിത്ത ജാതിക്കാരൻ ആയിരിക്കും. ദളിത്സ്ത്രീകളും കുട്ടികളും ആയിരുന്നു ഈ തൊഴിലിന്റെ ഭൂരിഭാഗവും ചെയ്തിരുന്നത്. കുടുംബ സമ്പദ്ഘടനയ്ക്ക് ഒരു വലിയ സംഭാവന ദളിത്സ്ത്രീകളുടെ ഗാർഹികതൊഴിൽ വഴിയും ലഭിച്ചിരുന്നു.

കീഴ്ജാതി സ്ത്രീകൾ ചെയ്യുന്ന ഗാർഹിക തൊഴിലിലും മറ്റ് പാർശ്വവൽകൃതജോലികളിലും ഈ ഹീനാവസ്ഥ ബന്ധപ്പെടുത്തുന്നത് – ഈ ജോലിചെയ്യുന്ന സ്ത്രീകളെ മോശം സ്ത്രീകളായി കണ്ടുകൊണ്ടും ഇവർക്ക് നല്ല സൃഷ്ടിക്കുള്ള ഗുണങ്ങൾ ഇല്ലാത്തവരുമായി ചിത്രീകരിച്ചു കൊണ്ടുമാണ്. പിതൃദായക ക്രമങ്ങൾക്കുള്ളിൽ ഇത് പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങളുമില്ല. ഗാർഹികഇടങ്ങളിലെ ഉരസലുകൾ അതായത് ഇവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിൽ ഉള്ളടങ്ങിയിരിക്കുന്ന ചില വിലപേശൽ സാധ്യതകൾ ഇവർക്ക് ചിലതരം അധികാരങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഇത് മിക്കപ്പോഴും ഗാർഹികതൊഴിലിന്റെ സൈദ്ധാന്തിക പരിസരങ്ങളായ സ്നേഹം, ത്യാഗം, പരിചരണം തുടങ്ങിയവക്ക് ഉള്ള സ്വാധീനം മൂലമാണ് സാധ്യമാകുന്നത്. ഗാർഹികജോലി എന്നത് ചീത്ത സ്ത്രീയെക്കുറിച്ചുള്ള നേരിട്ടും അല്ലാത്തതുമായ തെറ്റായ രീതിയിലുള്ള സാമൂഹ്യ ഉൾപ്പാനത്തിന് കാരണമാകുന്നു. അതും ഇവരുടെ തൊഴിൽശേഷിയെ നിരന്തരം ചൂഷണം ചെയ്തു കൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്.

ചില പ്രത്യേകതരം പ്രാന്തവൽകൃതതൊഴിലിനായി നിർബന്ധിക്കപ്പെടുന്ന സ്ത്രീകൾ കൂടുതൽ ശക്തിയായി പാർശ്വവൽക്കരണത്തിന് വിധേയമാകുന്നു. വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, ലൈംഗികതൊഴിലാളികൾ, വർക്കിംഗ് ക്ലാസ് സ്ത്രീകൾ, അന്യസംസ്ഥാന തൊഴിലാളികൾ, ജാതിബദ്ധതൊഴിലിലുള്ള കീഴ്ജാതിസ്ത്രീകൾ തുടങ്ങിയവർ ലിംഗപദവി ബന്ധങ്ങളാലും തൊഴിലിന്റെ വിലക്കുറവുകാരണത്താലും പല തട്ടുകളിലായി നിലകൊള്ളുന്നു. കുടുംബപരവും സാമൂഹ്യവുമായ മേൽക്കോയ്മകൾസ്ത്രീകളുടെ തൊഴിലിനെ നിരന്തരം ചൂഷണം ചെയ്യുകയും അവരുടെ തൊഴിൽ വിപണിയെ ശിഥിലീകരച്ച് നിലനിറുത്തുകയും ചെയ്യുന്നു.

ഉത്പാദനപരവും ഉത്പാദനപരമല്ലാത്ത ലൈംഗികതയും തൊഴിലിലേയ്ക്ക് പ്രവേശിക്കുകയോ പ്രവേശിക്കാതിരിക്കുകയോചെയ്യുന്ന സ്ത്രീകളും തമ്മിലുള്ള വ്യത്യസ്തതഗാർഹിക ഇടത്തിലെ ചീത്ത സ്ത്രീകൾ എന്ന സങ്കല്പവും ആയി ബന്ധപ്പെട്ടിരിക്കുന്നു. ഇപ്പോള

*ശേഷം പേജ് 26ൽ*







പി.ഇ. ഉഷ

# ആദിവാസി സ്ത്രീ– തൊഴിൽ, ജീവിതം

**കായികമോ** മാനസികമോ ആയ അദ്ധ്വാനങ്ങൾക്ക് പ്രതിഫലം വാങ്ങുന്ന രീതി ആദിവാസി സംസ്ക്കാരത്തിന് പരിചിതമല്ല. കുടുംബമൊന്നിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുക, വീടുണ്ടാക്കുക, വീട്ടുജോലികൾ നടത്തുക എന്നിങ്ങനെയാണ് അവരുടെ ജീവിതം. വിവാഹത്തിനുമുൻപ് വരൻ, കാർഷിക, ഗാർഹികവൃദ്ധികൾക്ക് പ്രാപ്തിയുള്ള ആളാണെന്ന് തെളിയിക്കാൻ വധുവിന്റെ വീട്ടിൽ താമസിച്ച് ജോലിചെയ്ത് കാണിക്കേണ്ടതുണ്ടായിരുന്നു (പെണ്ണുമേലെ). അതുപോലെ പ്രസവം കഴിഞ്ഞാൽ അച്ഛനും അമ്മയും ചേർന്നാണ് (അവരുമാത്രം) കുഞ്ഞിനെ ആറുമാസത്തോളം പരിപാലിക്കുന്നത്. അച്ഛന്റേയോ അമ്മയുടേയോ വീട്ടുകാർ അക്കാര്യത്തിൽ ഇടപെടേണ്ട കാര്യമില്ല എന്നാണ് കരുതിപ്പോന്നിരുന്നത്.

പുതിയകാലം ആദിവാസികളേയും കൂലിപ്പണിക്കാരാക്കി. അവരുടെ തന്നെ ഭൂമിയിൽ മറ്റുള്ളവർക്കുവേണ്ടി ജോലിചെയ്യുന്ന സ്ഥിതിയുമുണ്ട്. കൃഷിഭൂമി നഷ്ടപ്പെട്ടതുകൊണ്ടുതന്നെ മറ്റുതൊഴിലുകളിലേക്ക് തിരിയേണ്ട സാഹചര്യം വന്നുചേർന്നു. കേരളത്തിൽ കിലയും ആദിവാസി വികസനവകുപ്പും ചേർന്ന് നടത്തിയ സർവ്വേ അനുസരിച്ച് 11.56% സ്ത്രീകൾ മാത്രമാണ് കാർഷികവൃത്തിയിലുള്ളത്. അതുപോലെ പകുതിയോളം (46%) വരുന്ന ആദിവാസി സ്ത്രീകൾ തൊഴിൽ രഹിതരാണ്. കാർഷിക തൊഴിലാളി എന്ന ഗണത്തിലാണ് 53% പേർ വരുന്നത്. മൃഗപരിപാലനത്തിൽ 3.49% പേരാണുള്ളത്. പുരുഷൻമാരിൽ 36% ആണ് തൊഴിൽരഹിതരായുള്ളത്. സ്ത്രീകളിലാണ് തൊഴിൽരഹിതർ ഏറെയുള്ളത്. ഭൂമി നഷ്ടപ്പെടൽ കാരണം തൊഴിൽരഹിതരായത് ഏറെയും സ്ത്രീകളാണ്. വിഭവങ്ങളുടെ അന്യാധീനപ്പെടലും ഇല്ലായ്മയും പ്രാപ്യതയില്ലായ്മയും എല്ലാം സ്ത്രീജീവിതമാണ് പ്രതിസന്ധിയിലാക്കുന്നത്. അതുകൊണ്ടുതന്നെയാണ് കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ തൂക്കക്കുറവും മരണവുമെല്ലാം സംഭവിക്കുന്നത്. പോഷണദാരിദ്ര്യം എന്നൊക്കെ പറയുമ്പോൾ



ചൂഷണവിധേയമാകാൻ എളുപ്പമായ തരത്തിൽ അതീവ ദുർബ്ബലരാണ് ആദിവാസി സ്ത്രീകൾ. അട്ടപ്പാടിയിൽ ഇഷ്ടികപ്പണിക്കുപോകുന്ന സ്ത്രീകൾ ഒട്ടേറെ ചൂഷണമനുഭവിക്കുന്നുണ്ട്. അതിർത്തി പ്രദേശങ്ങളാകുമ്പോൾ ചൂഷണത്തിന്റെ അളവ് അധികരിക്കുന്നു.

പ്രശ്നം വർഷങ്ങൾ നീണ്ട വിഭവങ്ങളുടെ അന്യാധീനപ്പെടൽ കാരണം രൂപപ്പെടുന്നതാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

കാടുമായി ബന്ധപ്പെട്ടും ആദിവാസികൾക്ക് തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ട്. കാടുകളും കാടുകളിലെ സമ്പത്തും അവർക്ക് ലഭ്യമല്ലാത്തതുകൊണ്ടാണിത്. വനസമ്പത്ത് ശോഷിച്ചതിനുപുറമെ വനത്തിന്മേലുണ്ടായ കടുത്ത നിയന്ത്രണങ്ങളും ഇതിന് കാരണമായി. എങ്കിലും ആദിവാസി പുരുഷന്മാരേക്കാൾ ആദിവാസി സ്ത്രീകൾ ഈ തൊഴിലിൽ ഏർപ്പെടുന്നുണ്ട്. 7.87% സ്ത്രീകൾ ഈ തൊഴിലിൽ ഉണ്ട്. ഈ മേഖല കടുത്ത ചൂഷണം നേരിടുന്നതാണ്. അവരുടെ അദ്ധ്വാനത്തിനോ ശേഷിക്കോ ശരിയായ വില ലഭ്യമാകുന്നില്ല എന്നുമാത്രമല്ല മറ്റു തരത്തിലും തലത്തിലും ഭീഷണികൾ നേരിടുന്നതുമാണ്.

കാർഷികമല്ലാത്ത കൂലിപ്പണികളിൽ ഏർപ്പെടുന്ന ആദിവാസി സ്ത്രീകൾ 23% ഉണ്ട്. ഇത് കെട്ടിടനിർമ്മാണം, ഇഷ്ടിക, ഗാർഹികവൃത്തികൾ ഇങ്ങനെ നീണ്ടുപോകുന്നു. ഇതിലും ആദിവാസി സ്ത്രീകൾക്ക് മതിയായ അവകാശ സംരക്ഷണങ്ങൾ ലഭ്യമല്ല. ശക്തമായ ചില നിയമങ്ങൾ - SC/ST അതിക്രമ നിരോധന നിയമം - ഉണ്ടെങ്കിലും പ്രവർത്തന തലത്തിൽ നിഷ്ക്രിയമാണ്. അതുകൊണ്ട് ആദിവാസികളുടെ വിശേഷിച്ചും ആദിവാസി സ്ത്രീകൾ ഏർപ്പെടുന്ന തൊഴിൽ മേഖലകൾ പലതരം ചൂഷണത്തിൽ അധിഷ്ഠിതമാണ്. തികച്ചും അസംഘടിതരായ ആദിവാസി സ്ത്രീകൾക്ക് മതിയായ സംരക്ഷണങ്ങൾ ഏർപ്പെടുത്തുന്ന അവകാശങ്ങൾ ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ നിലവിൽ വരേണ്ടതുണ്ട്. വയനാട്ടിൽ നിന്ന് കർണ്ണാടകയിലെ വിവിധ ഭാഗങ്ങളിലേക്ക് ഇഞ്ചിക്കൃഷിക്ക് പോയവർക്കുണ്ടായ (പോകുന്നവർക്കുണ്ടാകുന്ന) അവകാശ ലംഘനങ്ങളും പീഡനങ്ങളും നിരവധിയാണ്. അതൊന്നും തന്നെ ശരിയായ രീതിയിൽ അഭിസംബോധന ചെയ്യപ്പെട്ടിട്ടില്ല.

ചൂഷണവിധേയമാകാൻ എളുപ്പമായ തരത്തിൽ അതീവദുർബ്ബലരാണ് ആദിവാസി സ്ത്രീകൾ. അട്ടപ്പാടിയിൽ ഇഷ്ടികപ്പണിക്കുപോകുന്ന സ്ത്രീകൾ ഒട്ടേറെ ചൂഷണമനുഭവിക്കുന്നുണ്ട്. അതിർത്തി പ്രദേശങ്ങളാകുമ്പോൾ ചൂഷണത്തിന്റെ അളവ് അധികരിക്കുന്നു. സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ 31% കട ബാധ്യതയുള്ളവരാണ്. അത് പകുതിയിലേറെയും സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും കടമെടുത്തിട്ടുള്ളതുമാണ്.

പുതിയ തലമുറ വിദ്യാഭ്യാസത്തിൽ എത്തിപ്പെടുമ്പോഴും അവർക്ക് തൊഴിലും വിദ്യാഭ്യാസവും ബന്ധപ്പെടുത്തുന്ന തരത്തിലുള്ള സമീപനം വികസിപ്പിച്ച് നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസമുള്ളവരിലും തൊഴിലില്ലായ്മയും വിദ്യാഭ്യാസത്തിനനുസരിച്ച തൊഴിൽ ലഭ്യമല്ലായ്കയുമുണ്ട്. എന്നാൽ ഗവൺമെന്റ് മേഖലയിൽ തൊഴിൽ ലഭിച്ച പുരുഷന്മാരിൽ തിരിച്ചുപോക്ക് ഏറെയുണ്ടെങ്കിലും സ്ത്രീകളിൽ അത് കുറവാണ്. തൊഴിൽ പരിശീലനങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും സ്വന്തമായി എന്തെങ്കിലും സംരംഭങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള പ്രാപ്യത വർദ്ധിപ്പിക്കാനുള്ള സഹായങ്ങൾ കുറവാണ്. പരിശീലനവും തൊഴിലും വരുമാനമൊന്നും കൂട്ടിച്ചേർത്തിട്ടില്ലാത്ത പദ്ധതികളാണ് പ്രയോഗത്തിലുള്ളത്.

കാർഷികമേഖലക്കും കന്നുകാലി വളർത്തലിനും മുതൽക്കൂട്ടായ വലിയ ഒരു തൊഴിൽ ശക്തി ആദിവാസി മേഖലയിൽ ഉണ്ട്. അതുസംബന്ധിച്ച അറിവും ശേഷിയും അനന്യമായ തരത്തിൽ അവർക്കുണ്ട്. അത് അത്തരത്തിൽ തിരിച്ചറിയപ്പെടുന്നില്ല, ഉപയോഗിക്കപ്പെടുന്നുമില്ല. തൊഴിലുറപ്പു പദ്ധതി നിലനിൽപ്പിനായി ഉപയോഗിക്ക പ്പെടുന്നുണ്ടെങ്കിലും ഉത്പാദനമേഖലയിൽ വലിയ മാറ്റമുണ്ടാക്കാനാവുന്നില്ല. 11% പേർക്കാണ് തൊഴിലുറപ്പുപദ്ധതി കൊണ്ട് പ്രയോജനം ലഭിക്കുന്നത്. അതിൽ തന്നെ 47% പേർക്ക് 50 ദിവസത്തിൽ താഴെ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ആദിവാസി മേഖലയിലെ അന്യാധീനപ്പെട്ട വിഭവങ്ങൾ തിരിച്ചുനൽകാതിരിക്കലും തൊഴിൽരംഗത്തെ ചൂഷണവും അവകാശലംഘനങ്ങളുമെല്ലാം ചേർന്ന് ആദിവാസി സമൂഹത്തെ പ്രതിസന്ധിയിലാക്കുകയാണ്.

*(പി.ഇ.ഉഷ-ഇപ്പോൾ, കേരളാ മഹിളാ സമഖ്യാസൊസൈറ്റി ഡയറക്ടറായി പ്രവർത്തിക്കുന്നു.)*





നീതി.പി.

# ആഗോളവത്കരണകാലത്തെ ചില പ്രാദേശിക തൊഴിൽ ചിത്രങ്ങൾ

### ഉത്പാദനം - തൊഴിൽ - സ്ത്രീതൊഴിലാളികൾ

ആഗോളവത്കരണത്തിന്റെ കടന്നുകയറ്റത്തോടെ മൊത്ത ഉത്പാദനത്തിന് (Mass Production) പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഫോർഡിസ്റ്റ് ഉത്പാദനശൈലിയും അതിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര തൊഴിൽ ബന്ധങ്ങളും സങ്കീർണ്ണവും വൈവിദ്ധ്യാത്മകവുമായ ഉത്പാദന രീതിക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. എൺപതുകൾക്ക് മുൻപുവരെ ഉത്പാദകർ നേരിട്ടിരുന്ന വെല്ലുവിളി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉത്പാദനചെലവ് കുറയ്ക്കുന്നതിനുമായിരുന്നു വെങ്കിൽ ഇന്ന് ചെറുകിട വ്യാപാര സംഘങ്ങളെപ്പോലും നിയന്ത്രിക്കുന്നത് ആഗോളവാണിജ്യവ്യതിയാനങ്ങളാണ്.

ആഗോളവത്കരണത്തിന്റെ ഭാഗമായി ഉത്പാദന - വ്യാവസായിക ഘടനയിലും മൂലധനത്തിന്റെ സുഗമമായ പ്രവാഹത്തിലും മത്സര ശൈലിയിൽപ്പോലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സമാന സ്വഭാവത്തിലും ത്വരിതഗതിയിലുമുള്ള മാറ്റങ്ങൾ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഉത്പാദന - തൊഴിൽ മേഖലയിലെ മാറ്റങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു.

തൊഴിൽ വിപണിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നിർണ്ണായക മാറ്റങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള രണ്ട് തലങ്ങളാണ് അസംഘടിതമേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയും ഈ മേഖലയിലെ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തവും വികസ്വര രാഷ്ട്രങ്ങളുടെ തൊഴിലിടങ്ങൾ നേരിടേണ്ടിവരുന്ന ഒഴിച്ചുകൂടാനാകാത്ത വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ രണ്ട് അവസ്ഥയേയും നോക്കിക്കാണേണ്ടതുണ്ട്.

അന്താരാഷ്ട്ര വിപണിയിൽ രാഷ്ട്രസീമകളുടെ രാഷ്ട്രീയ പ്രാധാന്യം കുറഞ്ഞുവരികയും മൂലധനവും ഉത്പാദനവും ചെലവ് കുറഞ്ഞ കേന്ദ്രങ്ങളിലേക്ക് അനായാസം ഒഴുകുകയും ചെയ്യുമ്പോൾ ചെലവ് കുറഞ്ഞ ഉത്പാദന സാഹചര്യം ഉറപ്പുവരുത്തുക എന്നത് ഉത്പാദന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതായി മാറുന്നു. ആഗോളമൂലധനവും വിദേശനിക്ഷേപ സ്രോതസ്സുകളും പ്രോത്സാഹിപ്പിക്കുന്നതും മറ്റൊന്നല്ല. ഈ അവസ്ഥാവിശേഷം വികസിത - വികസ്വര രാഷ്ട്രങ്ങൾക്കിടയിൽ പ്രധാനമായും രണ്ടുതരത്തിലുള്ള മാത്സര്യത്തിന് ഇട നൽകുന്നു.

മൂലധനസുലഭതയുള്ള വികസി



മൊത്തം തൊഴിൽശക്തിയിലെ, സ്ഥിര-തൊഴിലാളികളുടെ അനുപാതം കുറച്ച് അസ്ഥിരതൊഴിലാളികളെ വർദ്ധിപ്പിച്ചു കൊണ്ടാണിത് സാദ്ധ്യമാക്കുന്നത്. ഈ സാഹചര്യത്തിൽ സംഘടിതമേഖല, അസംഘടിതമേഖല, സ്ഥിര-തൊഴിലാളി, അസ്ഥിര-തൊഴിലാളി എന്നീ വേർതിരിവുകൾ പ്രാധാന്യം അർഹിക്കുന്നു.

ത രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ഈ മൂലധനത്തിന്റെ ലാഭകരമായ നിക്ഷേപത്തിന് അനുകൂല സാഹചര്യമുള്ള വിപണി കണ്ടെത്താനാണ് മത്സരം എങ്കിൽ, മൂലധനകമ്മിയും തൊഴിൽ സുലഭതയുമുള്ള വികസ്വരരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിപണി (വിദേശ) മൂലധനം ആകർഷിക്കുന്നതിന് ഉതകുംവിധം ഉത്പാദന ചെലവ് കുറക്കാൻ സാദ്ധ്യമായ രീതിയിൽ സജ്ജമാക്കുന്നതിനാണ് മത്സരം. ഇവിടെ ആർക്കാണോ 'ഏറ്റവും കുറഞ്ഞ' നിരക്കിൽ വിപണി സജ്ജമാക്കാൻ സാധിക്കുക ആഗോളനിക്ഷേപം അവർക്ക് സ്വന്തം.

ഈ സാഹചര്യത്തിൽ മേൽസൂചിപ്പിച്ചതുപോലെ തൊഴിൽ സുലഭതയുമുള്ള വികസ്വരരാഷ്ട്രങ്ങളിൽ ആഗോളമൂലധനം ആകർഷിക്കാനുള്ള പ്രധാനമാർഗ്ഗം തൊഴിൽ വിപണി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതുതന്നെയാണ്. ഈ പ്രക്രിയ നടക്കുന്നതോ, പ്രധാനമായും രണ്ടുവിധത്തിലാണ്. ഒന്ന് - തൊഴിൽ നിയമങ്ങളുടെ കാർക്കശ്യത കുറക്കുക - (പല സന്ദർഭങ്ങളിലും ഇത് തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തുക എന്ന അവസ്ഥയിൽ എത്തി നിൽക്കാറുണ്ട്!). മറ്റൊന്ന് തൊഴിൽ ശക്തി ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.

ഇവിടെ തൊഴിലാളികളെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന പ്രക്രിയ വളരെ ലളിതമാണ്. മൊത്തം തൊഴിൽശക്തിയിലെ, സ്ഥിര-തൊഴിലാളികളുടെ അനുപാതം കുറച്ച് അസ്ഥിരതൊഴിലാളികളെ വർദ്ധിപ്പിച്ചുകൊണ്ടാണിത് സാദ്ധ്യമാക്കുന്നത്. ഈ സാഹചര്യത്തിൽ സംഘടിതമേഖല, അസംഘടിതമേഖല, സ്ഥിര-തൊഴിലാളി, അസ്ഥിര -തൊഴിലാളി എന്നീ വേർതിരിവുകൾ പ്രാധാന്യം അർഹിക്കുന്നു.

1948-ലെ ഫാക്ടറി ആക്ടിന് ഉപരിയായി, സംഘടിത ഉത്പാദന/തൊഴിൽ മേഖല-തൊഴിലാളികൾക്ക് നൽകിവരുന്ന തൊഴിൽ സ്ഥിരത, നിയമപരിരക്ഷ, സ്ഥിരവേതനം, വേതനേതര ആനുകൂല്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ അസംഘടിതമേഖലയിൽനിന്നും വേറിട്ട് നിൽക്കുന്നു. ഇന്ന് ഇന്ത്യയിലെ മൊത്തം തൊഴിൽ മേഖലയുടെ 10%-ൽ താഴെ മാത്രമാണ് ഈ സംഘടിതമേഖല ഉൾക്കൊള്ളുന്നത്. 90%-ൽപരം വരുന്ന അസംഘടിത തൊഴിൽ വിഭാഗമാകട്ടെ കരാർ തൊഴിലാളികൾ, പാർട്ട്ടൈം തൊഴിലാളികൾ, അസ്ഥിര തൊഴിലാളികൾ എന്നുതുടങ്ങുന്ന പല വിഭാഗങ്ങളിലായി വിന്യസിച്ചിരിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന ഈ തൊഴിൽ വിഭാഗത്തിനാകട്ടെ യാതൊരു തൊഴിൽ പരിരക്ഷയോ, നിയമാനുകൂല്യങ്ങളോ, വേതനവ്യവസ്ഥയോ ഒന്നുംതന്നെ ബാധകമല്ല. അതുകൊണ്ടുതന്നെ ഈ തൊഴിൽ വിഭാഗം ആവശ്യത്തിന് ഉപയോഗിക്കുകയും ആവശ്യം കഴിഞ്ഞാൽ പിരിച്ചുവിടുകയും ചെയ്യാൻ പ്രാപ്തമായ ഒരു 'തൊഴിൽ സംഭരണി' മാത്രമായി ഒതുങ്ങുന്നു.

ഈ മേഖലയിലെ എടുത്തുപറയേണ്ട മറ്റൊരു വസ്തുത സ്ത്രീ തൊഴിലാളികളുടെ ഉയർന്ന പങ്കാളിത്തമാണ്. ഇത്തരം തൊഴിൽ വിപണി, സ്ത്രീതൊഴിലാളികൾക്കായി പ്രത്യേകം രൂപകല്പന ചെയ്തമട്ടിലാണ് പ്രവർത്തിച്ച് കാണുന്നത്. പഠനങ്ങൾ കാണിക്കുന്നത് 1970





കളുടെ അന്ത്യപാദത്തിലും 80 കളിലുമാണത്രെ ഈ പ്രത്യേക സ്വഭാവം ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്. ഈ അവസ്ഥാവിശേഷത്തെ, സ്ത്രീതൊഴിൽ പങ്കാളിത്ത വിപ്ലവമായി പല പഠനങ്ങളും ചൂണ്ടിക്കാണിക്കുകയും, പിന്നീട് ഈ പ്രവണത, തൊഴിലിലെ പുരുഷസാന്നിദ്ധ്യത്തെ തന്നെ കുറച്ചേക്കാം എന്നുപോലും ആകുലപ്പെട്ടുകൊണ്ടുള്ള പഠനങ്ങൾക്ക് വഴി തെളിയിക്കുകയും ചെയ്തു. എന്നാൽ അധികം വൈകാതെ എല്ലാ ആധികൾക്കും വിരാമമിട്ടുകൊണ്ട് ഈ മാറ്റത്തിന്റെ യഥാർത്ഥ സ്വഭാവം പുറത്തുവരികയുണ്ടായി.

സ്ത്രീകളെ പ്രധാനതൊഴിൽ ശക്തിയായി നിയോഗിക്കുന്നതിന് പുറകിലുള്ള സാമ്പത്തിക ശാസ്ത്രം ഉത്പാദന ചെലവ് 'വീണ്ടും' കുറക്കുക തന്നെയാണെന്ന് വ്യക്തമായി. ഇത് സാദ്ധ്യമാകുന്നതാവട്ടെ, സ്ത്രീകൾക്ക് പുരുഷ തൊഴിലാളികളേക്കാൾ കുറഞ്ഞ വേതനം നൽകിക്കൊണ്ടും. ഇത്തരത്തിൽ സ്ത്രീകൾക്ക് കുറഞ്ഞവേതനം നൽകുന്നതിന് പുറകിലെ കാരണങ്ങൾ പലവിധമാണ്.

അതിലെ പ്രധാന കാരണങ്ങളിലൊന്നായി പഠനങ്ങൾ കാണിക്കുന്നത് സ്ത്രീകളുടെ 'സംരക്ഷിക്കപ്പെടുന്നവർ' എന്ന ലേബലാണ്. അതായത് ബഹുഭൂരിപക്ഷം സ്ത്രീകളും മകളോ ഭാര്യയോ ആയി വർത്തിക്കുന്നവരായതുകൊണ്ട് കുടുംബഭാരം പൂർണ്ണമായും ചുമക്കേണ്ടതില്ലെന്നും അതുകൊണ്ട് അവർക്ക് പുരുഷ തൊഴിലാളികളേക്കാൾ കുറഞ്ഞവേതനം നൽകിവന്നാൽ മതിയാകുമെന്നുമത്രേ!

ഇനി മറ്റൊരു വിഭാഗം പഠനങ്ങൾ കാണിക്കുന്നത്, സ്ത്രീകളെ തൊഴിലിൽ നിയോഗിക്കുന്നത് ഉത്പാദനമേഖലയെ സ്ഥിരമായി വലക്കുന്ന ചില ഭീഷണികളിൽനിന്നും രക്ഷനേടുക എന്ന ഉദ്ദേശത്തോടെയാണുപോലും. വ്യക്തമായി പറഞ്ഞാൽ സ്ത്രീകൾ മാത്രമുള്ള തൊഴിലിടങ്ങളിലെ സംഘടനാപ്രവർത്തനം മറിച്ചുള്ള തൊഴിലിടങ്ങളിലേതിനേക്കാൾ കുറവാകയാൽ, സമരമോ തൊഴിൽ സംഘടനകളുടെ മറ്റ് ഭീഷണിയോ മാനേജുമെന്റിന് ഭയക്കേണ്ടതില്ല. തന്നെയുമല്ല ആവർത്തന വിരസതയുളളതും കർശന തൊഴിൽ സ്വഭാവമുള്ളതും യന്ത്രത്തിന്റേതിനോട് സാമ്യത പുലർത്തുന്ന തൊഴിൽ പരിപൂർണ്ണതയുള്ളതുമായ ജോലികൾ ചെയ്യാൻ സ്ത്രീകൾക്ക് പ്രകൃതിദത്തമായ നൈപുണ്യം തന്നെയുണ്ടത്രെ!

ഇത്തരം തൊഴിലിടങ്ങൾ മിക്കപ്പോഴും ഉന്നംവയ്ക്കുക 17 വയസ്സിനും 25 വയസ്സിനും മദ്ധ്യേയുള്ള തൊഴിൽ ശക്തിയേയാണ്. ഇതിന് പ്രധാന കാരണമായി പറയുന്നതാകട്ടെ, ഇവർ അടിസ്ഥാനവിദ്യാഭ്യാസം നേടിയവർ ആയിരിക്കുമെന്നും ഇവരിൽ പലരും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഇറങ്ങി അധികകാലമെത്തിയിരിക്കാൻ സാദ്ധ്യതയുമില്ലെന്നുമാണ്. അതുകൂടാതെ ഇവരിൽ ഭൂരിഭാഗംപേരും 'അനുസരണയുള്ള മകൾ' എന്ന സ്ഥാനം തുടരുന്നവരും ആയിരിക്കും. അതുതൊണ്ടുതന്നെ സ്കൂളിൽനിന്നും വീട്ടിൽ നിന്നും പഠിച്ച ചിട്ടകളും മര്യാദകളും അനുസരണാശീലവുമൊന്നും കൈമോശം വന്നിരിക്കാൻ ഇടയില്ല. തന്നെയുമല്ല ഈ വിഭാഗത്തെ തൊഴിലിടത്തിന്റെ ആവശ്യാനുസരണം 'ചിട്ടപ്പെടുത്തി' എടുക്കാനും എളുപ്പമത്രെ!

ഈ സാഹചര്യത്തിൽ എടുത്തുപറയേണ്ട ചില പുതിയ തൊഴിലിടങ്ങൾ അഥവാ തൊഴിൽ മാതൃകകളാണ് 'പ്രത്യേക സാമ്പത്തിക മേഖലകൾ' (SEZ-Special Economic Zones). ഇവയാവട്ടെ ഇന്ന് പല വികസ്വര രാഷ്ട്രങ്ങളിലേയും മൂലധന സമാഹരണത്തിലുള്ള ഫലകശക്തികളാണ്. ഇവിടെ, അതായത് രാഷ്ട്ര സംസ്ഥാന സർക്കാരുകൾ തന്നെ ഇത്തരം മേഖലകളെ പലതരം നികുതി-നികുതിയേതര ആനുകൂല്യങ്ങൾ നൽകി തൊഴിൽ നിയമ-തൊഴിൽ സംഘടനാ കുരുക്കിൽ നിന്നും ഒഴിവാക്കി വിദേശ മൂലധന നിക്ഷേപത്തിന്റെ ഒഴുക്ക് സ്വീകരിക്കാൻ സജ്ജമാക്കിയിരിക്കുന്നു. ഇത്തരം മേഖലക

സ്ത്രീകളെ പ്രധാന തൊഴിൽ ശക്തിയായി നിയോഗിക്കുന്നതിന് പുറകിലുള്ള സാമ്പത്തിക ശാസ്ത്രം ഉത്പാദന ചെലവ് 'വീണ്ടും' കുറയ്ക്കുക തന്നെയാണെന്ന് വ്യക്തമായി. ഇത് സാദ്ധ്യമാകുന്നതാവട്ടെ, സ്ത്രീകൾക്ക് പുരുഷ തൊഴിലാളികളേക്കാൾ കുറഞ്ഞ വേതനം നൽകിക്കൊണ്ടും. ഇത്തരത്തിൽ സ്ത്രീകൾക്ക് കുറഞ്ഞ വേതനം നൽകുന്നതിന് പുറകിലെ കാരണങ്ങൾ പലവിധമാണ്.



തൊഴിലാളികൾ പരസ്പരം നോക്കുകയോ, സംസാരിക്കുകയോ, തൊഴിലിൽ അലസതയോ മറ്റോ കാണിക്കുന്നുണ്ടോയെന്നുമൊക്കെ അറിയാൻ പ്രത്യേകം സജ്ജമാക്കിയ 'ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ' ഉണ്ട്. ഈ ക്യാമറയുടെ കണ്ണ് വെട്ടിക്കുക അസാദ്ധ്യം.

ളിൽ വിദേശ മൂലധന ശക്തികൾ നേരിട്ടും, പ്രാദേശിക മൂലധന ശക്തികൾവഴിയും അന്താരാഷ്ട്ര ഉത്പാദനശൃംഖലയിലെ കണ്ണികളായ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുകയും, അവിടെ ലോകോത്തര ബ്രാൻഡുകൾക്കുവേണ്ടി വൻതോതിൽ ഉത്പാദനം നടത്തിവരികയും ചെയ്യുന്നു. ഇത്തരത്തിൽ ഗാർമെന്റ്സ്/ടെക്സ്റ്റയിൽസ്, ഇലക്ട്രോണിക്സ്, ജുവലറിവർക്സ് എന്നുതുടങ്ങി ഒരുപാട് ഉത്പാദന യൂണിറ്റുകൾ വിവിധ ഭാഗങ്ങളിലുള്ള 'പ്രത്യേക സാമ്പത്തിക മേഖലകളിലായി' ഇന്ത്യയിൽ ഉടനീളവും ഇങ്ങ് കേരളത്തിൽ വരെയും പ്രവർത്തിച്ചുവരുന്നു.

ഇത്തരത്തിൽ ആഗോള ഗാർമെന്റ്സ്/ടെക്സ്റ്റയിൽസ് ഉത്പാദന ചങ്ങലയുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ച് വരുന്ന ചില തൊഴിലിടങ്ങളിലേക്ക് നടത്തിയ യാത്രയിൽ കേൾക്കാനിടയായ സംഭാഷണ ശകലങ്ങളിലൂടെ ഇത്തരം തൊഴിലിടങ്ങളിലേക്കൊന്ന് എത്തിനോക്കാം.

**തൊഴിലിന്റെ സ്വഭാവം**

ഇത്തരം തൊഴിലിടങ്ങളിലെ ഉത്പാദനം വിദേശവിപണിയെ ലക്ഷ്യമിട്ടുകൊണ്ടായതിനാൽ വളരെ ചെറുതെന്ന് തോന്നാവുന്ന വീഴ്ചകൾപോലും കമ്പനിക്ക് വൻനഷ്ടം ഉണ്ടാക്കിയേക്കാം. അതിനാൽ മെഷീനിനെ വെല്ലുന്ന പരിപൂർണ്ണത അഥവാ Perfection ആണ് ഓരോ തൊഴിലാളിയിൽനിന്നും പ്രതീക്ഷിക്കുന്നത്. ഫാക്ടറിക്കകത്ത് ഓരോരുത്തരും ശ്വസിക്കുന്ന (അതും വളരെ പതുക്കെ മാത്രം) യന്ത്രമായി മാറുന്നു. തൊഴിലാളികൾ പരസ്പരം നോക്കുകയോ, സംസാരിക്കുകയോ, തൊഴിലിൽ അലസത കാണിക്കുന്നുണ്ടോയെന്നുമൊക്കെ അറിയാൻ പ്രത്യേകം സജ്ജമാക്കിയ 'ക്ലോസ്ഡ് സർക്ക്യൂട്ട് ക്യാമറകൾ' ഉണ്ട്. ഈ ക്യാമറയുടെ കണ്ണ് വെട്ടിക്കുക അസാദ്ധ്യം.

ഇനി നമുക്ക് ഓർഡറിന്റെ സ്വഭാവം നോക്കാം. സ്വാഭാവികമായും ഗാർമെന്റ് ഉത്പാദനചങ്ങലയെ നിയന്ത്രിക്കുന്നത് ഫാഷനാണ്. മാറുന്ന സീസണിനനുസരിച്ച് ഫാഷന്റെ സ്വഭാവവും മാറുന്നു. ഉത്പാദനം പ്രധാനമായും വിദേശവിപണിയെ ലക്ഷ്യമിട്ടായതിനാൽ, ഇത് നാല് പ്രധാന സീസണിലായി വ്യാപരിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഓരോ സീസണിലും ഡിസൈനിംഗിൽ തുടങ്ങി പാക്കിംഗിലും കയറ്റി അയക്കുന്നതിലും എത്തിനിൽക്കുന്ന അനേകഘട്ടങ്ങൾക്ക് ലഭിക്കുന്ന പരമാവധി സമയപരിധി മൂന്ന്മാസം മാത്രമാണ്. അതിനുള്ളിൽ ഉത്പാദനം നടത്തുന്നതിനുള്ള നെട്ടോട്ടത്തിലായിരിക്കും ഉത്പാദനശൃംഖലയിലെ ഓരോ കണ്ണിയും. ഈ സാഹചര്യത്തിൽ, ഈ ശൃംഖലയിലെ ഏറ്റവും താഴേത്തട്ടിൽ പ്രവർത്തിച്ചുവരുന്ന മേല്പറഞ്ഞ ഉത്പാദക യൂണിറ്റുകൾക്ക് ഉത്പാദന ലക്ഷ്യം നിറവേറ്റാനുള്ള ഏക മാർഗ്ഗം തൊഴിലാളികളെ യന്ത്രത്തെ വെല്ലുന്ന തരത്തിൽ സജ്ജീകരിക്കുക എന്നതത്രെ. തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താനുള്ള ഏതൊരു ശ്രമവും പാഴ്ചിലവായി മാത്രം കാണുന്ന ഇവിടെ ഓരോ നിമിഷവും വിലപ്പെട്ടതാണ്. ഇനി ഇതെങ്ങനെ തൊഴിൽ സമയത്തെ നിയന്ത്രിക്കുന്നു എന്ന് നോക്കാം.

ഇത്തരം തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് അവശ്യകാര്യങ്ങൾ നിർവഹിക്കാൻപോലും കൃത്യമായ സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സ്ത്രീതൊഴിലാളികൾ ജോലിസമയത്തിനിടെ നിശ്ചയിക്കപ്പെട്ടതിലും കൂടുതൽ സമയം ബാത്ത്റൂമിൽ ചെലവഴിച്ചാൽ, കാരണം കാണിക്കേണ്ടതുണ്ട്. തൊഴിലാളികളുടെ ഭാഷയിൽ ഈ ഫാക്ടറി ഒരു ജയിലാണ്. തങ്ങളെല്ലാവരും കുറ്റം ചെയ്യാത്ത തടവുകാരും . രാവിലെ 8.15 ന് ഫാക്ടറി കോമ്പൗണ്ടിനകത്ത് കയറിയാൽ അവർ കേൾക്കുന്നത് നിലക്കാത്ത തയ്യൽമെഷീനുകളുടെ ശബ്ദം മാത്രമാണ്. ഇവിടെ തങ്ങൾ മനുഷ്യരാണെന്ന തിരിച്ചറിവുണ്ടാകുന്നത് വൈകിട്ട് പോകാനുള്ള മണിമുഴങ്ങുമ്പോൾ മാത്രമാണ് .

ഇത്തരം ഫാക്ടറികളിൽ തൊഴിലാളികളുടെ തൊഴിൽക്ഷമത റി

പ്പോർട്ടുചെയ്യുന്നത് സൂപ്പർവൈസർമാരുടെ (അവരിൽ അധികം പേരും പുരുഷൻമാരാണ്) ചുമതലയാണ്. തൊഴിലാളികളെ നിശ്ചിത അംഗസംഖ്യയുള്ള സംഘങ്ങളായി തിരിച്ചാണ് ഉത്പാദനം നടത്തി വരുന്നത്. ഓരോ സംഘങ്ങളുടേയും, അതിലെ ഓരോ തൊഴിലാളിയുടേയും ഉത്പാദനക്ഷമത (മണിക്കൂറിൽ എത്ര എന്ന നിരക്കിൽ) അവിടെ സ്ഥാപിച്ചിട്ടുള്ള വലിയ ബോർഡിൽ രേഖപ്പെടുത്തിയിരിക്കും. ഓരോ മണിക്കൂറിലും തൊഴിലാളികൾ നിശ്ചിത ഉത്പാദന ക്ഷമത നിലനിർത്തുവാൻ നിർബന്ധിതരാണ്. അതിൽ നിന്നും ഒരല്പം കുറഞ്ഞാൽ അവരുടെ തന്നെ ഭാഷയിൽ "പിന്നെ പറയാതിരിക്കുകയാണ് നല്ലത്. ഇവിടെ ഞങ്ങൾ മനുഷ്യരാണെന്ന ഒരു പരിഗണനയും ഇല്ല. പലപ്പോഴും രാവിലെ നൽകുന്ന ഉത്പാദനം (production) തന്നെ ആ ദിവസം മുഴുവനും നിലനിർത്തുക അസാദ്ധ്യമാണ്. ഞങ്ങൾ മെഷീനുകളല്ലല്ലോ. എന്നാൽ അതൊന്നും അവർക്ക് മനസ്സിലാവില്ല. അവർ പറയുന്നത് ഞങ്ങൾക്ക് പണിയെടുക്കാൻ മടിയാണെന്നാണ്. തിരിച്ചെങ്ങാൻ പറയാൻ ശ്രമിച്ചാൽ നല്ല 'ചീത്ത' കേൾക്കാം അത്കൊണ്ട് തന്നെ ഊണുകഴിക്കാൻ അനുവദിച്ചിട്ടുള്ള 45 മിനിറ്റ് പോലും വകവയ്ക്കാതെ, വല്ലവിധേനയും ഭക്ഷണം വാരിവിഴുങ്ങി ഞങ്ങൾ ഫാക്ടറിയിലേക്ക് ഓടും .

ഇവിടെ എത്തിയാൽ വിശ്രമം എന്നത് പരസ്യവാചകത്തിലെ പോലെ 'അതെല്ലാം മറന്നേക്കൂ' എന്ന അവസ്ഥയാണ്. 'എഫിഷ്യൻസി'/ ഉത്പാദനക്ഷമതയാണ് ഞങ്ങളെ നിയന്ത്രിക്കുക.

'ഓവർടൈം' ആകട്ടെ ഒരു സ്ഥിരം പരിപാടിയുമാണ്. മിക്കപ്പോഴും നേരത്തേക്കൂട്ടി പറയാതെയായിരിക്കും ഓവർടൈം വന്നുചേരുക. ഞായറാഴ്ചകൾ അവധിദിവസങ്ങളാണെന്ന് പറയപ്പെടുന്നു എങ്കിലും, വരാത്തവർക്ക് അന്നത്തെ കൂലി കുറയുമെന്നതു തീർച്ച.

ഇനി ജോലിക്കിടയിൽ ആർക്കെങ്കിലും അസ്വസ്ഥതകളോ, മറ്റോ ഉണ്ടായാൽപോലും പത്ത് മിനിറ്റിൽ കൂടുതൽ വിശ്രമം അനുവദനീയമല്ല. സൂപ്പർവൈസർ പറയുന്നത് അതെല്ലാം ജോലിയെടുക്കാതിരിക്കാനുള്ള ഞങ്ങളുടെ 'അടവാ'ണെന്നാണ്."



'ഓവർടൈം' ആകട്ടെ ഒരു സ്ഥിരം പരിപാടിയുമാണ്. മിക്കപ്പോഴും നേരത്തേക്കൂട്ടി പറയാതെയായിരിക്കും ഓവർടൈം വന്നുചേരുക. ഞായറാഴ്ചകൾ അവധിദിവസങ്ങളാണെന്ന് പറയപ്പെടുന്നു എങ്കിലും, വരാത്തവർക്ക് അന്നത്തെ കൂലി കുറയുമെന്നതു തീർച്ച.

ഇനി നമുക്ക് ഉത്പാദന പ്രക്രിയയിലെ മറ്റൊരു പ്രധാന ഘടകമായ വേതന വ്യവസ്ഥിതി നോക്കാം. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത - ഇത്തരം തൊഴിലിടങ്ങളിലെ വേതനവ്യവസ്ഥിതിയുടെ ഒരു പൊതു ചിത്രം മാത്രമാണ് നൽകുവാൻ ശ്രമിക്കുന്നത്. പ്രത്യേകം യൂണിറ്റുകളിൽ ഇത് കൂടുവാനും, കുറയുവാനുമുള്ള സാദ്ധ്യത പരിഗണിക്കേ ണ്ടതാണ്.

ഹെൽപ്പർ, അയണർ (തുണി ഇസ്തിരി ഇടുന്നവർ) ഓപ്പറേറ്റർ എന്നിങ്ങനെ പോകുന്ന ഏറ്റവും താഴ്ന്ന ശ്രേണിയിൽപ്പെട്ട ഈ സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനം 1500/- മുതൽ 1750/- വരെയാണ്. ചിലപ്പോൾ 2000/- എത്തിനിൽക്കാം. ഇത് തൊഴിൽ പരിചയത്തേയും, തൊഴിൽ പ്രാവീണ്യത്തേയും, ഓർഡറിന്റെ സ്വഭാവത്തേയുമെല്ലാം ആശ്രയിച്ചിരിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ഉത്പാദനം 'പീസിനെ' (മണിക്കൂറിൽ എത്ര എണ്ണം) ആശ്രയിച്ചിരിക്കുന്നു എങ്കിലും കൂലി ദിവസവേതനമാണ്. ഇങ്ങനെ നോക്കിയാൽ ഇവിടുത്തെ ഈ താഴ്ന്ന ശ്രേണിയിൽപ്പെട്ട ഒരു തൊഴിലാളിയുടെ ദിവസവേതനം 50/- നും 70/- നും ഇടയിലായി വരുന്നു. അതിൽതന്നെ ജോലിക്ക് വൈകി ഹാജരാകുകയോ, അവധി എടുക്കുകയോ ചെയ്യുന്ന പക്ഷം കൂലി കുറയ്ക്കുക സാധാരണവുമാണ്.

എന്നാൽ ഈ തൊഴിൽ ശൈലിയുടെ എടുത്ത് പറയേണ്ട മറ്റൊരു വസ്തുത വർഷങ്ങളോളം ഇവിടെ ജോലിചെയ്താലും ഈ തൊഴിൽ അവരെ ഒരു പരിപൂർണ്ണ തൊഴിലാളിയാക്കി മാറ്റുന്നില്ല. കാരണം ലഭിക്കുന്ന ഓർഡറിനും, തൊഴിൽ വിഭജനത്തിനും അനുസരിച്ചുള്ള ജോലിയിലായിരിക്കും ഓരോരുത്തരും പ്രാവീണ്യം നേടുന്നത്. ഉദാഹരണമായി പുരുഷന്മാർ ധരിക്കുന്ന ഷർട്ടിന്റെ ഓർഡറാണ്

കമ്പനിക്ക് ലഭിക്കുന്നതെങ്കിൽ ഒരു വിഭാഗം തൊഴിലാളികൾ 'പോക്കറ്റ്' മാത്രം തയ്ക്കുന്നു. മറ്റൊരു വിഭാഗം 'ബട്ടൺ' മാത്രം തയ്ക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. വേറൊരു വിഭാഗം കോളറായിരിക്കും തയ്ക്കുക. ഇപ്രകാരം ഇവരാരും തന്നെ അളവെടുക്കുന്നതിനോ, തുണി ആവശ്യാനുസരണം മുറിക്കുന്നതിനോ, ഷർട്ടോ അതോ മറ്റെന്തുതന്നെയായാലും പൂർണ്ണമായി തയ്ക്കുന്നതിനോ പ്രാവീണ്യം നേടുന്നില്ല. അതുകൊണ്ടുതന്നെ, ഒരു യന്ത്രത്തെപ്പോലെ, ഒരു പ്രത്യേക ജോലിയുടെ, പ്രത്യേക ഘട്ടത്തിൽ മാത്രം ഒതുങ്ങുന്നു ഇവരുടെ പ്രാവീണ്യം.

**തൊഴിൽ ബന്ധം**

കേരളത്തിന്റെ തൊഴിലാളി ചരിത്രത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് പറയുവാനുള്ളത് അസംഘടിത മേഖലയിൽപോലും നിലനിന്നിരുന്ന ശക്തമായ തൊഴിലാളി സംഘടനകളെക്കുറിച്ചും, തൊഴിലാളികളുടെ, തങ്ങളുടെ പ്രവർത്തനരംഗങ്ങളിൽ മാത്രമല്ല, അന്യസംസ്ഥാനങ്ങളിൽ പോലും നിലനിന്നിരുന്ന തൊഴിൽ വേതന വ്യവസ്ഥിതിയെക്കുറിച്ചുണ്ടായിരുന്ന അവഗാഹത്തെക്കുറിച്ചുമൊക്കെയാണ്. ഇത്തരത്തിൽ കയർ, കശുവണ്ടി തുടങ്ങിയ അസംഘടിത മേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന തൊഴിലാളി സംഘടനകൾ കേരളത്തിന്റെ ഭരണസംവിധാനത്തിൽ പോലും ശക്തമായ പങ്കുവഹിച്ചു വന്നിരുന്നതായി കാണാം. കേരളത്തിന്റെ ഈ തൊഴിൽ ചരിത്രത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത് ഇവിടെ പ്രതിപാദിക്കുന്ന തൊഴിലിടങ്ങളിൽ നിലനിൽക്കുന്ന തൊഴിൽ ബന്ധങ്ങളിലേക്ക് കടക്കുന്നതിന്റെ മുന്നോടി എന്ന നിലയിലാണ്.

നമ്മുടെ തൊഴിലിടങ്ങളിലേക്ക് തന്നെ മടങ്ങാം. നിങ്ങൾ എത്രപേർ ഇവിടെ ജോലി ചെയ്യുന്നു എന്ന ആവർത്തിച്ചുള്ള ചോദ്യത്തിന് ലഭിച്ച ഉത്തരം 'കുറേപ്പേർ' എന്നു മാത്രമായിരുന്നു. ആർക്കുവേണ്ടിയാണ് ജോലിചെയ്യുന്നത് എന്നതിന് സൂപ്പർവൈസറിൽ എത്തിനിൽക്കുന്ന മാനേജ്മെന്റിനെകുറിച്ചുള്ള അവഗാഹം. ഇത്തരം തൊഴിലിടങ്ങളിൽ തൊഴിലിൽനിന്നും 'കൊഴിഞ്ഞ്' പോകുന്നവരുടെ എണ്ണം വളരെ കൂടുതലായതിനാൽ ദിനംപ്രതി നിയമനവും നടക്കുന്നു. ഈ പ്രക്രിയയിൽ ഉദ്യോഗാർത്ഥികളുമായി സംസാരിക്കുന്നതും, കാഴ്ചശക്തി, കൈവേഗത തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള പരീക്ഷ(ണ)കൾ നടത്തുന്നതും സൂപ്പർവൈസർമാരാണ്. അതുകൊണ്ടുതന്നെ സൂപ്പർവൈസറിന് അപ്പുറമുള്ള ലോകം അവർക്കന്യമാണ്. അവരുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണക്കാർ ഈ മർക്കടമുഷ്ടിക്കാരായ സൂപ്പർവൈസർമാരാണ്.

ഈ അടുത്ത് (കേരളത്തിലെ) ഒരു 'പ്രത്യേക സാമ്പത്തിക മേഖലയിൽ' പ്രവർത്തിച്ചുവന്നിരുന്ന ഒരു ഗാർമെന്റ് ഫാക്ടറിയിൽ നടന്ന ഒരു സുപ്രധാന മാറ്റം ഇപ്രകാരമായിരുന്നു:

പതിവിൻപടിയുള്ള വേതന വർദ്ധനവ് സംഭവിക്കാതെവന്നപ്പോൾ, 2–3 മാസം തൊഴിലാളികൾ ക്ഷമിച്ചു. അത് പിന്നീട് പരസ്പരമുള്ള മുറുമുറുക്കലായി, അടക്കം പറയുന്ന പരാതികളായി, പിന്നീട് ചില തൊഴിലാളികൾ 'ധൈര്യപൂർവ്വം' ചോദിക്കാൻ തന്നെ തീരുമാനിച്ചു. എന്നാൽ അവർക്ക് ലഭിച്ച മറുപടി 'മിണ്ടാതെപോയി പണിയെടുക്ക്' എന്നായിരുന്നു. ഈ നാണംകെട്ട പെരുമാറ്റത്തെ കുറച്ചുപേരെങ്കിലും ഗൗരവപൂർവ്വം നേരിടാൻ തീരുമാനിക്കുകയും, അവർ തൊഴിലിടങ്ങളിൽ നിന്ന് തൊഴിൽ വിട്ട് ഇറങ്ങുകയും മറ്റ് യൂണിറ്റുകളിലെ സഹപ്രവർത്തകരെ തങ്ങളോടൊപ്പം വിളിച്ചിറക്കി ജാഥയായി മാനേജരെ പോയി കാണുകയും ചെയ്തു. എന്നാൽ അവിടെ അവരെ പ്രതീക്ഷിച്ചിരുന്ന വാർത്ത, തങ്ങൾ കഴിഞ്ഞ കുറേ നാളുകളായി പ്രവർത്തിച്ചുവന്നിരുന്ന ഫാക്ടറി, ഈ അടുത്ത് വിറ്റിരിക്കുന്നു–അത് ഏറ്റെടുത്തിരിക്കുന്നതാകട്ടെ ഒരു 'ഗാർമെന്റ് ഭീമനും'. മാത്രമല്ല ഈ പുതിയ മുതലാളിമാർ യാതൊരുവിധ ശമ്പളവർദ്ധനവിനും തയ്യാറുമ



*നമ്മുടെ തൊഴിലിടങ്ങളിലേക്ക് തന്നെ മടങ്ങാം. നിങ്ങൾ എത്രപേർ ഇവിടെ ജോലി ചെയ്യുന്നു എന്ന ആവർത്തിച്ചുള്ള ചോദ്യത്തിന് ലഭിച്ച ഉത്തരം 'കുറേപ്പേർ' എന്നു മാത്രമായിരുന്നു.*

ല്ല. ഇവിടെ തൊഴിലാളികൾ വേദനയോടും, ചിലരെങ്കിലും രോഷത്തോടും തിരിച്ചറിഞ്ഞകാര്യം തങ്ങളെ അറിയിക്കാതെ, തങ്ങൾ പ്രവർത്തിച്ച് വന്നിരുന്ന കമ്പനിയും, അതിലെ യന്ത്രങ്ങളും ഒപ്പം തങ്ങളുടെ തൊഴിൽ ശക്തിയും മറ്റാർക്കോ വിറ്റിരിക്കുന്നു എന്നതാണ്.

ചിലർ പറഞ്ഞു: "ഞങ്ങൾക്ക് ഞങ്ങളുടെ തൊഴിൽ ശക്തിയുടെ മേൽപോലും യാതൊരു അധികാരവുമില്ല. അവർക്ക് തോന്നുമ്പോൾ അത് വിൽക്കുന്നു, വാങ്ങുന്നു. ചിലപ്പോൾ പണിയില്ല, എന്ന് പറഞ്ഞ് ഞങ്ങളെ പിരിച്ച് വിടുകയും ചെയ്യുന്നു. ഈ പ്രക്രിയയെല്ലാം നടക്കുന്നത് മറ്റെവിടെയോ ആണ്. ഞങ്ങൾ വെറും സ്ക്രൂ കൊടുത്ത പാവകൾ കണക്കെ പണിയെടുത്തു

കൊണ്ടേയിരിക്കുന്നു."

പറയാതെ പോയതും, കാണാതെ പോയതുമായ ഒട്ടേറെ കാഴ്ചകൾ ഇനിയുമുണ്ടെന്ന് അറിഞ്ഞുകൊണ്ട് തന്നെ ഈ വർണ്ണന ഇവിടെ നിർത്തുന്നു.

എന്നാൽ നാം കണ്ട ഈ പ്രാദേശിക ചിത്രങ്ങൾക്ക് പൂർണ്ണത ചില മുഖ്യധാരാ വികസന പദ്ധതികളുമായി ചേർത്ത് വായിക്കപ്പെടുമ്പോഴാണ്. മുഖ്യധാരാ വികസന വ്യവഹാരങ്ങളിൽ ഇന്ത്യൻ തൊഴിൽ മേഖല നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളിയായി ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ നിയമങ്ങളുടെ കാർക്കശ്യതയെയാണ്. ഇത്തരം തൊഴിൽ നിയമങ്ങൾ തൊഴിലാളികൾ ആവശ്യത്തിലധികമോ, തൊഴിലാളികളുടെ ഉത്പാദനക്ഷമത കുറവുള്ളതായോ കാണപ്പെടുന്ന തൊഴിലിടങ്ങളിൽ നിന്നുപോലും തൊഴിലാളികളെ പിരിച്ചുവിടുന്നതിനുള്ള സാദ്ധ്യതയില്ലാതെയാക്കുന്നുപോലും. മാത്രമല്ല തൊഴിൽ നിയമങ്ങളുടെ ഇത്തരം കടുംപിടുത്തം വിദേശമൂലധനത്തിന്റെ (സുഗമമായ) ഇന്ത്യയിലേക്കുള്ള ഒഴുക്കിനേയും ദോഷകരമായി ബാധിച്ചേക്കാമത്രെ. അതുകൊണ്ടുതന്നെ, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവലംബിക്കപ്പെടുന്ന ഒരു മാർഗ്ഗം, നമ്മുടെ ശക്തിയായ 'തൊഴിൽ സുലഭതയുടെ' സാദ്ധ്യതകളെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തി ടെക്സ്റ്റയിൽ ഗാർമെന്റ് പോലുള്ള ഉത്പാദന ചങ്ങലയുടെ ഭാഗമാക്കേണ്ടതാണെന്നാണ്. അന്താരാഷ്ട്ര വിപണിയിലെ പല ടെക്സ്റ്റയിൽസ്/ഗാർമെന്റ്സ് ഭീമൻമാരും, ഇന്ത്യയുടെ സുലഭമായ, കുറഞ്ഞ വേതനത്തിൽ ലഭ്യമാകുന്ന തൊഴിൽ ശക്തിയെ കണ്ണും നട്ടു കൊണ്ടിരിക്കുന്ന ഈ വേളയിൽ, ആഗോള വിപണിയുടെ പങ്കുപറ്റാനായി ഇന്ത്യൻ തൊഴിൽനയം പരസ്യം ചെയ്യുന്നതാവട്ടെ-തുച്ഛമായ വേതനത്തിന് ലഭ്യമാകുന്ന, ഇന്ത്യൻ തൊഴിൽ ശക്തിയുടെ, പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളുടെ തൊഴിൽ നൈപുണ്യത്തെയും. തൊഴിലിനെ ഉത്പാദന പ്രക്രിയയിലെ ഒരു ഘടകം മാത്രമായി കണ്ടുകൊണ്ട് സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച് മുന്നേറുമ്പോൾ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ILO) 'മാന്യമായ തൊഴിൽ' (Decent work) എന്ന അജണ്ട ഓർക്കുന്നത് നന്നായിരിക്കും. ദാരിദ്ര്യ നിർമ്മാർജനത്തിലൂടെ സമത്വപൂർണ്ണവും, സുസ്ഥിരവും, സമഗ്രവുമായ വളർച്ച സാദ്ധ്യമാക്കുന്നതിനും, തൊഴിലിടങ്ങളിൽ സ്ത്രീക്കും, പുരുഷനും തുല്യ തൊഴിൽ-വേതന അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും, തദ്വാരാ സ്വാതന്ത്ര്യം, സമത്വം, തൊഴിൽനീതി, തൊഴിൽപരിരക്ഷ എന്നിവയിൽ അടിയുറച്ച ഒരു തൊഴിൽ സംസ്ക്കാരത്തിന്റെ രൂപീകരണത്തിനും വേണ്ടിയാണ് 'മാന്യമായ തൊഴിൽ' എന്ന ആശയം ഉയർത്തിക്കാണിക്കുന്നത്.

എന്നാൽ യാതൊരുവിധ തൊഴിൽ പരിരക്ഷയോ, തൊഴിൽ സ്ഥിരതയോ, വേതന വ്യവസ്ഥയോ പരിഗണിക്കാതെ, വിദേശമൂലധനം മാത്രം ലക്ഷ്യം വെച്ച് കൊണ്ടാണ് നമ്മുടെ തൊഴിൽനയം പുതിയ തൊഴിലിടങ്ങളിലേക്ക് തൊഴിലാളികളെ തള്ളിവിടുന്നത്.

സാമ്പത്തിക പുരോഗതി വ്യക്തിവികാസത്തിന്റെ തന്നെ തുടർച്ചയായി പ്രൊഫസർ അമർത്യാസെന്നിനെപോലുള്ളവർ ചൂണ്ടിക്കാണിക്കുമ്പോൾ, മേൽ പ്രസ്താവിച്ച തൊഴിൽ നയങ്ങൾ തൊഴിൽ ശക്തിക്ക് ആത്യന്തികമായി എന്ത് നൽകുന്നു എന്ന ചോദ്യം ഉത്തരം കിട്ടാതെ അവശേഷിക്കുന്നു.

*(നീതി.പി : സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഗവേഷണ വിദ്യാർത്ഥിനിയാണ്.)*

●

*പേജ് 17 തുടർച്ച*

ത് നല്ല ഭാര്യമാരും അവരുടെ അപരങ്ങളായ വിധവകൾ, വേശ്യകൾ എന്നിവർ തമ്മിലുള്ള വ്യത്യാസത്തിനെ മുൻനിറുത്തിയാണ് പ്രാന്തവൽകൃത തൊഴിലിനെ, ജാതിതൊഴിലുൾപ്പെടെ ഒരു പ്രത്യേകതരം ഉച്ചനീചത്വം ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. ഈ സ്ത്രീകൾ ഒരു പ്രത്യേകതരംവിഭാഗം ആകുകയും ഇവരിൽ നിന്ന് ആവശ്യമുള്ള തൊഴിലും സേവനവും സാധ്യമാകുകയും ചെയ്യുന്നു. ഇവിടെ ലൈംഗികത വിവാഹം ആയി മാത്രം ഒതുക്കപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള വീടിന് പുറത്ത് ജോലിചെയ്യുന്ന സ്ത്രീകളുടെ മേലുള്ള ഇത്തരം അപരവൽക്കരണവും ലൈംഗികവൽക്കരണവും 19ാംനൂറ്റാണ്ടിലെ വർഗ്ഗരൂപീകരണത്തിലൂടെ സംഭവിച്ചു. അക്കാലത്ത് സ്ത്രീകൾ ഫാക്ടറിജീവനക്കാരോ വീട്ടുജോലിക്കാരോ ആയിരുന്നു. ഇവർക്കുമേലേ ഒരു അർപ്പിത ദുസ്വഭാവവും ലൈംഗികദുർന്നടപ്പും ഉണ്ടായിരുന്നു.

അനൗദ്യോഗിക തൊഴിൽമേഖലയിലെ വലിയവിഭാഗം സ്ത്രീകൾ എപ്രകാരമാണ് സാമൂഹ്യപരമായ അവരുടെ സംഭാവന തിരിച്ചറിയപ്പെടാതെ പോകുന്നത് എന്ന് കാണിച്ചുതരുന്നു. ഉത്പാദന പ്രക്രിയയിൽ തൊഴിൽ ഉത്പാദിപ്പിക്കുന്ന വർഗ്ഗങ്ങൾക്ക് മേലുള്ള കൂട്ടായ നിയന്ത്രണത്തിലൂടെ ഒരു ചെറിയ വിഭാഗത്തിന്റെ മേധാവിത്വത്തിന് കാരണമാകുന്ന പ്രക്രിയയും ജാതിതൊഴിലുകൾക്ക് ഈ ഉത്പാദന ബന്ധങ്ങളിലുള്ള സവിശേഷ സംഭാവനയും മനസ്സിലാക്കിയിട്ടും വേണ്ടവിധത്തിൽ ഇതിനെ നോക്കിക്കാണുന്നതിനോ നിർവചിക്കുന്നതിനോ സിദ്ധാന്തവത്ക്കരിക്കാനുള്ള ശ്രമങ്ങൾപോലും ഉണ്ടായിട്ടില്ല. സാമൂഹിക പദവിയും തൊഴിലും ബന്ധപ്പെട്ട ചോദ്യങ്ങളും തമ്മിൽ ബന്ധപ്പെടുത്തുക അത്യന്താപേക്ഷിതമാണ്. തൊഴിലിനെ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിന് രാഷ്ട്രീയവും സാംസ്കാരികവും ആയ മാനങ്ങൾ കൂടി പരിഗണിക്കേണ്ടതായിവരും.

*(ടാററ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ വിമൻസ് സ്റ്റഡീസിൽ അസിസ്ററന്റ്പ്രൊഫസറായിപ്രവർത്തിക്കുന്നു.)*

●



# മത്സ്യമേഖലയും മത്സ്യതൊഴിലാളി സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും



സീറ്റാദാസൻ

**മത്സ്യമേഖലയും** മത്സ്യമേഖലയെ ആശ്രയിച്ച് ഉപജീവന മാർഗ്ഗം നടത്തുന്ന മത്സ്യത്തൊഴിലാളികളും മത്സ്യവിപണന സ്ത്രീതൊഴിലാളികളും അവരെ ആശ്രയിക്കുന്ന അനേകായിരം കുടുംബങ്ങളും ഇന്ന് പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. സാമ്പത്തിക ഉദാരവത്ക്കരണത്തിന്റെ ഭാഗമായി വൻകിട കപ്പലുകളും ട്രോളറുകളും മത്സ്യസമ്പത്തിനെ അമിതമായി ചൂഷണം ചെയ്യുന്ന ഘട്ടത്തിൽ പരമ്പരാഗത തൊഴിലാളികൾക്ക് തങ്ങളുടെ മത്സ്യബന്ധന വരവ് ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങനെ കുറയുന്ന മത്സ്യസമ്പത്തിനെ പിടിച്ചെടുക്കാനുള്ള മത്സരത്തിനായി കിട്ടുന്ന വരുമാനത്തിന്റെ നല്ലൊരുഭാഗം ഇന്ധനചെലവിനും സ്പെയർപാർട്ട്സിനും വേണ്ടി ചെലവിടുന്നത് മത്സ്യത്തൊഴിലാളികളെ വൻ കടക്കെണിയിലാക്കുകയും ജോലിഭാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

മത്സ്യവിപണനത്തിന് മുമ്പും പിമ്പുമാണ് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇടപെടൽ. മത്സ്യവിപണനത്തിന് മുമ്പ് മത്സ്യം പിടിക്കുന്നതിനാവശ്യമായ വലകളുടെ നിർമ്മാണത്തിൽ ഇവർ ഏർപ്പെടുന്നു. മുൻകാലങ്ങളിൽ സ്ത്രീകളുടെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമായിരുന്നു വലകെട്ട്. വീട്ടിലെ ജോലിക്ക് ശേഷം കടപ്പുറത്ത് കൂട്ടംകൂടിയിരുന്ന് പാട്ടുപാടിയും കഥകളും തമാശകളും പറഞ്ഞുകൊണ്ടും മത്സ്യംപിടിക്കുന്നതിനാവശ്യമായ വലകെട്ടി നല്ല



*മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വിൽക്കുന്നത് സ്ത്രീകളാണ്. മുൻപ് മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം പ്രാദേശിക ചന്തകളിൽ എത്തിച്ചിരുന്നു. ഇന്ന് ഈ അവസ്ഥ മാറി. മത്സ്യം വരുന്ന സ്ഥലം കേന്ദ്രീകൃതമായതു കാരണം ഇവരുടെ പ്രാപ്യത കുറഞ്ഞു.*

വരുമാനം ഉണ്ടാക്കിയിരുന്നു. എന്നാൽ 1980 കളിലും 1990കളിലും ഉണ്ടായ ശക്തമായ പുത്തൻസാമ്പത്തിക പരിഷ്കാരങ്ങളുടേയും യന്ത്രവത്കരണത്തിന്റേയും തിക്തഫലങ്ങൾ മത്സ്യത്തൊഴിലാളികളുടെ തൊഴിലിനേയും തൊഴിലിടത്തേയും പ്രതികൂലമായി ബാധിച്ചു. ഇത് മത്സ്യവില്പനയിലും മറ്റ് അനുബന്ധതൊഴിലുകളിലും ഏർപ്പെട്ടിരുന്ന സ്ത്രീതൊഴിലാളികൾക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നതിനിടയാക്കുകയും പുതിയ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നിർബന്ധിതരാകുകയും ചെയ്തു.

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വിൽക്കുന്നത് സ്ത്രീകളാണ്. മുൻപ് മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം പ്രാദേശിക ചന്തകളിൽ എത്തിച്ചിരുന്നു. ഇന്ന് ഈ അവസ്ഥ മാറി. മത്സ്യം വരുന്ന സ്ഥലം കേന്ദ്രീകൃതമായതു കാരണം ഇവരുടെ പ്രാപ്യത കുറഞ്ഞു. എന്നാൽ ധാരാളം സ്ത്രീകൾ ഇന്നും മത്സ്യവിപണനത്തിലൂടേയും മത്സ്യസംസ്ക്കരണത്തിലൂടേയും മറ്റ് അനുബന്ധതൊഴിലുകളിലൂടേയും ലഭിക്കുന്ന വരുമാനം കൊണ്ടാണ് കുടുംബം പുലർത്തുന്നത്. ഇവരാണ് കുടുംബത്തിന്റെ ഏക ആശ്രയം. കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, കുടുംബത്തിന്റെ നിത്യചെലവുകൾ എന്തിനേറെ മത്സ്യബന്ധന സാമഗ്രികൾ വാങ്ങണമെങ്കിൽ പോലും സ്ത്രീകൾ മുന്നിട്ടിറങ്ങേണ്ടി വരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ സാഹചര്യത്തിൽ സ്ത്രീ തൊഴിലാളികളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളും രാഷ്ട്രീയ ഇച്ഛാശക്തിയും ഉണ്ടാവണം.

### മത്സ്യത്തൊഴിലാളി സ്ത്രീകൾ നേരിടുന്ന പ്രധാനപ്രശ്നങ്ങൾ

കേരളത്തിന്റെ കടൽത്തീരങ്ങളിൽ മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾ കൂടുതൽ ഉള്ളത് തിരുവനന്തപുരം ജില്ലയിലാണ്. തീരങ്ങളിൽ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വാങ്ങുന്നതിനുള്ള മത്സരവും ഏറെയാണ്. പ്രത്യേകിച്ച് പണം കയ്യിലുള്ള വൻകിട-ചെറുകിട കച്ചവടക്കാർ പരസ്പരം മത്സരിക്കുമ്പോൾ പ്രാദേശിക കടപ്പുറങ്ങളിൽ നിന്ന് മത്സ്യം കിട്ടാതെ വരുന്നത് സ്ത്രീകൾക്കാണ്. ഇത് കൂടാതെ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കയറ്റി അയക്കുന്നത് കൂടി വരുന്നു. അതിൽ വിപണനക്കാരായ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് യാതൊരു പങ്കുമില്ല. കയറ്റുമതി കൂടിയാൽ പ്രാദേശിക ജനങ്ങൾക്ക് മത്സ്യം കിട്ടാത്ത അവസ്ഥയുണ്ടാകും. പ്രാദേശിക കടപ്പുറങ്ങളിൽ നിന്നും മത്സ്യം കിട്ടാതെ വരുമ്പോൾ മത്സ്യതൊഴിലാളി സ്ത്രീകൾ ദീർഘദൂരം സഞ്ചരിച്ച് മത്സ്യം ശേഖരിക്കേണ്ടിവരികയും രാത്രി കാലങ്ങളിൽ കടവരാന്തകളിലും കടൽത്തീരത്തും കിടന്നുറങ്ങി യാതൊരു സുരക്ഷിതത്വവും ഇല്ലാതെ മത്സ്യവും ശേഖരിച്ച് മടങ്ങേണ്ടി വരുന്ന അവസ്ഥയുമുണ്ടാകുന്നു. മത്സ്യം മൊത്തമായി വരുന്ന സ്ഥലങ്ങളിൽ (പ്രത്യേകിച്ച് നീണ്ടകര-കൊല്ലം, വിഴിഞ്ഞം-തിരുവനന്തപുരം) സ്ഥലങ്ങളിൽ മത്സ്യം സൂക്ഷിച്ച് വെക്കുന്നതിനും യാതൊരു സംവിധാനവുമില്ല. തുറമുഖങ്ങളിലും മത്സ്യമിറക്കൽ കേന്ദ്രങ്ങളിലും സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനുള്ള സ്ഥലങ്ങളുമില്ല.

### യാത്രാസൗകര്യത്തിന്റെ അപര്യാപ്തത

മൊത്ത-ചില്ലറ വിപണികളിൽ നിന്നും മത്സ്യം എടുക്കുന്നതിനും കടൽത്തീരങ്ങളിൽ നിന്ന് മത്സ്യം ശേഖരിച്ച് പ്രാദേശികചന്തകളിൽ എത്തിക്കുന്നതിനുമുള്ള യാത്രാസൗകര്യം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഇന്നില്ല. സർക്കാർ ബസ്സുകളിൽ മത്സ്യവുമായി വരുന്ന സ്ത്രീകളെ കയറ്റാൻ ഉദ്യോഗസ്ഥർ മിക്കപ്പോഴും തയ്യാറാവുന്നില്ല. എന്നാൽ ബലംപ്രയോഗിച്ച് തൊഴിലാളികൾ ബസ്സിൽ കയറിയാൽ കണ്ടക്ടറും യാത്രക്കാരും ഈ തൊഴിലാളികളും തമ്മിൽ നിരന്തരം വഴക്കടിക്കുകയും തമ്മിൽതല്ലുകയും ചെയ്യുന്നത് നിത്യസംഭവമാണ്. മറ്റ് പല സാധനസാമഗ്രികളും യാതൊരു തടസ്സവുമില്ലാതെ കയറ്റിക്കൊണ്ടുപോകുമ്പോൾ മത്സ്യത്തിനും മത്സ്യത്തൊഴിലാളിസ്ത്രീകൾക്കും മാത്രമേ വിലക്കുള്ളൂ. ഈ സ്ത്രീകളുടെ യാത്രാക്ലേശം പരിഹരിക്കണമെന്നുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് 1980കളിൽ ശക്തമായ സമരം നടത്തിയിരുന്നു. ആ സമരത്തിലൂടെ നേടിയെടുത്ത മത്സ്യഫെഡിന്റെ വനിതാസ്പെഷ്യൽ ബസ്സിന്റെ സ്ഥിതി പരിതാപകരമാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മൂന്നുബസ്സുകളാണ് ഇന്നുള്ളത്.



**ഈ സ്ത്രീകളുടെ യാത്രാക്ലേശം പരിഹരിക്കണമെന്നുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് 1980കളിൽ ശക്തമായ സമരം നടത്തിയിരുന്നു. ആ സമരത്തിലൂടെ നേടിയെടുത്ത മത്സ്യഫെഡിന്റെ വനിതാസ്പെഷ്യൽ ബസ്സിന്റെ സ്ഥിതി പരിതാപകരമാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മൂന്നുബസ്സുകളാണ് ഇന്നുള്ളത്.**

ഇതിൽ പാസ്സെടുത്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. അതിനുള്ള കാരണം തൊഴിലാളികളുടെ സമയത്തിനോ ചന്തകളുടെ സമയത്തിനോ അല്ല ബസ്സോടിക്കുന്നത് എന്നതാണ്. ഉദ്യോഗസ്ഥരുടെ സൗകര്യമനുസരിച്ചാണ് ഇവയുടെ സമയം ക്രമീകരിച്ചിരിക്കുന്നത്. മത്സ്യഫെഡ് ഉദ്യോഗസ്ഥർ പറയുന്നത് വർഷത്തിൽ പതിനേഴായിരം രൂപയുടെ നഷ്ടത്തിലാണ് ഈ ബസ്സുകൾ ഓടുന്നതെന്നാണ്. മത്സ്യം ചന്തകളിലെത്തിക്കാൻ തൊഴിലാളികൾ ആശ്രയിക്കുന്നത് ഓട്ടോ, മിനിലോറി തുടങ്ങിയ പ്രൈവറ്റ് വാഹനങ്ങളെയാണ്. ഒരു മിനിലോറിയിൽ പത്തിലധികം സ്ത്രീകൾ മത്സ്യവും കുത്തിനിറച്ച് പോകുന്നതുകൊണ്ട് അപകടങ്ങൾ നിത്യസംഭവമാകുന്നു. കൂടാതെ വരുമാനത്തിന്റെ നല്ലൊരു ഭാഗം യാത്രാചിലവിനായി കൊടുക്കേണ്ടി വരുന്നു.

**ചന്തകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത**

പതിറ്റാണ്ടുകളായി മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും പ്രസ്ഥാനങ്ങളും മുറവിളി കൂട്ടുന്നത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലിടമായ മത്സ്യചന്തകൾ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി നവീകരിക്കണമെന്നും മാർക്കറ്റുകൾ സ്ത്രീസൗഹാർദ്ദപരമാക്കണമെന്നുമാണ്. എന്നാൽ വെള്ളത്തിൽ വരച്ച വരപോലെ ഇന്നും മാർക്കറ്റുകൾ നവീകരിക്കുന്നതിനോ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ വേണ്ട യാതൊരു നീക്കവും സർക്കാറിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുന്നില്ല എന്നതാണ് സത്യം. ഏതെങ്കിലും മാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ടെങ്കിൽ തന്നെ അശാസ്ത്രീയത അതിൽ നിഴലിച്ചു നിൽക്കുകയാണ്. സ്ത്രീകൾക്ക് ഒട്ടും പര്യാപ്തമായ അവസ്ഥയിലല്ല അത് വിഭാവനം ചെയ്തത് എന്നതുകൊണ്ടു തന്നെ അടിസ്ഥാനസൗകര്യങ്ങളായ വെള്ളം, വെളിച്ചം, കക്കൂസ്, ഡ്രെയിനേജ്, മാലിന്യസംസ്ക്കരണം തുടങ്ങിയ സംവിധാനങ്ങളൊന്നും തന്നെ ഇല്ലാത്ത അവസ്ഥയാണ്. ഇന്ന് അഴുക്കുചാലിലും മാലിന്യക്കൂമ്പാരത്തിലും ചുട്ടുപൊള്ളുന്ന വെയിലിലും കോരിച്ചൊരിയുന്ന മഴയത്തും തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളിസ്ത്രീകളുടെ അവസ്ഥ എന്താണെന്ന് വിവരിക്കേണ്ടതില്ലല്ലോ. ഏതെങ്കിലും ചന്തയിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം തന്നെ പുരുഷന്മാരുടെ നിയന്ത്രണത്തിലായിരിക്കും. വെള്ളത്തിന് പല മാർക്കറ്റുകളിലും പത്തുരൂപ കൊടുക്കേണ്ടി വരുന്നു. മൂത്രപ്പുര ഉപയോഗിക്കാൻ പറ്റില്ല. കാരണം അതിനു ചുറ്റും മദ്യക്കുപ്പിയുമായി പുരുഷന്മാരുണ്ടാകും. അല്ലെങ്കിൽ വൃത്തിഹീനമായ അവസ്ഥയിൽ അവ പൂട്ടപ്പെട്ടിരിക്കും. അതുകൊണ്ടുതന്നെ പകലന്തിയോളം മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സ്ത്രീകൾക്ക് മൂത്രമൊഴിക്കണമെങ്കിൽ ഒളിഞ്ഞും തെളിഞ്ഞും പുരുഷന്മാരുടെ കണ്ണുവെട്ടിച്ചും സാധിക്കേണ്ടി വരുന്നു. ഇനി മാസമുറയാകുന്ന സ്ത്രീയാണെങ്കിൽ രാവിലെ മുതൽ രാത്രി വരെ ടോയ്‌ലറ്റിൽ പോകാതെയും ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതേയും ആ ദിനങ്ങൾ കഴിച്ചു കൂട്ടേണ്ടി വരുന്നു.

ഇതിനൊക്കെ പുറമെ മത്സ്യമാർക്കറ്റുകൾ കേന്ദ്രീകരിച്ചു നടക്കുന്ന സാമ്പത്തിക ചൂഷണം എടുത്ത് പറയേണ്ട ഒന്നാണ്. സ്വകാര്യചന്തകളിലും പൊതു ചന്തകളിലും ആണ് സ്ത്രീകൾ മത്സ്യവിപണനം നടത്തുന്നത്. ഇത് കൂടാതെ തലച്ചുമടായി വീടുകളിൽ മത്സ്യം എത്തിക്കുന്നവരും വഴിയോരങ്ങളിൽ മത്സ്യവിപണനം നടത്തുന്നവരുമുണ്ട്. ഏറ്റവും കൂടുതൽ പ്രശ്നങ്ങൾക്കും സാമ്പത്തികചൂഷണത്തിനും ഇരയാകുന്നത് ചന്തകൾ കേന്ദ്രീകരിച്ച് മത്സ്യവിപണനം നടത്തുന്ന തൊഴിലാളികളാണ്. പല ചന്തകളിലും പല രീതിയിലാണ് കടകൾക്ക് കാശ് വാങ്ങുന്നത്. ഓരോ വർഷവും ചന്തകൾ ലേലം ചെയ്താണ് ലേലക്കാരന് ചന്ത കൈമാറുന്നത്. ലേലത്തുകയുടെ തോതനുസരിച്ചാണ് കരാറുകാരൻ കടക്കാശ് പിരിക്കുന്നത്. പത്തുരൂപ മുതൽ നൂറ്റിഅമ്പതു രൂപ വരെ കടക്കാശ് വാങ്ങുന്ന ചന്തകളുണ്ട്. ഇതിനുപുറമെ ചുമട്ടുതൊഴിലാളികളുടെ പിരിവ് (യൂണിയനുകളുടെ നേതൃത്വത്തിൽ),അവരുടെ ബോണസ്, പലകപ്പിരിവ്, ഇരിപ്പിടപ്പിരിവ്, മത്സ്യം ശേഖരിക്കുന്ന കടപ്പുറത്താണെങ്കിൽ പള്ളിപ്പിരിവ്, ലേലപ്പിരിവ് എന്നുവേണ്ട എല്ലാത്തരം സാമ്പത്തികചൂഷണത്തിനും ഇവർ ഇരകളായിത്തീരുന്നു. കടക്കാശും ചുമട്ടുതൊഴിലാളികൾക്കു കൊടുക്കുന്ന കാശും അല്പം കുറഞ്ഞാൽ കേട്ടാൽ അറപ്പുളവാക്കുന്ന ചീത്തവിളികൾക്കും മാന



**വെള്ളത്തിന് പല മാർക്കറ്റുകളിലും പത്തുരൂപ കൊടുക്കേണ്ടി വരുന്നു. മൂത്രപ്പുര ഉപയോഗിക്കാൻ പറ്റില്ല. കാരണം അതിനുചുറ്റും മദ്യക്കുപ്പിയുമായി പുരുഷന്മാരുണ്ടാകും. അല്ലെങ്കിൽ വൃത്തിഹീനമായ അവസ്ഥയിൽ അവ പൂട്ടപ്പെട്ടിരിക്കും.**

സിക ശാരീരിക പീഡനങ്ങൾക്കും ഇവർ ഇരകളായി തീരുന്നു. കേരളത്തിലെ മുഴുവൻ ചന്തകളിലൂടേയും കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാകും മുഴുവൻ ചന്തകളും ഇന്ന് മാഫിയാസംഘങ്ങളുടെ കയ്യിലാണെന്ന്. അവരാണ് എല്ലാ മത്സ്യമാർക്കറ്റുകളും നിയന്ത്രിക്കുന്നത്. ആര് വിൽക്കണമെന്നും വിൽക്കേണ്ടെന്നും എത്ര കടകാശ് വാങ്ങണം, എത്ര ചുമട്ടുകൂലി വാങ്ങണം, എന്തൊക്കെ സംവിധാനങ്ങളുണ്ടാക്കണം എന്നൊക്കെ തീരുമാനിക്കുന്നത് അവരാണ്. കേരളത്തിൽ തൊഴിലിടവും തൊഴിൽസാഹചര്യങ്ങളും മെച്ചപ്പെട്ടതാണെന്ന് കൊട്ടിഘോഷിക്കുമ്പോൾ മത്സ്യചന്തകളുടെ അവസ്ഥ ഇതാണ്. ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കാൻ ഭരിക്കുന്ന സർക്കാറുകൾക്ക് സാധിക്കും. ചന്തകൾ നവീകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ചന്തക്കുള്ളിലെ ഗുണ്ടായിസവും സാമ്പത്തികചൂഷണവും അവസാനിപ്പിക്കാനും സാധിക്കും. ഓരോ ചന്തയുടെയും ലേലത്തുക പത്തു ലക്ഷം മുതൽ നാല്പതുലക്ഷം രൂപ വരെയാകുന്നുണ്ട്. ഇതൊന്നു കുറച്ചാൽ ഒരുപരിധി വരെ കടക്കാശ് കുറക്കാൻ കഴിയും. ഒരു സർക്കാരും അസംഘടിതരായ തൊഴിലാളികളെ സംരക്ഷിക്കാൻ യാതൊരു നടപടിയും കൈക്കൊള്ളുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

**വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത**

സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. കച്ചവടം ചെയ്യാൻ മൂലധനമില്ലാത്തവരാണ് 98% സ്ത്രീകളും. അതുകൊണ്ട് തന്നെ വട്ടിപ്പലിശക്കാരിൽ നിന്നും പണം കടമെടുത്താണ് ഈ വിഭാഗം തൊഴിലാളികൾ വിപണനം നടത്തുന്നത്. പ്രാദേശിക ബാങ്കുകളിൽ നിന്നും ഇവർക്കാവശ്യമായ വായ്പകൾ ലഭിക്കാറില്ല. ബാങ്കിന് ആവശ്യമായ സെക്യൂരിറ്റി നൽകാൻ ഈ തൊഴിലാളികൾക്ക് സാധിക്കുന്നില്ലെന്നതാണ് കാരണം. അഥവാ ഏതെങ്കിലും ബാങ്കുകൾ വായ്പകൊടുക്കാൻ തയ്യാറായാൽ തന്നെ അതിനുവേണ്ടി ചില വിടേണ്ടിവരുന്ന സമയം കാരണം പല തൊഴിലാളികളും ബാങ്കിനെ ആശ്രയിക്കാതെ വട്ടിപ്പലിശക്കാരിൽ നിന്നും പണം കടംവാങ്ങുന്നു. പെട്ടെന്ന് പണം ലഭിക്കുമെന്നതുകൊണ്ട് ഇവരെയാണ് സ്ത്രീകൾ ആശ്രയിക്കുന്നത്. അതുകൊണ്ട് തന്നെ വരുമാനത്തിന്റെ നല്ലൊരു ഭാഗം പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നു. ഈ കൊള്ളപ്പലിശക്കാരിൽ നിന്ന് സ്ത്രീകളേയും സ്ത്രീതൊഴിലാളികളേയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് കുടുംബശ്രീ സംവിധാനം രൂപംകൊണ്ടത്. അവിടേയും ഈ തൊഴിലാളികളുടെ ആവശ്യം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്നതാണ് സത്യം.

മത്സ്യഫെഡിന്റെ കീഴിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് സഹകരണ സംഘം വഴി പലിശരഹിത വായ്പയും മറ്റു വായ്പകളും നൽകുന്നുണ്ട്. എന്നാൽ യഥാർത്ഥ മത്സ്യത്തൊഴിലാളിസ്ത്രീകളിൽ പലർക്കും ഇത് കിട്ടാതെ പോവുകയും അർഹരല്ലാത്തവർക്ക് കിട്ടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നു. അതുകൊണ്ട് തന്നെ അഹോരാത്രം പണിയെടുത്താലും വരുമാനത്തിന്റെ നല്ലൊരുഭാഗം വട്ടിപ്പലിശക്കാർ കൊണ്ടുപോവുകയും ചെയ്യുന്നു. ഈ അമിതമായ ചൂഷണത്തിൽ നിന്നും മുക്തി ആവശ്യമാണ്.

**ആരോഗ്യപ്രശ്നങ്ങൾ**

ആരോഗ്യരംഗത്ത് കേരളം മുന്നിലാണെന്ന് പറയുമ്പോൾ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇടയിൽ തൊഴിൽജന്യരോഗങ്ങൾ വളരെ രൂക്ഷമാണ്. കുടുംബത്തിനുള്ളിലെ എല്ലാവിധ ജോലികൾക്കും പുറമെയാണ് വരുമാനം ലഭ്യമാകുന്ന തൊഴിലിലും സ്ത്രീകൾ ഏർപ്പെടുന്നത്. കൂടാതെ വളരെ വൃത്തിഹീനമായ സാഹചര്യവും തൊഴിലിടങ്ങളിലെ സുരക്ഷിതത്വമില്ലായ്മയും പ്രതികൂലമായ കാലാവസ്ഥയും കാരണം അപ്രത്യക്ഷമായ പല രോഗങ്ങളും തിരിച്ചു വരുന്ന അവസ്ഥയാണ്. പ്രധാനമായും ക്ഷയം, മലേറിയ, തലവേദന, കണ്ണിനുകാഴ്ചക്കുറവ്, നടുവേദന, യൂറിനറി ഇൻഫെക്ഷൻ തുടങ്ങിയ രോഗങ്ങൾക്ക് ഇവർ ഇരകളായി തീരുന്നു.

കൂടാതെ തൊഴിലിലായിരിക്കുമ്പോൾ തന്നെ പല വിധ അപകടങ്ങൾ ഇവർ നേരിടേണ്ടി വരുന്നു. എന്നാൽ യാതൊരു വിധത്തിലും അനുകൂലമായ ആരോഗ്യസംവിധാനങ്ങളോ ആക്സിഡന്റ്



*ചില്ലറ വില്പനചന്തകളിൽ മത്സ്യം സംസ്ക്കരിക്കാനുള്ള ശീതികരണ സംവിധാനങ്ങൾ ഉണ്ടാകുമ്പോൾ വളരെ വൈകിയുള്ള മത്സ്യവിപണനം തടയാൻ സാധിക്കും.*

ബെനിഫിറ്റ്സോ ഒന്നുംതന്നെയില്ല.

**പരിഹാരമാർഗ്ഗങ്ങൾ**

പുതിയ നഗരപ്രദേശങ്ങൾ വരുന്നതുകൊണ്ട് തന്നെ പുതിയ മാർക്കറ്റുകൾ രൂപപ്പെടണം. അങ്ങിനെവരുമ്പോൾ ഇപ്പോഴുള്ള മാർക്കറ്റുകളുടെ തിക്കും തിരക്കും ഇല്ലാതാകും.

ചില്ലറ വില്പനചന്തകളിൽ മത്സ്യം സംസ്ക്കരിക്കാനുള്ള ശീതികരണ സംവിധാനങ്ങൾ ഉണ്ടാകുമ്പോൾ വളരെ വൈകിയുള്ള മത്സ്യവിപണനം തടയാൻ സാധിക്കും. മത്സ്യം സംസ്ക്കരിക്കുന്നതിനുള്ള വിദഗ്ദപരിശീലനവും നിലവിലുള്ള സാങ്കേതികവിദ്യകളും സ്ത്രീകളെ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകണം.

- എല്ലാ മാർക്കറ്റുകളും നവീകരിച്ച് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉള്ള (വെള്ളം, വെളിച്ചം, മൂത്രപ്പുര, കക്കൂസ്, ഓട സംവിധാനം, മാലിന്യസംസ്ക്കരണം, മേൽക്കൂര) മാർക്കറ്റുകൾ നിർമ്മിക്കുകയും അവ സ്ത്രീകളുടെ മേൽനോട്ടത്തിലും പരിപാലനത്തിലും ആയിരിക്കുകയും വേണം.

- മത്സ്യത്തൊഴിലാളി സ്ത്രീകളുടെ യാത്രാക്ലേശം പരിഹരിക്കാൻ എല്ലാ തീരദേശ റോഡുകളിലൂടേയും KSRTCയുടെ ബസ് സൗകര്യവും, മത്സ്യഫെഡിന്റെ വനിതാ സ്പെഷ്യൽ ബസ്സിന്റെ എണ്ണം വർദ്ധിപ്പിക്കുകയും NRLM, NFDB എന്നീ ഏജൻസികളുടെ ഫണ്ട് ഉപയോഗപ്രദമാക്കുകയും ചെയ്യണം.

- കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ പലതരത്തിലുള്ള ആവശ്യങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന് ഫണ്ട് മാറ്റിവെക്കണം.

- പല തീരദേശഗ്രാമങ്ങളിലും മത്സ്യത്തിന്റെ ലഭ്യത കുറയുന്നതിനാൽ മറ്റ് തൊഴിലുകളിലേക്ക് പോകാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. അതുകൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ട നടപടികൾ സ്വീകരിക്കുകയും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്യണം.

- കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലും ഇറക്കൽകേന്ദ്രങ്ങളിലും മത്സ്യം സംസ്കരിച്ചയക്കാനുള്ള സംവിധാനം ഉണ്ടാകണം. പ്രത്യേകിച്ചും നീണ്ടകരയിലും വിഴിഞ്ഞത്തും.

- മാർക്കറ്റുകൾ ഇപ്പോൾ ഈടാക്കുന്ന കടക്കാശ് പരിമിതപ്പെടുത്തണം. അതിന് സർക്കാറുകളുടെ അധീനതയിലുള്ള മാർക്കറ്റുകളുടെ ലേലത്തുക കുറക്കണം.

- സ്ത്രീത്തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പ്രത്യേകിച്ച് തൊഴിൽജന്യരോഗങ്ങൾ പരിഹരിക്കുന്നതിന് പൊതു ആരോഗ്യകേന്ദ്ര(PHC) ങ്ങളിൽ പ്രത്യേക ക്ലിനിക്കുകൾ ഉണ്ടാകണം. തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾക്ക് അപകട ഇൻഷൂറൻസും മറ്റ് ആരോഗ്യപരിരക്ഷകളും ഉറപ്പാക്കണം.

**ഉപസംഹാരം**

മത്സ്യത്തൊഴിലാളിസ്ത്രീകൾ തങ്ങളുടെ തൊഴിലിടമായ മാർക്കറ്റിൽ നേരിടുന്ന പ്രശ്നങ്ങളും അവരുടെ ആരോഗ്യപ്രശ്നങ്ങളും ഉന്നയിക്കാനാണ് ഈ ലേഖനത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. കേരളത്തിൽ ജനകീയാസൂത്രണം തുടങ്ങിയ നാൾ മുതൽ ഓരോ വർഷവും മാർക്കറ്റുകൾ നവീകരിക്കുവാൻ ലക്ഷക്കണക്കിന് പണം മാറ്റിവെക്കുന്നു. അവയൊന്നും ഈ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ തൊഴിലിടം സംരക്ഷിക്കാനോ ഉതകുന്ന വിധം വിനിയോഗിക്കുവാൻ മാറി മാറി ഭരിച്ച സർക്കാരുകൾക്ക് കഴിയാതെ പോയതാണ് ഈ തൊഴിൽമേഖലയിലെ പ്രതിസന്ധി. ഈ പ്രതിസന്ധി പരിഹരിക്കാനായി യുദ്ധകാലാടിസ്ഥാനത്തിൽ മുഴുവൻ മാർക്കറ്റുകളും നവീകരിക്കുകയും അതിലൂടെ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാവുകയും വേണം. അതിന് ഭരിക്കുന്ന സർക്കാറുകളും ഉദ്യോഗസ്ഥരും ഫിഷറീസ് ഡിപ്പാർട്ട്മെന്റും മുൻകൈ എടുക്കുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളിസംഘടനകൾ, സന്നദ്ധസംഘടനകൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയൊക്കെ ഒത്തുചേർന്നുകൊണ്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആർജ്ജവം കാണിക്കണം.

*(സീറ്റദാസൻ - സേവ യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗമാണ്.)*



ഷീല.പി

# ഈറ്റത്തൊഴിൽമേഖലയും സ്ത്രീകളും

## അല്പം ചരിത്രം

**പട്ടികജാതിവിഭാഗത്തിലെ** സാംബവസമുദായത്തിൽപ്പെട്ടവരാണ് ഈറ്റമേഖലയിലെ പരമ്പരാഗത തൊഴിലാളികൾ. സാമ്പത്തികമായും സാമൂഹികമായുംവളരെ പിന്നോക്കം നിൽക്കുന്ന ഒരുവിഭാഗം ജനതയാണ് ഇവർ. കേരളത്തിലെ തിരുവനന്തപുരം, എറണാകുളം ജില്ലകളിലാണ് ആണ് ഭൂരിഭാഗം ഈറ്റത്തൊഴിലാളികൾ ഉള്ളത്. മറ്റു ജില്ലകളിൽ ഈറ്റ തൊഴിലാളികൾ താരതമ്യേന കുറവാണ്. ഇവരുടെ സാമൂഹിക ചുറ്റുപാടിനെക്കുറിച്ചും ജീവിതരീതിയെക്കുറിച്ചും തൊഴിൽ മേഖലയെക്കുറിച്ചും പറയുമ്പോൾ വളരെ ദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവരും വിദ്യാഭ്യാസമില്ലാത്തവരും ഭൂരഹിതരും കൂട്ടമായി തിങ്ങിപ്പാർക്കുന്നവരുമാണ് – അന്നന്ന് ലഭിക്കുന്നതിനെക്കൊണ്ട് ഉപജീവനം നടത്തുന്നവർ മിക്കവാറുംഎല്ലാവരുംഈറ്റത്തൊഴിലാണ്ചെയ്തിരുന്നത്.

1960–70കാലഘട്ടങ്ങളിൽ ഈ മേഖലയിലെ സ്ത്രീകളും പുരുഷന്മാരും ഈറ്റയെ തന്നെയാണ് ആശ്രയിച്ചിരുന്നത്. പുരുഷന്മാർ വനത്തിൽ പോയി ഈറ്റവെട്ടി തലച്ചുമടായി കൊണ്ടുവരും. ഈ ഈറ്റയിൽ സ്ത്രീയും പുരുഷനുമായി ജോലി ചെയ്യുമായിരുന്നു. പ്രധാനമായും പനമ്പ്, വട്ടി, മുറം, കൊട്ട തുടങ്ങിയ ഉല്പന്നങ്ങളാണ് നിർമ്മിച്ചിരുന്നത്. അവരവർ താമസിക്കുന്ന പ്രദേശത്തെ ചന്തകളിൽ ഈ ഉല്പന്നങ്ങൾ വിൽക്കുമായിരുന്നു.



ആ കാലഘട്ടത്തിൽ കൃഷി ധാരാളം ഉള്ളതിനാൽ കുട്ടയും പനമ്പും മുറവും മറ്റുള്ളവർ വാങ്ങുകയും ചെയ്യും. എന്നിരുന്നാലും ഒരുകുടുംബം ജീവിച്ചു പോകാനുള്ള സാമ്പത്തിക വരുമാനം ഇതിൽ നിന്നും ലഭിക്കില്ല. പുരുഷന്മാർ ഈറ്റയ്ക്ക് പോകുന്ന സമയം പലപ്പോഴും വനത്തിൽ വനപരിപാലകർ തൊഴിലാളികളുടെ വെട്ടുകത്തിയും മറ്റും പിടിച്ചു വാങ്ങി ഈറ്റയും കൊടുക്കാത്ത സമയമുണ്ടായിരുന്നു. കുടുംബങ്ങളിൽ അപ്പോൾ ദാരിദ്ര്യവും പട്ടിണിയുമായിരിക്കും.

ഒരു വീട്ടിൽ തന്നെ അച്ഛനും അമ്മയും എട്ടുപത്തു മക്കളും വൃദ്ധജനങ്ങളും മുഴുപട്ടിണിയിലായിപ്പോകും. ഈറ്റമേഖലയിൽ പണിയെടുക്കുന്ന സ്ത്രീയും പുരുഷനും കൃഷിപ്പണിയും ചെയ്യും. വയൽ ഉഴുകയും ഞാർ നടുകയും കള പറിക്കുകയും കറ്റമെതിക്കുകയുംചെയ്യും. അതിൽ നിന്നും തുച്ഛമായകൂലിയാണ് അന്നത്തെ കാലത്ത് ലഭിച്ചിരുന്നത്. അതോടൊപ്പം ഈറ്റപ്പണിയുംചെയ്യും. അങ്ങനെയാണ് കുടുംബം പുലർത്തിയിരുന്നത്. ഈറ്റതൊഴിലാളികൾക്കുവേണ്ടി 70 കാലഘട്ടത്തിൽ തലച്ചുമടായി ഈറ്റവെട്ടുന്നവർക്ക് ആഴ്ചയിൽ മൂന്നുദിവസം പാസ് അനുവദിച്ചു. പാസ് ലഭിക്കുന്ന ആൾക്ക് ഈറ്റ വനത്തിൽ നിന്നും വെട്ടാൻ അനുവാദമുണ്ടായിരുന്നു. തലച്ചുമടായി വനത്തിൽ നിന്നുംവെട്ടുന്ന ഈറ്റ ചങ്ങാടം കെട്ടിവെള്ളത്തിലിട്ട് ആറുവഴി കൊണ്ടുവരുമായിരുന്നു. കൊ

*1985 കാലഘട്ടമായപ്പോഴേക്കും പുരുഷന്മാർ തങ്ങളുടെ പരമ്പരാഗത മേഖലവിട്ട് കൂടുതൽ കൂലി കിട്ടുന്നതിനായി മറ്റ് പുറം ജോലിക്കായി ഗ്രാമത്തിന് പുറത്തേക്ക് പോകാനായി തുടങ്ങി. ഈ മാറ്റം ഈറ്റപ്പണി ചെയ്യുന്നതിന്റെ മുഴുവൻ ഉത്തരവാദിത്തവും സ്ത്രീകളിലാക്കി.*

ടുംവനത്തിൽ പോകുന്ന ഈറ്റവെട്ടുന്ന പുരുഷനെ സംബന്ധിച്ചിടത്തോളം അയാൾ ജീവൻ പണയം വെച്ചാണ് പോകുന്നത്. വനത്തിലെ വന്യജീവികളുടേയും പാമ്പിന്റേയും ആനയുടേയും ഉപദ്രവം ഏൽക്കാറുണ്ട്. അനേകം ആളുകൾ ആന കുത്തിയും കരടി പിടിച്ചും പാമ്പുകടി ഏറ്റും മരണപ്പെട്ട ചരിത്രവുമുണ്ട്.

ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് യാതൊരു വിധ ക്ഷേമപദ്ധതിയോ മറ്റ് ആനുകൂല്യങ്ങളോ 1970–80 കാലഘട്ടത്തിൽ ഇല്ലായിരുന്നു. ദാരിദ്ര്യവും കഷ്ടപ്പാടും തന്നെ. ഈറ്റ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം വളരെ കുറവായിരുന്നു. പഴമക്കാർ പറയുന്നത് ഈ മേഖലയിൽ എന്തെങ്കിലും ഒരുമാറ്റം ഉണ്ടാകാൻ തുടങ്ങിയത് ഇവിടെ മിഷണറിമാർ വന്നതിന് ശേഷമാണെന്നാണ് പ്രത്യേകിച്ച് ലൂഥറൻ മിഷണറിമാർ. അവർ ഈറ്റത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുത്തു. ബോർഡിംഗിൽ നിന്ന് പഠിക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി ഈറ്റ തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ അവസരമുണ്ടാക്കി.

കാര്യമായി തൊഴിലാളികൾ സംഘടിപ്പിക്കപ്പെടാത്ത ഒരുമേഖലയായിരുന്നു ഈറ്റത്തൊഴിൽമേഖല. മുഖ്യധാര തൊഴിലാളി പ്രസ്ഥാനങ്ങളൊന്നും ഈ മേഖലയിൽ കാര്യമായി ഇടപെട്ടിട്ടില്ല. കാലക്രമേണ പരമ്പരാഗത മേഖലയായ ഈറ്റമേഖലയിൽ സമൂലമായ മാറ്റം വരുത്താൻ സ്വതന്ത്ര തൊഴിലാളി സംഘടനകൾ മുന്നോട്ടുവന്നു. നിരവധി സമരങ്ങൾ ഈറ്റത്തൊഴിലാളികളുടെ പേരിൽ നടന്നു. ഈ സമരത്തിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും അണിനിരന്നു. അങ്ങനെ നിരന്തരമായ സമരപോരാട്ടത്തിലൂടെയാണ് കേരള ബാംബു കോർപ്പറേഷൻ ഡിപ്പോകൾ നിലവിൽവരുന്നത്. സംസ്ഥാനത്തിലാകമാനം ഈറ്റമേഖലയിൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിലെല്ലാം ബാംബുകോർപ്പറേഷന്റെ ഡിപ്പോകൾ വന്നു. ഈറ്റ കോർപ്പറേഷൻ തൊഴിലാളികൾക്ക് ന്യായവിലയ്ക്ക് നൽകും. തൊഴിലാളികൾ വീട്ടിലിരുന്ന് പനമ്പ് നെയ്ത് കോർപ്പറേഷന് നൽകണം. സ്ത്രീയും പുരുഷനും കുട്ടികളും വൃദ്ധരും ഒരു പോലെ അദ്ധ്വാനിക്കുമായിരുന്നു.

**ഇന്നത്തെ അവസ്ഥ**

1985 കാലഘട്ടമായപ്പോഴേക്കും പുരുഷന്മാർ തങ്ങളുടെ പരമ്പരാഗത മേഖലവിട്ട് കൂടുതൽ കൂലി കിട്ടുന്നതിനായി മറ്റ് പുറം ജോലിക്കായി ഗ്രാമത്തിന് പുറത്തേക്ക് പോകാനായി തുടങ്ങി. ഈ മാറ്റം ഈറ്റപ്പണി ചെയ്യുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകളിലാക്കി. പാരമ്പര്യതൊഴിൽ അന്യംനിന്നുപോകാതെ മുന്നോട്ട് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത് സ്ത്രീതൊഴിലാളികളാണ്. ഒരർത്ഥത്തിൽ പറഞ്ഞാൽ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും സ്ത്രീകളുടെ ചുമലിലായി. വീട്ട് ജോലിചെയ്യണം, ഈറ്റപ്പണിയും ചെയ്യണം. രാവിലെ ഉണർന്നാൽ രാത്രി 11 1/2 മണിവരെ ജോലിയായിരിക്കും. ഇതിനുള്ളിൽ വീട്ടിലെ ആർക്കെങ്കിലും അസുഖം വന്നാൽ അവരെ ആശുപത്രിയിൽ കൊണ്ടുപോവുകയും അവരുടെ കാര്യങ്ങൾ നോക്കുകയും വേണം. കുഞ്ഞുങ്ങൾക്ക് അസുഖംവന്നാലോ അതും സ്ത്രീയുടെ ഉത്തരവാദിത്തത്തിലാണ് പോകേണ്ടത്. ഈറ്റപ്പണി രാവിലെ മുതൽ എന്നുപറയുമ്പോൾ ജോലിയ്ക്കിടയിൽ വീട്ടുജോലിയും ഈറ്റപ്പണിയും സംയോജിപ്പിച്ച് കൊണ്ടുപോകണം. രാവിലെ മുതൽ അർദ്ധരാത്രി വരെ ജോലി ചെയ്താൽ കിട്ടുന്ന കൂലിയോ വളരെ തുച്ഛവും. ഈ തുച്ഛമായ കൂലികിട്ടിയാൽ ഒന്നിനും തികയാത്ത അവസ്ഥ. അതുകൊണ്ടുതന്നെ പാരമ്പര്യ തൊഴിലിനെ സംരക്ഷിച്ചുകൊണ്ട് തന്നെ ഇതരജോലിക്ക് പോകുന്ന സ്ത്രീകളുമുണ്ട്. പുറത്തേക്ക് ജോലിക്ക് പോകുന്ന പുരുഷന്റെ പകുതിയുടെ പകുതിവേതനമേ സ്ത്രീക്ക് ലഭിക്കുന്നുള്ളൂ. പുരുഷന് കിട്ടുന്ന വേതനത്തിന്റെ കാൽഭാഗം വീട്ടിൽ വരുമ്പോൾ സ്ത്രീ ജോലിചെയ്യുന്നത് മുഴുവനും വീട്ടിലേക്കായി ചെലവിടാൻ അവൾ നിർബന്ധിതയാകുന്നു. പുരുഷൻ നന്നായി മദ്യപിക്കുന്നവനാണെങ്കിൽ അടിയും തൊഴിയും ഏൽക്കേണ്ടതും സ്ത്രീകൾ തന്നെ. പകലന്തിയോളം പണിയെടുക്കുന്ന സ്ത്രീക്ക് പലപ്പോഴും ഭക്ഷണം പോലും കഴിക്കാൻ കിട്ടാത്ത സാഹചര്യവും ഉണ്ടാകും. എന്നിരുന്നാലും യാതൊരു പരാതിയുമില്ലാതെ വീട്ടുകാര്യങ്ങൾ ക്രമീകരിച്ചും തങ്ങളുടെ തൊഴിലിനെ സംരക്ഷിച്ചും സ്ത്രീകൾ മുന്നോട്ടുപോകുന്നു.

സ്ത്രീകൾ എത്ര തന്നെ അദ്ധ്വാനിച്ചിട്ടും അവരുടെ കൂലിയിൽ വലിയ വ്യത്യാസമില്ല. അങ്ങനെയായപ്പോൾ നിരന്തരമായ സമരപരിപാടിയിലൂടേയും ഇടപെടലിന്റേയും ഭാഗമായി ബാംബു കോർപ്പറേഷൻ സ്ത്രീകൾ കൂടുതലായി പനമ്പ് നെയ്യുന്ന സ്ഥലങ്ങളിൽ പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ രൂപീകരിച്ചു. യന്ത്രത്തിന്റെ സഹായത്തോടെ പനമ്പ് ചെയ്യുന്നതിനായി ഓരോ കേന്ദ്രങ്ങളിലും കഴിവുള്ള അതായത് നന്നായി പനമ്പ് നെയ്യുന്ന ഏറ്റവും കൂടുതൽ ബോണസ്സ് വാങ്ങുന്ന 50 സ്ത്രീകളെ കണ്ടെത്തി പനമ്പ് നെയ്

തു വരുന്നു. ഈറ്റമേഖലയിൽ ജോലി ചെയ്താൽ കിട്ടുന്നതിനേക്കാൾ വരുമാനം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉണ്ട് എന്നറിഞ്ഞ് സ്ത്രീകൾ അതിലേക്ക് പോകാൻ തുടങ്ങി. ഈ സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ളതൊഴിലാളികളെ നിലനിർത്തുന്നതിനായി അവരുടെ വേതനം വർദ്ധിപ്പിച്ചു. മിനിമം കൂലിവരുകയും 200+ഇൻസെന്റീവ്+ബോണസ് (100 രൂപയ്ക്ക് 12 രൂപ) ക്രമത്തിൽ നിലവിൽവന്നു. 2013 മെയ്മാസം മുതൽ ഈ ആനുകൂല്യം തൊഴിലാളികൾക്ക് ലഭിക്കന്നു.

ഈറ്റയുടെ ലഭ്യതക്കുറവ് പൂർണ്ണമായും സ്ത്രീ തൊഴിലാളികളെയാണ് ബാധിക്കുന്നത്. അവർക്ക് ലഭിക്കുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാവുന്നു. ആ ഒരുവസ്തുത മനസ്സിലാക്കിക്കൊണ്ട് മിനിസ്ട്രി ഓഫ് ടെക്സ്റ്റയിൽ സ്ഡെവലപ്മെൻ കമ്മീഷൻ ഹാൻഡിക്രാഫ്റ്റിന്റെ സഹായത്തോടു കൂടിവിവിധ സംഘടനകൾ കരകൗശലവസ്തുക്കൾ ഉണ്ടാക്കാനുള്ള പരിശീലനം ഈ തൊഴിലാളികൾക്ക് നൽകുകയും വൈദഗ്ദ്ധ്യ പരിശീലനത്തിലൂടെ കുറച്ച് ഈറ്റകൾ കൊണ്ട് ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന രീതിയിൽ സ്ത്രീകളെ പ്രാപ്തരാക്കിവരുന്നുണ്ട്.

പാരമ്പര്യ തൊഴിൽമേഖല സംരക്ഷിക്കുന്നതിന്റെ ഭാഗമായും പ്ലാസ്റ്റിക് പോലുള്ള ഉല്പന്നങ്ങൾ കൊണ്ട് പരിസ്ഥിതിക്കു തന്നെ മാറ്റം വന്ന സാഹചര്യത്തിൽ ഈറ്റ കൊണ്ടുള്ള ബദൽ സംവിധാനത്തിന്റെ ആവശ്യകത ഏറിവന്നിരിക്കുന്ന ഒരുകാലഘട്ടത്തിലാണ് ഈറ്റ മേഖല ആയിരിക്കുന്നത്. മാത്രമല്ല യുവതലമുറയിൽപ്പെട്ട സ്ത്രീകൾ തങ്ങളുടെ പാരമ്പര്യ തൊഴിലിനെ ഗണ്യമാക്കാതെ ഇതരജോലിക്കായി പുറത്തോട്ട് പോകാൻ ആഗ്രഹിക്കുന്നു. കാരണം ഈറ്റ ഉല്പന്നങ്ങൾ നിർമ്മിച്ചാൽ കുറഞ്ഞ കൂലിയാണ്ലഭിക്കുന്നത്. പകലന്തിയോളം ഒരിടത്തിരുന്ന് ജോലിചെയ്താൽ ലഭിക്കുന്നത് 100-125 രൂപ. ഇന്നത്തെ വർദ്ധിച്ചുവരുന്ന ജീവിത ചെലവും മറ്റും ഈ ജോലിചെയ്യാനുള്ള താല്പര്യത്തെ ഹനിക്കുകയാണ്. പുരുഷന് പുറത്ത്ജോലിക്ക് പോയാൽ 600-650 രൂപ വരെ ലഭിക്കുമ്പോൾ സ്ത്രീകൾ പുറത്ത്ജോലിക്ക് പോയാലും പരമാവധി 200-250 രൂപയാണ് ലഭിക്കുന്നത്. ഈ സ്ഥിതിമാറിയേതീരൂ.

ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീയേയും ഒരുതൊഴിലാളിയാണെന്ന് അംഗീകരിക്കുകയും അവരും ഈ സമൂഹത്തിന്റെ ഭാഗമാണെന്നും തിരിച്ചറിയേണ്ടതുണ്ട്. അവരിലൂടെയാണ് പാരമ്പര്യ തൊഴിലായ ഈറ്റമേഖല നിലനിൽക്കുന്നത്. ഈ മേഖലയുടെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, അവരുടെ തൊഴിൽ നിലനിർത്തുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ ഈറ്റ അതായത് സമയങ്ങളിൽ ലഭ്യമാകുന്നതിന്, ഭരിക്കുന്ന ഭരണകർത്താക്കൾ മുൻകൈ എടുക്കേണ്ടതാണ്. ഇതൊരു പാരമ്പര്യ തൊഴിലായി കണ്ടുകൊണ്ട് ഈ തൊഴിൽ നിലനിർത്താനും, ഇതിലൂടെ സ്ത്രീകളുടെ വരുമാനമാർഗ്ഗം നിലനിർത്തിക്കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഭരണകർത്താക്കൾക്ക് ഉണ്ടാകണം.

*(ഷീല.പി - സേവ യൂണിയന്റെ ഈറ്റ തൊഴിലാളി സംഘാടക.)*

## ഉഷാസക്കറിയാസിന് ആദരാഞ്ജലികൾ



അമേരിക്കയിലെ വെസ്റ്റ്ഫീൽഡ് സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രൊഫസറായിരുന്ന **ഉഷാസക്കറിയാസ്** അന്തരിച്ചു. എഴുത്തുകാരിയും ഗവേഷകയും ചലച്ചിത്രപ്രവർത്തകയും ആയിരുന്ന ഇവർ ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ അവകാശം, രാഷ്ട്രീയവികേന്ദ്രീകരണം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തിയിട്ടുണ്ട്. കൂടാതെ നിരവധി പഠനങ്ങളും ഇവരുടേതായിട്ടുണ്ട്. തിരുവനന്തപുരം ചലച്ചിത്രോത്സവത്തിൽ ജൂറി അംഗമായിരുന്നു.

2001 ജൂലായിൽ അന്വേഷിയുടെ വെബ്സൈറ്റിന് തുടക്കം കുറിച്ചത് ഉഷയാണ്. എക്കാലത്തും അന്വേഷിയുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്ന ഉഷ സക്കറിയാസിന് ഞങ്ങളുടെ കണ്ണീർപ്പൂക്കൾ.

ബിന്ദു.എസ്

# വൈദഗ്ദ്ധ്യത്തെ തൊഴിലാക്കിയപ്പോൾ

*ഞാൻ പഠിച്ച, എനിക്കറിയാവുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഗുരുക്കന്മാരുടെ സഹായത്താൽ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഔഷധസസ്യങ്ങളും നാട്ടുമരുന്നുകളും ചേർത്ത് 'ആതിരാ ഹെയർ ടോൺ' നിർമ്മിച്ചു.*

**തിരുവനന്തപുരം** പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പ്രാവച്ചമ്പലത്ത് 20ാംവാർഡിൽ വാടകക്കു താമസിക്കുന്ന എനിക്ക് കഷ്ടതകൾ നിറഞ്ഞ ജീവിതത്തിലും സ്വന്തമായി ഒരു വരുമാനമാർഗ്ഗം വേണമെന്ന് ആഗ്രഹമുണ്ടായിരുന്നു. വിവാഹത്തിനു മുമ്പും കുട്ടികൾക്ക് ട്യൂഷനെടുത്ത് എനിക്ക് പഠിക്കുവാനുള്ള വരുമാനം നേടിയിരുന്നു. സംസ്കൃതം ഐച്ഛിക വിഷയമായെടുത്ത് ഡിഗ്രി കഴിഞ്ഞശേഷം ബി.എഡ് എടുത്ത് ടീച്ചറാകാൻ ആഗ്രഹിച്ചു. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകാരണം എനിക്കതിനു സാധിച്ചില്ല.

വിവാഹശേഷവും, ജീവിതത്തിലുണ്ടായ പ്രതിസന്ധികൾ എന്നെയൊരു സംരംഭകയാകാൻ വളരെയധികം സഹായിച്ചു. ഞാൻ പഠിച്ച, എനിക്കറിയാവുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഗുരുക്കന്മാരുടെ സഹായത്താൽ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഔഷധസസ്യങ്ങളും നാട്ടുമരുന്നുകളും ചേർത്ത് 'ആതിരാ ഹെയർ ടോൺ' നിർമ്മിച്ചു. ആദ്യം എന്റെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നൽകി. നല്ല അഭിപ്രായം ലഭിച്ചപ്പോൾ എനിക്ക് സന്തോഷമായി. അങ്ങനെ ഉപയോഗിച്ചവരിൽ കുടുംബശ്രീയിലെ സി.ഡി.എസ്സും ഉണ്ടായിരുന്നു. അവർ ഈ ഉത്പന്നം കുടുംബശ്രീ ജില്ലാമിഷനിൽ എത്തിക്കുവാൻ ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഞാനും സുഹൃത്തും കൂടി ജില്ലാമിഷൻ ഓഫീസിലെത്തി. അന്നത്തെ ഡി.എം.സി, എ.ഡി.എം.സി എന്നിവർ ഇതിനെക്കുറിച്ച് വിശദമായി ചോദിക്കുകയും കുടുംബശ്രീ സംസ്ഥാന മിഷനിൽ അറിയിക്കുകയും ചെയ്തു. ഈ ഉത്പന്നവുമായി സംസ്ഥാനമിഷനിൽ എത്തി. അന്നത്തെ പി.ആർ.ഒ പരിശോദിച്ചു. ഇതിന്റെ ഫലം നന്നായി മനസ്സിലാക്കി, ഇതിനെക്കുറിച്ച് മലയാളമനോരമ ആഴ്ചപ്പതിപ്പിൽ ലേഖനം പ്രസിദ്ധീകരിച്ചു. ഇതു വായിച്ച് കേരളത്തിനകത്തും പുറത്തു നിന്നുമായി ധാരാളം ആളുകൾ ഹെയർടോൺ ആവശ്യപ്പെട്ടു. അവർക്കെല്ലാം കൊറിയറായി എത്തിച്ചുകൊടുക്കുകയും ചെയ്തു.

എന്നാൽ ആദ്യഘട്ടത്തിൽ സാമ്പത്തികം വളരെയധികം പ്രതിസന്ധിയുണ്ടാക്കി. മാനസികമായി വളരെ വിഷമിച്ച സമയത്ത് കുടുംബശ്രീ സഹായത്തിനെത്തി. ഈ സമയം 10 അംഗങ്ങളെ ഉൾപ്പെടുത്തി 2007ൽ 'ഐശ്വര്യകുടുംബശ്രീ' ക്ക് രൂപം നൽകി. മൈക്രോ സംരംഭകർക്കുള്ള 50,000രൂപ, 7500 രൂപ സബ്സിഡിയോടെ അനുവദിച്ചു കിട്ടി. അങ്ങനെ കവർ, സ്റ്റിക്കർ, കുപ്പി എന്നിവ ഉണ്ടാക്കി ഹെയർടോൺ വിപണിയിലെത്തിച്ചു.

വിപണനത്തിനായി വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചു. അന്ന് സംസ്ഥാനമിഷനും ജില്ലാമിഷനും നടത്തിയിരുന്ന സ്റ്റാളുകൾ വളരെ അനുഗ്രഹമായിരുന്നു. എന്നാൽ ഹെയർടോൺ വളരെ കുറച്ചു മാത്രമേ വിൽപ്പന ഉണ്ടായിരുന്നുള്ളൂ. ജനങ്ങൾക്ക് ആദ്യം വെറുതെ നൽകേണ്ട സാഹചര്യം ഉണ്ടായിരുന്നു. ഉപയോഗശേഷം അവർ വീണ്ടും ആവശ്യപ്പെട്ടപ്പോൾ എന്റെ ആത്മവിശ്വാസവും വർദ്ധിച്ചു. ഏതു പ്രതിസന്ധിയും നേരിട്ട് മുന്നേറാൻ ഈ ആത്മവിശ്വാസം സഹായകമായി.

ഈ സമയം ജില്ലാമിഷനിൽ എ.ഡി.എം.സി, എന്നോട് 18 മരുന്നുകൾ ചേർത്ത് ഹെയർടോൺ നിർമ്മിക്കാമെങ്കിൽ നാട്ടിൽ പുറത്ത് സുലഭമായി ലഭിക്കുന്ന ഔഷധസസ്യങ്ങളിൽ നിന്ന്, വ്യത്യസ്തമായ കുറുക്കുകൾ നിർമ്മിച്ചുകൂടേ എന്നു ചോദിച്ചു. തീർച്ചയായും സാധിക്കും എന്ന എന്റെ മറുപടി പുതിയൊരു വഴിത്തിരിവായി.

അങ്ങനെ ദേശീയ അന്നം മേള തിരുവനന്തപുരത്തുവെച്ചു നടത്തിയപ്പോൾ കുടുംബശ്രീ സംസ്ഥാന മിഷൻ ഞങ്ങൾക്കും ഒരു സ്റ്റാൾ അനുവദിച്ചു തന്നു. അന്നവിടെ, പുറത്തു നിന്നും ലഭിക്കാത്ത ഉത്പന്നങ്ങൾ ഞാൻ പ്രദർശിപ്പിച്ചു. ആടലോടകത്തിൽ നിന്നും മറ്റ് ഔഷധസസ്യങ്ങളിൽ നിന്നും പല തരത്തിലുള്ള പായസങ്ങളും ഔഷധക്കഞ്ഞിയും അവിടെ വെച്ചു തന്നെ പാചകം ചെയ്ത് വിതരണം ചെയ്തു. അപൂർവ്വമായ തിരക്കായിരുന്നു അന്നവിടെ അനുഭവപ്പെട്ടത്. സംസ്ഥാനമിഷന്റേയും ജില്ലാമിഷന്റേയും എല്ലാ ഉദ്യോഗസ്ഥരും, മൈക്രോകൺസൾട്ടന്റുമാരും എന്നെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. ഈ പ്രോത്സാഹനം മറ്റ്

ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ എനിക്ക് പ്രേരണയായി.

കുടുംബശ്രീ നടത്തിയിരുന്ന സെമിനാറുകൾ, മേളകൾ ഇവയെല്ലാം എനിക്ക് സഹായകമായി. ഞാൻ നോട്ടീസുകളും കാർഡുകളും തയ്യാറാക്കി ജനങ്ങൾക്കു നൽകി. ജനങ്ങളുടെ പ്രോത്സാഹനവും എനിക്കു ലഭിച്ചു. ഹെയർടോൺ കൂടാതെ ആടലോടകക്കൂട്ട്, ഔഷധപ്പച്ചിലക്കൂട്ട്, ബ്രഹ്മിക്കൂട്ട്, ബ്രഹ്മിപായസം ഇവയെല്ലാം ജനങ്ങൾ സ്വീകരിച്ചു.

ഇവയ്ക്കുള്ള അംഗീകാരമായി സർട്ടിഫിക്കറ്റുകളും ട്രോഫികളും ഓരോ സ്റ്റാളിൽ നിന്നും ലഭിച്ചിരുന്നു. ഇത് കൂടുതലായി പ്രവർത്തിക്കുവാനുള്ള പ്രചോദനമായി.

ചില മേളകളിൽ വൻകിട ഔഷധക്കമ്പനികളുടെ ഉദ്യോഗസ്ഥരുമായി സംസാരിക്കാനും ഇടവന്നിട്ടുണ്ട്. 'കമ്പനികളോടു മത്സരിക്കുന്നോ?' എന്ന ചോദ്യത്തിന്- ഒരിക്കലുമില്ല! എന്ന മറുപടിയായിരുന്നു എന്റേത്. കാരണം ഞാൻ നിർമ്മിക്കുന്നത് മരുന്നല്ല. മറ്റുള്ളവരെ അനുകരിച്ചുള്ള ഉത്പന്നങ്ങളുമല്ല. മറിച്ച് എന്റെ ഉള്ളിലുള്ള ആശയങ്ങളും അറിവുകളും ഉപയോഗിച്ച് ഇതുവരെ ആരും കണ്ടുപിടിച്ചിട്ടില്ലാത്തതും, ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ളതുമായ ഉത്പന്നങ്ങളാണ്. ഇതുകേട്ട് അവർ എന്നെ പ്രോത്സാഹിപ്പിക്കുകയും

കുടുംബശ്രീ നടത്തിയിരുന്ന സെമിനാറുകൾ, മേളകൾ ഇവയെല്ലാം എനിക്ക് സഹായകമായി. ഞാൻ നോട്ടീസുകളും കാർഡുകളും തയ്യാറാക്കി ജനങ്ങൾക്കു നൽകി. ജനങ്ങളുടെ പ്രോത്സാഹനവും എനിക്കു ലഭിച്ചു. ഹെയർടോൺ കൂടാതെ ആടലോടകക്കൂട്ട്, ഔഷധപ്പച്ചിലക്കൂട്ട്, ബ്രഹ്മിക്കൂട്ട്, ബ്രഹ്മിപായസം ഇവയെല്ലാം ജനങ്ങൾ സ്വീകരിച്ചു.

അതിൽ ഞാൻ വിജയിക്കുകയും ചെയ്തു. ഇന്ന് ആതിരാഹെയർടോൺ, രാമച്ചം സ്ക്രബർ, രാമച്ചം ദാഹശമനി, ഈഞ്ചസ്ക്രബർ, ഈഞ്ച, ബ്രഹ്മി ഓയിൽ, ബ്രഹ്മി സിറപ്പ്, ബ്രഹ്മി ജാം, ബ്രഹ്മി ന്യൂട്രീഷ്യസ് ഫുഡ്, ബ്രഹ്മിപ്പായസം, ഹെൽത്ത് മിക്സ്, ആടലോടകക്കൂട്ട്, ഔഷധപ്പച്ചിലക്കൂട്ട്, ഫെയ്സ്പാക്ക്, താളിപ്പൊടി, നെല്ലിക്കാപ്പൊടി, ശീവയ്ക്കാപ്പൊടി, രാമച്ചചൂർണ്ണം, സ്നാനചൂർണ്ണം, കറ്റാർവാഴ മസ്സാജ് ഓയിൽ എന്നിങ്ങനെ 20 ഉത്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. മാസം 50,000 രൂപ വരുമാനം നേടുവാനും മൂന്നുപേർക്ക് സ്ഥിരവരുമാനം നേടിക്കൊടുക്കുവാനും ഇന്നെനിക്ക് സാധിക്കുന്നുണ്ട്. എന്റെ ഭർത്താവും രണ്ടുമക്കളും ഇതിന് വളരെയധികം പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ഈ നേട്ടങ്ങൾ തന്റേടം ജന്റർഫെസ്റ്റ് 2012 -ലെ മികച്ച സംരംഭകക്കുള്ള സംസ്ഥാന സർക്കാറിന്റെ പുരസ്ക്കാരം നേടിത്തന്നു. 2013ൽ ലോകവനിതാ ദിനത്തിൽ സുഗതകുമാരി ടീച്ചറിൽ നിന്നും പൊന്നാടയണിയുവാനുള്ള ഭാഗ്യവും ലഭിച്ചു. ഇതിനോടനുബന്ധിച്ച് പള്ളിച്ചാൽ പഞ്ചായത്ത് നമ്മുടെ കുടുംബശ്രീയെ അനുമോദിക്കുകയും ഡെപ്യൂട്ടി സ്പീക്കർ പൊന്നാടയണിയിക്കുകയും പഞ്ചായത്ത് ഉപഹാരം നൽകുകയും ചെയ്തു. ഇല്ലായ്മയിൽ നിന്നും ജനിച്ചുവളർന്ന എനിക്ക് കഷ്ടപ്പാടിലൂടെ പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറാൻ സഹായിച്ച കുടുംബശ്രീയോട് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. ●







സുഷമ ബിന്ദു

# മരിച്ചവരുടെ നിറം

മരിച്ചവന്റെ കടലിന്
ഓളമൊടുങ്ങാത്ത ചുവപ്പുനിറമാണ്.
പടികയറി വന്നിട്ടുണ്ടോ
ഹൃദയം തുളച്ച്
ഒരാംബുലൻസെങ്കിലും?
കണ്ടിട്ടുണ്ടോ
ഒരു മരണമെങ്കിലും
കണ്ണടവെക്കാതെ?
രുചിച്ചിട്ടുണ്ടോ
ലഹരിയോടൊപ്പമല്ലാതെ?
പച്ചമണ്ണിൽ ചവിട്ടി
നടന്നുപോയിട്ടുണ്ടോ
അവന്റെ കുഴിമാടംവരെ?
മരിച്ചവരുടെ നാവുകൾ
നങ്കൂരങ്ങളാണ്
അനക്കാനാവാതെ
കനംവെച്ചവ
ചെവിയോർത്തിട്ടുണ്ടോ
ഇന്നേവരെ
അവർക്കു വെളിപ്പെടുത്താനുള്ളതിന്?
മരിച്ചവരുടെ മുറിവുകൾ എണ്ണി
കിഴികെട്ടരുത്
കണ്ടിട്ടുണ്ടോ
അവന്റെ ഹൃദയത്തിൽ
ആഴത്തിൽ പതിഞ്ഞ
ഒരു മുറിവെങ്കിലും?

കവിത

# ‘ശൂ’ന്യവേളയിൽ



**ഷീബാ ദിവാകരൻ**



ചുട്ടുപഴുത്ത കല്ലിൽ
മാവൊഴിച്ചുപരത്തി
മറിച്ചിടുംമുമ്പായിരുന്നു,
മിക്സി ഓണാക്കിയതും
സ്റ്റൗ ഓഫാക്കിയതും
ഉറങ്ങുന്ന കുഞ്ഞുങ്ങളെ
കുലുക്കിവിളിച്ചതും.

മിക്സി ഓഫാക്കാനായി
വീണ്ടും ഞാൻ മാവൊഴിച്ചു,
‘ശൂ’പോക്കി
കുക്കർ തുറന്നുവച്ചു.
അടുത്ത ദോശയൊഴിച്ചാൽ
അരപ്പ് ചേർത്ത് കലക്കാം.

കാറ്റുപോലൊരമ്മയെന്ന്
കുഞ്ഞ് കൊഞ്ചിപ്പറഞ്ഞപ്പോൾ
കണക്കിൽതോറ്റാണ്
അടുക്കളക്കാരിയായതെന്ന്
ഒരിക്കൽക്കൂടിയോർത്തുപോയി.





ചാരുലത

# അസംഘടിതമേഖലയിലെ സംഘടിതതൊഴിലാളികളോടൊപ്പം

**സ്വന്തമായ** ഒരു ജോലി സ്ത്രീയെ ആത്മവിശ്വാസവും സ്വാശ്രയബോധവും ഉള്ളവളാക്കുമ്പോൾ, ജോലിസ്ഥലം അവളുടെ സ്വൈര്യത്തിന്റെ ഉറവിടമാകുന്നു. കുടുംബത്തിനകത്തെ നിലനിൽപ്പിനുപോലും സ്ത്രീക്ക് ഒരു ജോലി അഥവാ സാമ്പത്തിക ഭദ്രത ഒരു വലിയ ഘടകമായി വരുന്നു. എന്നാൽ മാന്യമായ ജോലിയും ഉയർന്ന ശമ്പളവും തൊഴിൽസംരക്ഷണവുമുള്ള സ്ത്രീകൾ പോലും തൊഴിലിടത്ത് അനുഭവിക്കുന്ന സംഘർഷം ഏറെയാണ്. അപ്പോൾ സാമ്പത്തികമോ ശാരീരികമോ തൊഴിൽ സുരക്ഷയോ ഇല്ലാത്ത അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പലപ്പോഴും ആലോചനാതീതമാണ്. 'പെൺകൂട്ട്' എന്ന ഒരു കൂട്ടായ്മയിലൂടെ കോഴിക്കോട് മിഠായിതെരുവിലെ അസംഘടിത സ്ത്രീത്തൊഴിലാളികളെ സംഘടിപ്പിക്കാനും അവരെ ഒരുമിപ്പിച്ച് നിർത്താനും കഴിഞ്ഞ വിജിയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്....



പി.വിജി

"ഞാൻ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ത്രീയാണ്. നഗരത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾ മനുഷ്യജീവികളാണെന്ന കാര്യം പോലും പലപ്പോഴും മുതലാളിമാർ മറന്നുപോകുന്നു. അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ പലവിധ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഒരു ബില്ലു പാസ്സാക്കിയിട്ടുണ്ട്. അതിൽ പി.എഫ്, ഇ.എസ്.ഐ, ക്ഷേമനിധി തുടങ്ങിയവയെല്ലാം അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഇതൊന്നുമറിയാതെയാണ് അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്നത്. നഗരത്തിലെ ടെക്സ്റ്റൈൽ ഷോപ്പിലാണ് ഈ മേഖലയിലെ സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത്. രാവിലെ 9 മണി മുതൽ രാത്രി 7 വരെയാണ് അവരുടെ ജോലിസമയം. സീസണുകളിൽ ജോലി സമയം പിന്നേയും കൂടും. എന്നാൽ ശമ്പളം കൂടുന്നുമില്ല. എപ്പോൾ വേണമെങ്കിലും പിരിച്ചു വിടാമെന്നുള്ള ഭീഷണി വേറെയും. ഇങ്ങനെയൊരു സാഹചര്യത്തിലാണ് ഞങ്ങൾ കുറേ സ്ത്രീകൾ ഇതിനെതിരെ എന്തെങ്കിലും ചെയ്യുന്നതിനായി പെൺകൂട്ട് എന്ന ഒരു കൂട്ടായ്മയിലേക്ക് എത്തുന്നത്. സംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന ഏതൊരു സ്ത്രീത്തൊഴിലാളിക്കും കടന്നുവരാനും പ്രവർത്തിക്കാനും കഴിയുന്ന ഒരു കൂട്ടാ

യ്മയാണ് പെൺകൂട്ട്.

റെഡിമെയ്ഡ് ഷോപ്പ്, ടെക്സ്റ്റൈൽ ഷോപ്പ്, കണ്ണട ഷോപ്പ്, ഫാൻസി ഷോപ്പ്... ഈ സ്ഥാപനങ്ങളിലാണ് അധികവും സ്ത്രീകൾ ജോലി ചെയ്യുന്നത്. പെൺകൂട്ടിന്റെ നേതൃത്വത്തിലായിരുന്നു സ്ത്രീകളുടെ പ്രാഥമിക ആവശ്യം നിർവ്വഹിക്കുന്നതിനായി മിഠായി തെരുവിൽ കുറേ നാളുകൾക്കു മുമ്പേ ഒരു സമരം നടന്നത്. ഇതിനു വേണ്ടി ഒരു സമരം ചെയ്യേണ്ടി വരുക എന്നു പറയേണ്ടി വരുമ്പോൾ തന്നെ ഈ രംഗത്ത് സ്ത്രീകളനുഭവിക്കുന്ന ദുരിതം എന്താണെന്ന് വ്യക്തമാണ്. അന്നൊരു വ്യവസായ പ്രമുഖൻ പറഞ്ഞത് "സ്ത്രീകൾ ജോലിക്കു വരണ്ട മൂത്രമൊഴിച്ച് വീട്ടിലിരുന്നോട്ടെ" എന്നാണ്. ഞങ്ങൾ ശക്തമായി സമരരംഗത്ത് പിടിച്ചു നിന്നു. ഒടുവിൽ ഞങ്ങളുടെ അവകാശം ന്യായമാണെന്ന് തിരിച്ചറിഞ്ഞ് പരിഹാരം കാണാൻ തൊഴിലുടമകൾ നിർബന്ധിതരായി. ഞങ്ങളും മനുഷ്യരാണെന്ന് അവർക്ക് അംഗീകരിക്കേണ്ടി വന്നു. ഈയൊരു സമരത്തോടു കൂടി സ്ത്രീ തൊഴിലാളിക

*കോഴിക്കോട് മാവൂർറോഡിലെ 'കൂപ്പൺ' എന്ന തുണിക്കടയിൽ സെപ്റ്റംബർ 23ാംതിയ്യതി മുതൽ തൊഴിലാളികൾ പണിമുടക്കിലാണ്. പണിമുടക്കിലേക്കു നയിച്ച സാഹചര്യം തൊഴിലാളികൾ സംഘടിതയുമായി പങ്കുവെക്കുന്നു.*

കുറച്ചു കാലമായി കൂപ്പൺ അടച്ചുപൂട്ടാൻ പോവുകയാണെന്ന് പലരെപ്പോലെ ഞങ്ങൾക്കും ഒരു കേട്ടറിവുണ്ടായിരുന്നു. എന്നാൽ ഇതിനെക്കുറിച്ച് ആധികാരികമോ ഔദ്യോഗികമോ ആയ യാതൊരു അറിയിപ്പും ഞങ്ങൾക്കു കിട്ടിയിരുന്നില്ല. അതുകൊണ്ടു തന്നെ അതത്ര കാര്യമാക്കിയതുമില്ല. ഏതാണ്ട് 2 ആഴ്ച മുന്നേ പെട്ടന്നൊരു ദിവസം സാറമ്മാരു പറയുകയാണ് ഈ വരുന്ന (2013 സെപ്തം.) 30ാംതിയ്യതി കൂപ്പൺമാൾ അടച്ചുപൂട്ടുകയാണെന്ന്. വല്ലാത്തൊരു വേവലാതിയാണ് ഞങ്ങൾക്കതു കേട്ടപ്പോൾ തോന്നിയത്. ജോലിക്ക് ചേരുന്ന സമയത്ത് പി.എഫും ഇ.എസ്.ഐയും ഒക്കെ ഉണ്ടെന്ന് പറഞ്ഞിരുന്നു. ശമ്പളത്തിൽ നിന്നും ഇതിന്റെ പൈസ പിടിച്ചിട്ടാണ് കിട്ടിയിരുന്നത്. അടച്ചുപൂട്ടൽ കേട്ടപ്പോൾ ഞങ്ങൾ പി.എഫിനെ കുറിച്ച് ചോദിച്ചു. അപ്പോൾ പി.എഫ്.നമ്പർ എന്ന് പറഞ്ഞ് ഒരു നമ്പർ തന്നു. അതു ഞങ്ങൾ പി.എഫിന്റെ ഓഫീസിൽ കൊണ്ടുപോയി കൊടുത്തപ്പോൾ അവർ പറയുന്നത് ഇത് അവിടത്തെ നമ്പർ അല്ല. ഇതിനെക്കുറിച്ച് അവർക്കൊന്നും അറിയില്ല എന്നാണ്. ഇതു മാത്രമല്ല ബോണസോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും ഒരിക്കലും ഞങ്ങൾക്ക് കിട്ടിയിരുന്നില്ല. ഓണത്തിന്റെ തലേദിവസം രാത്രി വരെ പണി ചെയ്ത് പോകാൻ നേരത്ത് ബോണസെന്നോ ഇൻസെന്റീവ് എന്നോ ഒക്കെ പറഞ്ഞ് ആയിരത്തിൽ താഴെ വരുന്ന (800-1000) ഒരു തുക ഞങ്ങൾക്ക് കിട്ടി.

ഒരു വർഷമായി ഇവിടെ പഞ്ചിംഗ് സിസ്റ്റം നിലവിലുണ്ട്. ഈ സിസ്റ്റം വന്നതിനുശേഷം ശമ്പളം വാങ്ങുമ്പോൾ പലർക്കും പൈസ കുറവ് കാണും. അതിനെക്കുറിച്ച് ചോദിക്കുമ്പോൾ പറയുന്നത് പഞ്ച് ആകാത്ത ദിവസത്തെ പൈസയാണ് കട്ട് ചെയ്തിരിക്കുന്നത് എന്നാണ്. പഞ്ച് ചെയ്യുന്ന സമയത്ത് ഇത് പഞ്ച് ആയോ ഇല്ലയോ എന്നറിയുവാൻ തൊഴിലാളികൾക്ക് യാതൊരു മാർഗ്ഗവും ഇല്ല. മുപ്പത് ദിവസം പണിയെടുത്തു കഴിഞ്ഞ് അടുത്ത പതിനഞ്ചിന് പൈസ കിട്ടുമ്പോഴാണ് ഞങ്ങൾ പണിയെടുത്ത ദിവസം പഞ്ച് ആയിട്ടില്ല എന്നുപറഞ്ഞ് പൈസ കട്ട് ചെയ്യുന്നത് മനസ്സിലാവുന്നത്. അതിനെക്കുറിച്ച് പറഞ്ഞാൽ 'അന്വേഷിക്കട്ടെ അതിനുശേഷം എന്തെങ്കിലും ചെയ്യാം' എന്നുപറയും. പിന്നീട് കിട്ടിയെങ്കിലായി ഇല്ലെങ്കിലായി എന്നതാണ് അവസ്ഥ. അതിനെക്കുറിച്ച് ചോദിക്കുന്നവരെ ഒരു പ്രത്യേകരീതിയിലാണ് പിന്നീട് കാണുക. ഒരു ഫ്ളോറിലെ പണി മുഴുവൻ പലപ്പോഴും അവർക്ക് ഒറ്റക്ക് ചെയ്യേണ്ടി വരും. ഓരോരോ പണികൾ കണ്ടുപിടിച്ച് അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കും... അതുകൊണ്ടുതന്നെ പോയതു പോട്ടേന്നുവെക്കുകയാണ് ഞങ്ങളിൽ പലരും. സമാധനമായി ഒരിടത്തു നിന്ന് ജോലിചെയ്യാമല്ലോ. അദ്ധ്വാനിച്ച പൈസ തരാനുള്ള മടിയാണ് അവരീകാണിക്കുന്നത്.

തുടക്കത്തിൽ പി.എഫും മറ്റും കഴിഞ്ഞിട്ട് 4200 കയ്യിൽ കിട്ടിയിരുന്നു. കഴിഞ്ഞ മാസം 1000 രൂപ (5200)കൂട്ടിയിട്ടുണ്ട് എന്ന് പറഞ്ഞു. മുഴുവൻ ശമ്പളം വാങ്ങണമെന്ന വാശിയിൽ ഞങ്ങളിൽ ചിലർ ഒരു ലീവ് പോലും എടുക്കാതെ എല്ലാ ദിവസവും ജോലിക്ക് വന്നു. 5000 രൂപ ഒരുമിച്ചു കിട്ടുക എന്നത് ഞങ്ങളുടെ ഒരു സ്വപ്നമായിരുന്നു. അവസാനം കയ്യിൽ കിട്ടിയതോ 4900. ചോദിച്ചാൽ ഒന്നിനെക്കുറിച്ചും വ്യക്തമായ ഒരുത്തരവും ഞങ്ങൾക്കു കിട്ടിയില്ല. അവിടുന്ന് (ബാംഗ്ലൂർ) ഇങ്ങോട്ടയച്ചു തന്നതാണ് എന്ന് ഇവർ പറയും. അവരോട് ചോദിച്ചാലോ ഹാജറിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം അയച്ചു തരുന്നത് എന്നായിരിക്കും മറുപടി. ഇങ്ങനെ പൈസയുടെ കാര്യത്തിൽ പല തിരിമറിയും നടക്കുന്നുണ്ട്.

ഇഡീക്കോ എന്ന ഒരു ഏജൻസിയാണ് ഞങ്ങളിൽ പലരേയും നിയമിച്ചത്. കൂപ്പണിന്റെ ഉടമസ്ഥരും ഇഡീക്കോയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാകാം നിയമനം. ഇതിനെപ്പറ്റി അധികം ഒന്നും അറിയില്ല.

ഞങ്ങൾ 24 തൊഴിലാളികളും ഒറ്റക്കെട്ടായി സമരരംഗത്തുണ്ട്. കൂടാതെ മുമ്പേ ജോലി ചെയ്ത് പി.എഫ് കിട്ടാതെ പിരിഞ്ഞു പോയവരും ഞങ്ങളോടൊപ്പം സമരരംഗത്തുണ്ട്. ഇന്ന് വൈകീട്ട് (സെപ്തം. 26) യൂണിയൻ നേതാക്കളുമായി ചർച്ചയുണ്ടെന്ന് അറിയുന്നു. പ്രതീക്ഷയിലാണ് ഞങ്ങൾ.

(26ന് രാത്രി 10 മണിക്ക് തുടങ്ങി 4 മണി വരെ നീണ്ട ചർച്ചയിൽ തൊഴിലാളികളുടെ പി.എഫ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ മാനേജ്മെന്റ് അംഗീകരിക്കുകയും തുടർന്ന് സമരം പിൻവലിക്കുകയും ചെയ്തു.'പൊരുതി നിൽക്കുന്ന ഒരു വിപ്ലവവും തികഞ്ഞ പരാജയമാകാൻ ഒരു സാധ്യതയും ഇല്ല.')

ളുടെ ഇടയിലും ആത്മബോധം ഉണ്ടായി.

സമരത്തിനു മുന്നേ ഇങ്ങനെ ഒരു സൗകര്യം ഉണ്ടായിരുന്നില്ല. രാവിലെ വീട്ടിൽ നിന്ന് വന്നാൽ തിരിച്ചു പോവുന്നതുവരെ അങ്ങനെ നിൽക്കുക തന്നെ. നിവർത്തിയില്ലാതെ വരുമ്പോൾ മുതലാളിയുടെ അനുവാദം വാങ്ങി ഏതെങ്കിലും സ്ഥലം കണ്ടുപിടിച്ച് പോവുകയാണ് ചെയ്തിരുന്നത്. ചെറിയ പെൺകുട്ടികൾക്ക് ചോദിക്കാൻ പോലും മടിയാണ്. ചോദിച്ചാലോ പലപ്പോഴും കളിയാക്കലാണ് കേൾക്കേണ്ടിവരുന്നത്. അതുകൊണ്ട് വീട്ടിൽ തിരിച്ചെത്തുമ്പോൾ മാത്രമാണ് മൂത്രമൊഴിക്കുന്നത്. 70% പെൺകുട്ടികളും അങ്ങനെയാണ്. നഗരത്തിലെ തൊഴിലുടമകൾ എങ്ങനെയാണ് പെൺകുട്ടികളെ കാണുന്നതെന്ന് മനസ്സിലായല്ലോ.

ആർത്തവകാലങ്ങളിൽ ഹോട്ടലുകളാണ് ഞങ്ങൾക്ക് ആശ്രയം. പത്തും ഇരുപതും രൂപ കൊടുത്ത് ചായ കുടിച്ച് അത്യാവശ്യ കാര്യവും കഴിഞ്ഞ് മടങ്ങി വരും. ഇതൊരു ഭീകരമായ ആരോഗ്യ പ്രശ്നം തന്നെയാണ് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉള്ള സ്ത്രീകൾ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ട്. കൂടിയിരുന്ന് ചർച്ച ചെയ്യുമ്പോഴാണ് പലതും അവർ തുറന്ന് പറയുന്നത്. ഗർഭപാത്രസംബന്ധമായ അസുഖങ്ങൾ ഉള്ളവർ, മൂത്രത്തിൽ പഴുപ്പുള്ളവർ... ഇതൊന്നും ആരോടും പറയാതെ സ്വയം അഡ്ജസ്റ്റ് ചെയ്ത് കഴിയേണ്ടതാണെന്ന് ഉള്ള ധാരണയായിരുന്നു തൊഴിലാളികൾക്ക്. തൊഴിലാളികളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കൽ തൊഴിലുടമയുടെ ബാധ്യതയാണെന്ന ഒരു തിരിച്ചറിവ് ഈ കൂട്ടായ്മയിലൂടെ ഉണ്ടാക്കാൻ കഴിഞ്ഞു. 2009ലാണ് അസംഘടിതമേഖലയിൽ ഇങ്ങനെയൊരു സ്ത്രീകൂട്ടായ്മ രൂപംകൊള്ളുന്നത്. ആദ്യമായിട്ടാണ് ഈ മേഖലയിൽ സ്ത്രീകൾക്ക് ഒരു കൂട്ടായ്മ ഉണ്ടായത്.

ഈ രംഗത്ത് പുരുഷ തൊഴിലാളികളും നിരവധി പ്രശ്നങ്ങൾ അതിജീവിച്ചുകൊണ്ടു തന്നെയാണ് നിലനിൽക്കുന്നത്. മാത്രമല്ല ഞങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും അവരുടെ പിന്തുണയും ലഭിക്കുന്നുണ്ട്. മൂത്രപ്പുരസമരത്തിന് ശേഷമാണ് ഒരു തൊഴിലാളി യൂണിയനെ കുറിച്ച് ചിന്തിക്കുന്നത്. സർക്കാർ, ഈ മേഖലയിലെ തൊഴിലാളികൾക്ക് എല്ലാ വിധ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ബില്ലു പാസ്സാക്കി എന്ന് ഞാൻ പറഞ്ഞുവല്ലോ. പക്ഷേ പി.എഫ്., ഇ.എസ്.ഐ, ക്ഷാമബത്ത ഇതൊന്നും പുരുഷ തൊഴിലാളികൾക്കും കിട്ടുന്നില്ല. അങ്ങനെയാണ് അസംഘടിത മേഖല തൊഴിലാളി യൂണിയൻ (എ.എം.ടി.യു) രൂപീകരിക്കുന്നത്.

അസംഘടിതമേഖലയിലെ ചൂഷണത്തിനെതിരെ ഉള്ള ഒരു ശബ്ദമായി നിൽക്കാൻ ഇന്ന് ഈ യൂണിയന് കഴിയുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് 'കൂപ്പണി' ലെ തൊഴിലാളികൾ അവരുടെ പ്രശ്നങ്ങളുമായി ഞങ്ങളെ സമീപിക്കുന്നത്. (ബോക്സ് കാണുക)

കൂപ്പണിലെ തൊഴിലാളികൾക്ക് തൊഴിലുടമയുമായി യാതൊരു ബന്ധവുമില്ല. ഏജൻസി വഴിയാണ് അവരുടെ നിയമനം നടക്കുന്നത്. അതുകൊണ്ടു തന്നെ തൊഴിലുടമക്ക് തൊഴിലാളിയോട് യാതൊരു ബാധ്യതയും വരുന്നില്ല. തൊഴിലുടമ ആരാണെന്നോ ഏജൻസി ആരാണെന്നോ പോലും തൊഴിലാളി അറിയാൻ സാധ്യതയില്ല. ഇത് ഇവിടുത്തെ മാത്രം പ്രശ്നമല്ല. നഗരത്തിലെ എല്ലാ പ്രമുഖ കടകളിലും ഇതു തന്നെയാണ് അവസ്ഥ. ഇവിടെയെല്ലാം തൊഴിലാളികളെ എടുക്കുന്നത് ഏജൻസികൾ വഴിയാണ്. ആരാണ് തൊഴിലുടമ, എവിടെയാണ് അയാൾ ഇതൊന്നും തൊഴിലാളിക്ക് അറിയില്ല. തൊഴിലുടമയുമായി നേരിട്ട് ഒരു ബന്ധവുമില്ല. ഏജൻസികളുടെ സ്റ്റാഫാണെന്നു പറഞ്ഞ് ഇവരെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്.

സെപ്റ്റംബർ 20ാംതിയ്യതി കൂപ്പണിലെ പ്രശ്നത്തിൽ ഇടപെടുമ്പോഴാണ് ഇഡ്യുകോ(ഏജൻസി) യിലെ തൊഴിലാളികളാണ് തങ്ങളെന്ന് പലരും അറിഞ്ഞത്. പലപ്പോഴും ഏജൻസികൾ അങ്ങോട്ടും ഇങ്ങോട്ടും തൊഴിലാളികളെ മാറ്റുന്നുണ്ട്. തൊഴിലാളികളുടെ അറിവോടെയല്ല ഇതു ചെയ്യുന്നത്. ഇതിനെക്കുറിച്ചൊന്നും ചിന്തിക്കാനും അവർക്ക് സമയമില്ല. വീട്... തൊഴിൽസ്ഥലം. തൊഴിൽസ്ഥലം... വീട്. തൊഴിലെടുക്കുന്ന സ്ത്രീകൾ എന്നും ഇരട്ടഭാരമാണ് പേറുന്നത്.

തൊഴിൽ നിയമങ്ങളെക്കുറിച്ച് ഞങ്ങളിൽ പലരും തികച്ചും അജ്ഞരാണ്. ലേബർ ഓഫീസർമാരാണ് തൊഴിലാളികൾക്ക് ഇത്തരം ബോധവത്ക്കരണം ഉണ്ടാക്കേണ്ടത് പക്ഷേ ലേബർ ഓഫീസർമാർ പലപ്പോഴും മുതലാളിമാരുടെ പക്ഷത്തായിരിക്കും. പി.എഫ്, ഇ.എസ്.ഐ ഇത്തരം ആനുകൂല്യങ്ങൾ ഇവർക്ക് കിട്ടുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടത് ലേബർ ഓഫീസർമാരാണ്. ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണല്ലോ ഇവരെ സംരക്ഷിക്കുക എന്നത്. എന്നാൽ യാതൊരുവിധ സംരക്ഷണവും ഇവരിൽ നിന്ന് കിട്ടുന്നില്ല എന്നുമാത്രമല്ല പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടായാൽ തന്നെ ഇക്കൂട്ടർ നിൽക്കുക മുതലാളിമാരെ അനുകൂലിച്ചാണ്.

'കൂപ്പണി' ലെ കാര്യം തന്നെ നോക്കുക. പെട്ടെന്നൊരു ദിവസം ഏതാനും ദിവസങ്ങൾക്കുള്ളിൽ കട അടച്ചുപൂട്ടുകയാണെന്ന അറിയിപ്പാണ് തൊഴിലാളികൾക്ക് കിട്ടുന്നത്. തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടാണ് ഇവരുടെ സമീപനം. അതിനെക്കുറിച്ച് ചോദിക്കുമ്പോൾ വ്യക്തമായ ഒരുത്തരം അവർക്ക് കൊടുത്തിരുന്നില്ല.

കുടുംബത്തിനകത്തും തൊഴിൽസ്ഥലത്തും സ്ത്രീ ഒരുപോലെ ചൂഷണത്തിന് വിധേയയായിക്കൊണ്ടിരിക്കുകയാണ്. ഒരു മാനുഷിക പരിഗണനപോലും രണ്ടു സ്ഥലത്തു നിന്നും അവൾക്ക് കിട്ടുന്നില്ല. സാമ്പത്തിക അടിത്തറയോ തൊഴിൽ സുരക്ഷിതത്വമോ ഇല്ലാത്ത അസംഘടിതമേഖലയിലെ സ്ത്രീത്തൊഴിലാളികളുടെ ഒപ്പം നിൽക്കാൻ ഇവിടുത്തെ സ്ത്രീ സംഘടനകളും സ്ത്രീപ്രവർത്തകരുമെങ്കിലും ഉണ്ടാവണം.

●



# ചില തൊഴിലനുഭവങ്ങൾ

**സൗമ്യ ബിജു**

വരാക്കര ദേശത്ത് താമസിക്കുന്ന സൗമ്യബിജുവിന്റെത് പ്രണയവിവാഹമായിരുന്നു. അതിനാൽ ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ സൗമ്യയുടെ ജീവിതം ഊതിക്കാച്ചിയ പൊന്നുപോലെ തിളങ്ങുന്നു. ബിജുവിന്റെ കുടുംബത്തിൽ രോഗിയായ അമ്മയും ബിജുവും മാത്രമാണ് ഉണ്ടായിരുന്നത്. കുടുംബവിഹിതമായി കിട്ടിയ 10 സെന്റ് സ്ഥലവും അതിലൊരു ചെറിയ വീടും മാത്രമായിരുന്നു സമ്പാദ്യം. ബിജുവിന് മരപ്പണിയായിരുന്നു. ഒരാളുടെ വരുമാനം കൊണ്ട് അമ്മയുടെ ചികിത്സയും ജീവിതചെലവും കൂട്ടിമുട്ടിക്കാൻ സാധിക്കാതെയായി. ITCയിൽ തയ്യൽ ട്രെയിനിംഗ് കഴിഞ്ഞ സൗമ്യ സ്വന്തമായി ഒരു വരുമാനത്തിനുവേണ്ടി ഒരു തയ്യൽ മെഷീൻ വാങ്ങി. നൈറ്റികൾ പീസ് വർക്കിന് ചെയ്തു. എന്നാൽ രാപ്പകൽ തയ്ച്ചാലും പ്രതിമാസം 3000 രൂപയാണ് കിട്ടിയിരുന്നത്. അങ്ങനെയിരിക്കെ 2006ലാണ് സൗമ്യ കുടുംബശ്രീയിൽ അംഗമാകുന്നത്. എല്ലാ യോഗങ്ങളിലും പങ്കെടുക്കാറുണ്ടായിരുന്നു സൗമ്യ. ഒരാഴ്ചത്തെ സംഘത്തിന്റെ ചർച്ചയിൽ പശുവളർത്തലിന് താൽപര്യമുള്ളവർ കുടുംബശ്രീ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അറിയാൻ കഴിഞ്ഞു. അതുപ്രകാരം ഓഫീസിൽ എത്തുകയും പേര് കൊടുക്കുകയും ചെയ്തു. പശു വളർത്തലിനെപ്പറ്റി ഒന്നും അറിയാത്ത സൗമ്യക്ക് 7 ദിവസത്തെ പരിശീലനം ജീവിതത്തിൽ ഒരു വഴിത്തിരിവായി. അതിനുശേഷം 5 പേർ ചേർന്ന് നന്ദിനി എന്നപേരിൽ നേച്ചർ ഫ്രഷ് ഗ്രൂപ്പുണ്ടാക്കി. പശുവളർത്തലിനോടൊപ്പം സൗമ്യ 2 ആടുകളേയും വാങ്ങി. അതുവഴി ആടുകളുടെ എണ്ണം 30 ആയി. എന്നാൽ സൗമ്യക്ക് അസുഖം വന്ന് ഓപ്പറേഷൻ ചെയ്യേണ്ടി വന്നതിനാൽ 26 ആടുകളെ വിറ്റു. ഒരു ലക്ഷം രൂപ അതിൽ നിന്ന് ലഭിച്ചു. 30 മുട്ടക്കോഴികളെ വാങ്ങി അവരുടെ കുടുംബത്തിന്റെ വരുമാനമാർഗ്ഗം കണ്ടെത്തി. ജൈവവളം വീട്ടിൽ തന്നെ ഉള്ളതുകൊണ്ട് പച്ചക്കറികൾ ടെറസ്സിൽ കൃഷി ചെയ്തു. അതിൽ നിന്നും ചെറിയ വരുമാനം ഉണ്ടാക്കാൻ സാധിച്ചു. കഴിഞ്ഞ വർഷം ഐ.എൽ.ജി ഗ്രൂപ്പുമായി ചേർന്ന് 1500 വാഴ കൃഷി ചെയ്തിട്ടുണ്ട്. വാഴക്കൃഷിയിൽ നിന്ന് 25000 രൂപ ലാഭം കിട്ടി. ഈ വർഷവും 1500 വാഴ കൃഷി ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 25000 രൂപ കൊടുത്ത് 50 മുയലുകളെ വാങ്ങി മുയൽ ഫാം തുടങ്ങി. ഭർത്താവിനേയും കുട്ടികളേയും ഈ കൂട്ടായ്മയിലേക്ക് കൊണ്ടുവരാൻ സൗമ്യക്ക് സാധിച്ചു.

നേച്ചർ ഫ്രഷ് പദ്ധതി കൃത്യമായ ആസൂത്രണത്തിലൂടേയും നിരന്തരമായ അദ്ധ്വാനത്തിലൂടേയും നല്ല രീതിയിൽ കൊണ്ടുപോകുവാൻ സാധിച്ചു. ഈ പദ്ധതി തുടങ്ങുമ്പോൾ ഒരു ജീവിതമാർഗ്ഗം എന്നുമാത്രമാണ് ചിന്തിച്ചത്. എന്നാൽ ഈ പദ്ധതി മൂലം ഒട്ടേറെ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. സ്വന്തമായി നല്ലൊരു വീട്. വീട്ടുപകരണങ്ങൾ തുടങ്ങി നാളേക്കൊരു സമ്പാദ്യം ഉണ്ടാക്കാൻ സാധിച്ചു. അതിലുപരി ഈ പദ്ധതി മൂലം ഒട്ടേറെ അംഗീകാരങ്ങൾ വന്നുചേർന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും I.A.S ഉദ്യോഗസ്ഥരും പഞ്ചായത്തുകളിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഈ സംരംഭത്തെക്കുറിച്ച് പഠിക്കുന്നതിനും അറിയുന്നതിനും വീട്ടിലേക്ക് വന്നത് സൗമ്യക്ക് ജീവിതത്തിൽ മറക്കാൻ പറ്റാത്ത അനുഭവമാണ് B.A വരെ പഠിച്ച തനിക്ക് വേറെ എന്ത് ജോലിക്ക് പോയാലും ഇത്ര അംഗീകാരവും സന്തോഷവും ലഭിക്കുമായിരുന്നില്ല എന്ന് സൗമ്യ പറയുന്നു. "സംരംഭം തുടങ്ങാൻ എടുത്ത ലോൺ അടവ് തീർത്തു. ഇപ്പോൾ എന്റെ വീട്ടിൽ 4 പശുക്കൾ, 4 ആട്, 30 കോഴി, 50 മുയലുകൾ, പച്ചക്കറികൃഷി എന്നിവ ഉണ്ട്. ഇതിൽ നിന്നെല്ലാം എനിക്ക് പ്രതിമാസം 13000 രൂപ വരുമാനം ലഭിക്കുന്നു. സാമ്പത്തികഭദ്രതയും കൈവരിക്കാൻ സാധിച്ചു."



*വർഷം പാവൽ കൃഷിയിലൂടെ 38 ലക്ഷം രൂപയുടെ വിറ്റു വരവ് ലഭിച്ചു. തൃശൂർ ജില്ലക്കു പുറമെ കണ്ണൂർ, ആലുവ, തിരുവനന്തപുരം എന്നിവിടങ്ങളിൽ സപ്ലൈ ചെയ്യുന്നതിനായി 5 1/2 ലക്ഷം രൂപക്ക് ഒരു പിക്കപ്പ് വാൻ വാങ്ങി. കാബേജ്, കോളിഫ്ളവർ, തക്കാളി എന്നിവയും വിജയകരമായി കൃഷി ചെയ്തു. ഇതിനാൽ നടത്തറ പഞ്ചായത്തിന് ഊട്ടി എന്ന വിശേഷണം ലഭിക്കുകയുണ്ടായി.*

## ജെസ്സി

പ്രതീക്ഷ ജെ.എൽ.ജി അംഗമാണ്. 2011 ൽ 13 ഏക്കറിൽ പാവലും 4 ഏക്കറിൽ വാഴയും 2 ഏക്കറിൽ ചേനയും മറ്റു പച്ചക്കറികളുമാണ് കൃഷി ചെയ്തത്. കൃഷി ഓഫീസിൽ നിന്ന് കൃഷിക്കാവശ്യമായ ജൈവവളം ലഭിച്ചു. പഞ്ചായത്ത് പ്ലാൻ ഫണ്ട് വഴി 1250 കി.ഗ്രാം കപ്പലണ്ടി പിണ്ണാക്കും 1250 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും ലഭിച്ചു. വർഷം പാവൽ കൃഷിയിലൂടെ 38 ലക്ഷം രൂപയുടെ വിറ്റു വരവ് ലഭിച്ചു. തൃശൂർ ജില്ലക്കു പുറമെ കണ്ണൂർ, ആലുവ, തിരുവനന്തപുരം എന്നിവിടങ്ങളിൽ സപ്ലൈ ചെയ്യുന്നതിനായി 5 1/2 ലക്ഷം രൂപക്ക് ഒരു പിക്കപ്പ് വാൻ വാങ്ങി. കാബേജ്, കോളിഫ്ളവർ, തക്കാളി എന്നിവയും വിജയകരമായി കൃഷി ചെയ്തു. ഇതിനാൽ നടത്തറ പഞ്ചായത്തിന് ഊട്ടി എന്ന വിശേഷണം ലഭിക്കുകയുണ്ടായി. 2012 ൽ പതിനഞ്ചേക്കർ പാവൽ കൃഷി ചെയ്തതിൽ ഓരോരുത്തർക്കും 2,76000 രൂപ വീതം ലാഭം ലഭിച്ചു. പ്രസ്തുത ലാഭത്തിൽ നിന്ന് ഒറ്റയ്ക്കുകുടുംബം പുലർത്തുന്നഞാൻഎന്റെ വീടുപണി പൂർത്തിയാക്കി. മറ്റൊരംഗം 30 സെന്റ് സ്ഥലം സ്വന്തമായി വാങ്ങുകയും ചെയ്തു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൃഷി കാണുവാനായി ആളുകൾ ഇന്ന് പ്രതീക്ഷ ജെ.എൽ.ജിയിലാണ് എത്തുന്നത്.

## ബിന്ദു സത്യൻ

ഏഴാംവാർഡിലെ മധുക്കരയിൽ നിന്നുള്ള അക്ഷര ജെ.എൽ.ജി ഗ്രൂപ്പിലെ അംഗമാണ്. കൃഷിക്ക് ഊന്നൽ നൽകുന്ന പഞ്ചായത്താണ് മുല്ലശ്ശേരി. ആദ്യമായി രണ്ടേക്കർ സ്ഥലത്ത് പച്ചക്കറിയും എട്ടേക്കർ സ്ഥലത്ത് നെൽകൃഷിയുമാണ് ചെയ്തത്. അഞ്ചരകിലോമീറ്റർ ദൂരെ നിന്ന് ചൊറ വെട്ടിക്കൊണ്ടു വന്ന് വേലി കെട്ടിയാണ് പച്ചക്കറി കൃഷി ചെയ്തത്. പാവറട്ടി, മുല്ലശ്ശേരി, പറപ്പൂർ എന്നിവിടങ്ങളിൽ പെട്ടിവണ്ടിക്ക് കൊണ്ടുപോയാണ് വിറ്റത്. രണ്ട് ഏക്കർ നെല്ല് സ്വയം കൊയ്തെടുത്തു. അംഗങ്ങളുടെ വീട്ടാവശ്യത്തിനെടുത്തിട്ട് ബാക്കി വില്പന നടത്തി. ലോണെടുത്ത് ഇരുപത്തിരണ്ടര പറ നിലം അക്ഷര ജെ.എൽ.ജിയുടെ പേരിൽ വാങ്ങി. പിന്നീട് പതിനാലര പറ നിലം കൂടി വാങ്ങി. ലാഭത്തിൽ നിന്ന് മൂന്നുപേർ കൂടി പത്തു പറ നിലം വാങ്ങി. 2011ൽ 70,747 രൂപ വീതം ഓരോരുത്തർക്കും വരുമാനമുണ്ടായി. ഗ്രൂപ്പംഗങ്ങൾ തന്നെയാണ് കൃഷിയിടത്തിലെ എല്ലാപണികളും ചെയ്യുന്നത്. 2012 ൽ ഓരോ അംഗത്തിനും 1 ലക്ഷം വീതം ലാഭമുണ്ടായി. മറ്റു രണ്ടംഗങ്ങൾ 1 ഏക്കർ സ്ഥലം വീതം വാങ്ങുകയുണ്ടായി. ഇന്ന് അക്ഷര ഗ്രൂപ്പിന് 2.50 ഏക്കർ സ്ഥലം സ്വന്തമായുണ്ട്. ഈ സംഘകൃഷികൊണ്ട് കുടുംബത്തിന്റെ നിലനിൽപ്പിൽ ഭർത്താവിനോടൊപ്പം കാര്യമായ പങ്കാളിത്തം വഹിക്കാൻ കഴിയുന്നുണ്ട്.



> *നരേന്ദ്രമോഡി എന്നത് ഒരു പ്രത്യേക ചിന്താധാരയുടെ ഉൽപ്പ ന്നമാണ്. ആ ചിന്താധാരയുടെ വേര് ആഴത്തിലുള്ളതാണ്. ഭാരതീയ തത്വസംഹിതകളുടെ പച്ചയായ നിരാകരണ മാണ് അതിന്റെ അടി സ്ഥാന സ്വഭാവം.*

# നരേന്ദ്രമോഡിയെന്ന വർഗീയഉല്പന്നം



ഗീതാനസീർ

**നരേന്ദ്രമോഡി** പ്രധാനമന്ത്രിയാകുന്ന ഇന്ത്യയിൽ താൻ ജീവിക്കില്ലെന്ന കന്നഡ എഴുത്തുകാരനും പണ്ഡിതനുമായ ഡോ. യു ആർ അനന്തമൂർത്തിയുടെ പ്രഖ്യാപനം ഉള്ളിൽനിന്നുവന്ന പൊടുന്നനെയുള്ള പ്രതികരണമായി മാത്രം കണ്ടാൽ പോര. എന്റെ പ്രധാനമന്ത്രിയായി മോഡി വേണ്ട എന്ന ലോക പ്രശസ്ത സാമ്പത്തിക വിദഗ്ധനും നൊബേൽ സമ്മാന ജേതാവുമായ അമർത്യാസെൻ ലോകത്തോടു തന്നെ പ്രഖ്യാപിച്ചിട്ട് അധികനാളായിട്ടില്ല. പണ്ഡിത ശ്രേഷ്ഠന്മാരായ ഗുരുജനങ്ങൾ ഇത്തരമൊരു നിലപാട് പരസ്യമായി എടുക്കുന്നതെന്തുകൊണ്ട്? മോഡിയിൽ അത്രക്ക് തിന്മയുണ്ടോ?

നരേന്ദ്രമോഡി എന്നത് ഒരു പ്രത്യേക ചിന്താധാരയുടെ ഉൽപ്പന്നമാണ്. ആ ചിന്താധാരയുടെ വേര് ആഴത്തിലുള്ളതാണ്. ഭാരതീയ തത്വസംഹിതകളുടെ പച്ചയായ നിരാകരണമാണ് അതിന്റെ അടിസ്ഥാന സ്വഭാവം. എന്നാൽ ഈ തത്വസംഹിതകളെ മറയാക്കിയാണ് ഇവർ ജനങ്ങൾക്കിടയിൽ മതവൈര്യം വളർത്തുന്നത്. ഭാരതീയ ദർശനത്തിലെ നാനാത്വത്തിലെ ഏകത്വമെന്നത് നൽകുന്നത് മാനവികതയുടെ ബൃഹത് സന്ദേശമാണ്. "ലോകമേ തറവാട് തനിക്കീ ചെടികളും പുഴുക്കളും കൂടി തൻ കുടുംബക്കാർ" എന്ന് വള്ളത്തോൾ പ്രഖ്യാപിക്കുമ്പോഴും വസുധൈവ കുടുംബകമെന്ന അവസ്ഥ ആവശ്യപ്പെടുമ്പോഴുമൊക്കെ ഭാരതീയ ദർശനത്തിന് ലഭിക്കുന്ന സ്വീകാര്യതയാണ് ഹൈന്ദവ സംസ്കാരത്തിന്റെ വിജയത്തിനാധാരം. ഏത് വിശ്വാസങ്ങളെയും ഏത് ഇസങ്ങളെയും തന്നിലേക്കാവാഹിച്ച് മാനവികതയുടെ ചൂളയിലിട്ട് സ്ഫുടം ചെയ്തെടുക്കാൻ ഭാരതീയ ദർശനത്തിനുള്ള അപാരശേഷിയാണ് വിവേകാനന്ദനിലൂടെ ചിക്കാഗോയിൽ വിളംബരം ചെയ്യപ്പെട്ടത്. ചിക്കാഗോയിലെ ലോകമത സമ്മേളനത്തിൽ വിവേകാനന്ദൻ നടത്തിയ താത്വിക പ്രസംഗവും ഈ ദർശന പാരമ്പര്യത്തിലെ ലോകവീക്ഷണമാണ് വിളിച്ചോതിയത്.

മനുഷ്യത്വം വാർന്നുപോയ ഒരു രാക്ഷസീയ മീമാംസയായി ഈ ഭാരതീയ പൈതൃകത്തെ മാറ്റിയെടുത്തു എന്നതാണ് മോഡിചിന്താധാര ചെയ്ത ഏറ്റവും വലിയ പാതകം. പല കൈവഴികളായി ഉരുത്തിരിഞ്ഞുവന്ന തത്വസംഹിതകൾ ഹിന്ദുകുഷ് മലനിരകൾ കടന്നതോടുകൂടി അവയൊരു ബൃഹത് സംസ്കാരമായി മാറുകയുണ്ടായി. ഇന്ത്യയുടെ മണ്ണിൽ ഇവ തഴച്ചുവളർന്നതുകൊണ്ടാണ് ലോകം ഉറ്റുനോക്കുന്ന ഒരു ദർശന രാഷ്ട്രമായി ഇന്ത്യ മാറിയത്. ഹൈന്ദവത ഒരു സംസ്കാരമെന്ന നിലയിൽ നിന്നും അതൊരു ഭിന്നിപ്പിക്കൽ മതമായി മാറ്റിയെടുത്തത് ഗോൾവാൾക്കറെ പോലുള്ള വർഗീയവാദികളാണ്. ഗാന്ധിജിക്കുനേരെ നിറയൊഴിക്കാനുള്ള ഉന്മൂലഹത്യാസിദ്ധാന്തത്തിന്റെ പുതിയ പ്രവാചകനായി നരേന്ദ്രമോഡി വന്നു എന്നതാണ് പണ്ഡിതന്മാർ മോഡിക്കെതിരെ പരസ്യമായി രംഗത്തുവരാൻ കാരണം.

കറുകപ്പുല്ലും ജടയും അടയാള ചിഹ്നങ്ങളായി കൊണ്ടുനടന്ന ഒരു പൗരോഹിത്യമതത്തിന് തൃശൂലവും വാളും ആയുധമായി മാറിയത് അങ്ങനെയാണ്. സഹിഷ്ണുതയും സഹവർത്തിത്വവും തട്ടിമാറ്റിക്കൊണ്ട് വൈരവും പകയും മുൻകൈ നേടിയതും ഇതിന്റെ ഫലമായാണ്. വിഭജനത്തിന്റെ വേദനയും നടുക്കവും അനുഭവിച്ചറിഞ്ഞ ഇന്ത്യയിലെയും പാകിസ്ഥാനിലെയും ജനങ്ങൾ അവയുടെ നടുക്കുന്ന ഓർമ്മകളിൽ ജീവിച്ചുതുടങ്ങിയതോടെ വർഗീയതയുടെ വിഷം പരത്തുന്ന ശക്തികൾ കുറച്ചുനാളത്തേക്ക് പത്തിതാഴ്ത്തിയിരുന്നിരുന്നു. എന്നാൽ അവയുടെ വേരുകൾ പൂർണമായും നശിക്കാതെ നിന്നിരുന്ന സ്ഥലങ്ങളിൽ അവ വീണ്ടും പൊട്ടിമുളയ്ക്കാനുള്ള രാഷ്ട്രീയ കാലാവസ്ഥ

ഇന്ത്യയിലും പാകിസ്ഥാനിലുമുണ്ടായി. ഭരണകൂടങ്ങളാൽ അവഗണിക്കപ്പെട്ട് പ്രാന്തവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ ദൈന്യതയും അസ്വസ്ഥതയും വോട്ടുബാങ്കാക്കി മാറ്റാനുള്ള ഒരായുധമായി മതത്തെ ഉപയോഗിക്കാൻ ഈ വിഘടനവർഗീയ ശക്തികൾക്ക് വലിയ അധ്വാനം ആവശ്യമായി വന്നില്ല. മനുഷ്യന്റെ നിസ്സഹായവസ്ഥയെ ചൂഷണം ചെയ്ത് മതപൗരോഹിത്യങ്ങൾ എല്ലാക്കാലത്തും ഈ തട്ടിപ്പ് നടത്തിയിട്ടുണ്ട്. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള നാട്ടിൽ അന്യമതസ്ഥരുടെ സാന്നിധ്യമാണ് തൊഴിലില്ലായ്മയും പട്ടിണിയും സൃഷ്ടിക്കുന്നതെന്നുവരെയുള്ള സാമ്പത്തിക വാദഗതിപോലും ഇവിടെ ഇവർ ഉയർത്തി. മതേതര രാജ്യത്ത്, മതസഹിഷ്ണുതയുടെ ജന്മദേശത്ത് മതപ്രബോധനം നടത്തുന്ന മിഷനറിമാർക്കെതിരെയും മതവിശ്വാസം പ്രചരിപ്പിക്കുന്ന മറ്റ് മതപൗരോഹിത്യത്തിനെതിരെയും സനാതനധർമ്മപരിപാലനത്തിന്റെ വക്താക്കൾ ആക്രമണം അഴിച്ചുവിട്ടത് അങ്ങനെയാണ്. വിശക്കുന്നവന് ഗണപതിവിഗ്രഹവും കുങ്കുമവും നൽകിക്കൊണ്ട് അവനിൽ മതവൈര്യം കുത്തിനിറച്ചു. അപ്പോഴും ഇവിടെ നിലനിന്ന സമ്പദ്‌വ്യവസ്ഥയുടെ പാപ്പരത്വത്തെക്കുറിച്ചോ അവ സൃഷ്ടിക്കുന്ന ദുരിതങ്ങളെക്കുറിച്ചോ ആർ എസ് എസോ അവരുടെ രാഷ്ട്രീയ പാർട്ടികളോ ഒരു വാക്കുപോലും പ്രതികരിച്ചില്ല. സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രിതാക്കളും ഗുണഭോക്താക്കളുമായ കുത്തക മൂലധനശക്തികൾ അവരുടെയും ഉടയോന്മാരായിരുന്നു. ഭരണകക്ഷിയായ കോൺഗ്രസിന്റേതുപോലെ-

എന്നാൽ മതങ്ങൾ വ്യാപകമായി രാഷ്ട്രീയവൽക്കരിക്കപ്പെട്ടതോടെ അധികാരം കയ്യടക്കാൻ ഹൈന്ദവതയും സനാതന ധർമ്മവും മുസ്‌ലിംവിരുദ്ധതയും ഒക്കെ ആയുധമാക്കി ബി ജെ പി മുന്നേറാൻ തുടങ്ങി. കോൺഗ്രസും ബി ജെ പിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. എങ്കിൽപ്പോലും നരേന്ദ്രമോഡിയെ പ്രധാനമന്ത്രിയായി ഉയർത്തിക്കാട്ടിയുള്ള ബി ജെ പിയുടെ രാഷ്ട്രീയ കരുനീക്കം അൽപംകൂടി കരുതലോടെ നാം കാണേണ്ടിയിരിക്കുന്നു. എന്തുകൊണ്ട്?

ഗുജറാത്തും അയോധ്യയും ജീവിക്കുന്ന മറുപടികളായി നമ്മുടെ മുൻപിലുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള ബാബറിമസ്ജിദ് ഒരു സുപ്രഭാതത്തിൽ തർക്കവിഷയമായതല്ല, ആക്കിയതാണ്. ചരിത്രസ്മാരകമാക്കി ഈ വിഷയം അവസാനിപ്പിക്കാനുള്ള ഇടതുപക്ഷകക്ഷികളുടെ ആവശ്യം നിരാകരിക്കപ്പെട്ടത് ശ്രദ്ധേയമാണ്. മതനിരക്ഷേപ രാഷ്ട്രത്തിൽ മതസ്പർധക്ക് വിത്തുപാകാൻ ബി ജെ പി തയ്യാറായെങ്കിൽ ഭൂരിപക്ഷ വർഗീയ പ്രീണനത്തിനുവേണ്ടി ഭരണകക്ഷിയായ കോൺഗ്രസും അതിന് വളംവച്ചു എന്നതാണ് രാഷ്ട്രീയ യാഥാർഥ്യം. 1992 ഡിസംബർ 6 ഇന്ത്യയുടെ അതുവരെ താരതമ്യേന ശാന്തമായ സാമൂഹ്യാവസ്ഥയെ തകിടം മറിച്ചു. ബാബറി മസ്ജിദ് തകർക്കപ്പെട്ടു. മുഖ്യധാരയിൽ നിന്നും മുസ്‌ലിം ജനത പാടേ പിൻവലിയുകയും അവരുടെയിടയിൽ തീവ്രവാദം മുളപൊട്ടാൻ തുടങ്ങിയതും ഇതോടുകൂടിയാണ്. ഒരു ചെറുതീപ്പൊരിക്കുപോലും കാട്ടുതീ സൃഷ്ടിക്കാൻ കഴിയുമെന്ന യാഥാർഥ്യം ഒരിക്കൽകൂടി ഇന്ത്യ പിന്നീട് തിരിച്ചറിഞ്ഞു-ഗുജറാത്ത് സംഭവത്തോടെ-മൂവായിരത്തിൽപ്പരം മുസ്‌ലിംജനതയെ വംശീയഹത്യ ചെയ്ത കിരാതനടപടിയുടെ സൂത്രധാരനെന്ന് ലോകം വിരൽചൂണ്ടിയ നരേന്ദ്രമോഡി ഇന്ത്യയുടെ പ്രധാനമന്ത്രിപദം ലക്ഷ്യമിട്ട് രാഷ്ട്രീയ മുന്നേറ്റം നടത്തുക എന്നത് അചിന്തനീയമാണ്. സ്വാതന്ത്ര്യം കിട്ടി ജനാധിപത്യം പുലർന്നിട്ടും ജാതിസ്പർധയോ മതമൗലികവാദമോ ഒഴിയാത്ത രാജ്യത്ത് അവയുടെയൊക്കെ വിഷവാഹകരായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അധികാരത്തിന്റെ ഇടനാഴികളിലേക്ക് നിഷ്പ്രയാസം കയറിപ്പോകാനും പ്രധാനമന്ത്രിപദം വരെ കൈക്കലാക്കാനും കഴിയുക എന്ന് വന്നാൽ അതീരാജ്യത്തിന്റെ ശൈഥില്യത്തിലായിരിക്കും അവസാനിക്കുക. 2007 ജനുവരിയിൽ നരേന്ദ്രമോഡി നടത്തിയ കേരള സന്ദർശനം ഇന്നും ഓർമ്മയിലുണ്ട്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായ കേരളത്തിന്റെ തെരുവുകളിൽ 'ഹിന്ദുക്കൾ സിന്ദാബാദ്' വിളികൾ മുഴങ്ങിയത് നടുക്കത്തോടെ ഓർക്കുന്നു. 'ജാതിയല്ല മതമല്ല മനുഷ്യനാണ് പ്രധാനം'. എന്ന രണ്ടാം നവോത്ഥാന പോരാട്ടത്തിന് നാന്ദി കുറിക്കാൻ യുവകലാസാഹിതി പോലുള്ള സാംസ്കാരിക പ്രസ്ഥാനങ്ങളെ പ്രേരിപ്പിച്ചതും ഇതാണ്. ഈ ഒക്ടോബർ ഒന്നിന് കേരളത്തിന്റെ മണ്ണിൽ വീണ്ടും മാനവികതയുടെ ശംഖൊലി ഉയരുകയാണ്. ഈ മുദ്രാവാക്യത്തിലൂടെ മോഡിയുടെ മോഹങ്ങളുടെ ചിറകരിയാൻ ഇതുപോലുള്ള പ്രസ്ഥാനങ്ങൾ രാജ്യമെമ്പാടും ഉടലെടുക്കണം.

പുത്തൻ സാമ്പത്തിക ആഗോളവൽക്കരണ നയങ്ങളുടെ ഫലമായി വിലക്കയറ്റം കൊണ്ടും തൊഴിലില്ലായ്മകൊണ്ടും നട്ടം തിരിയുന്ന ജനങ്ങൾക്ക് അതിനൊന്നും ഒരു മറുപടിയും നൽകാതെ ഹിന്ദുത്വം വിളമ്പുന്ന വർഗീയ ഫാസിസ്റ്റു പ്രതിനിധിയായ മോഡിയെ എന്തിന് ജനങ്ങൾ അംഗീകരിക്കണം. ഹിന്ദുത്വം സംരക്ഷിക്കാൻ ആഹ്വാനം നൽകി നിത്യജീവിതത്തിലെ ദുരിതങ്ങൾക്കുമേൽ വർഗീയ കലാപംകൂടി വന്നുവീഴാൻ മോഡിയെ അനുവദിക്കാൻ ഒരു സാധാരണ മനുഷ്യനാവില്ല. അത് ഹിന്ദുവായാലും ശരി-ഹിന്ദു എന്നൊരു മതമില്ലെങ്കിൽപ്പോലും ഹൈന്ദവത എന്ന സംസ്കാരത്തിന്റെ പ്രതിനിധികൾക്കുപോലും അതിന് കഴിയില്ല. കാരണം ഭാരതീയ ദർശനം മഹത്തായൊരു ലോകവീക്ഷണമാണ്. അതൊരു വസുധൈവ കുടുംബകത്തിന്റെ സുന്ദര സ്വപ്നമാണ്.

*തുടരും*

*(ഗീതാനസീർ - ജനയുഗം ഡെപ്യൂട്ടി കോ-ഓർഡിനേറ്റിംഗ് എഡിറ്ററാണ് ലേഖിക.)*

●

ഉപ്പും മുളകും



ഗീത

*അമ്മിഞ്ഞമണം മാറാത്ത ചെറിയ കുഞ്ഞ്. പിന്നീടാ ബസ്സ് അവൾക്കറിയാത്ത എങ്ങോട്ടൊക്കെയോ പാഞ്ഞുപോയി. ബസ്സിനുള്ളിൽ വെച്ചു തന്നെയായിരുന്നു ആ കുഞ്ഞും പീഡിപ്പിക്കപ്പെട്ടത്.*

# എന്റെ/ നിന്റെ നാടെവിടെയാണു പെണ്ണേ...



**ഡൽഹി** കൂട്ടബലാത്സംഗകേസ്സിലെ പ്രതികൾക്ക് വധശിക്ഷ വിധിച്ചുകൊണ്ട് സാകേത് കോടതി ഉത്തരവായി. അതിനു ശേഷമാണ് മണിപ്പാലിൽ നിന്നു നാലു വയസ്സുകാരി കൂട്ടബലാത്സംഗത്തിനിരയായ വാർത്ത പുറത്തുവന്നത്. നേഴ്സറി സ്കൂൾ വിദ്യാർത്ഥിനിയാണ് അവൾ. അവളുടെ സ്കൂൾ ബസ്സ് ജീവനക്കാർ തന്നെയാണ് പ്രതികൾ. മൂന്നുപേർ. അവൾ സ്ഥിരമായി വരുന്ന ബസ്സു കിട്ടിയില്ല. അതേ സ്കൂളിലെ മറ്റൊരു ബസ്സിലെ ജീവനക്കാർ അവളെ വീട്ടിൽ ഇറക്കിത്തരാമെന്നാശ്വസിപ്പിച്ച് ബസ്സിൽ കയറ്റി. ദൽഹിയിലെ മുനീർക്കയിൽ വെച്ചാണ് വീടു സ്ഥിതി ചെയ്യുന്ന ദ്വാരകയിൽ ഇറക്കിത്തരാമെന്നു പറഞ്ഞ് ദൽഹി പെൺകുട്ടിയേയും കൂട്ടുകാരനേയും പ്രതികൾ ബസ്സിലേക്കു ക്ഷണിച്ചതെന്നോർക്കുക. അങ്ങനെ മണിപ്പാലിലെ കുട്ടിയും ക്ഷണിക്കപ്പെടുകയായിരുന്നു. ഒരു വ്യത്യാസം അവൾ യുവതിയായിട്ടില്ല, ബാലികപോലുമായിട്ടില്ല. അമ്മിഞ്ഞ മണം മാറാത്ത ചെറിയ കുഞ്ഞ്. പിന്നീടാ ബസ്സ് അവൾക്കറിയാത്ത എങ്ങോട്ടൊക്കെയോ പാഞ്ഞുപോയി. ബസ്സിനുള്ളിൽ വെച്ചു തന്നെയായിരുന്നു ആ കുഞ്ഞും പീഡിപ്പിക്കപ്പെട്ടത്. പ്രതികളായ മൂന്നുപേർ മാത്രമേ അപ്പോൾ ആ സമയത്തു ബസ്സിലുണ്ടായിരുന്നുള്ളൂ. ഒരു വ്യത്യാസമുണ്ടായി. കൂട്ടബലാത്സംഗത്തിനുശേഷം അവരവളെ ബസ്സിൽ നിന്നു പുറത്തേക്കു തള്ളിയില്ല. ഒരോട്ടോറിക്ഷയിൽ കയറ്റി വീടിനു മുമ്പിൽ കൊണ്ടുപോയി ഇറക്കിവിട്ടു. ജോലി സമയത്തിനുശേഷം ഓട്ടോറിക്ഷ ഓടിച്ചു ജീവിക്കുന്നവരാണത്രെ ഇവർ. യഥാർത്ഥ തൊഴിലാളി വർഗ്ഗം!



**ഒരേ കാര്യം പെണ്ണുങ്ങൾ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു. ഞങ്ങൾക്കിതെല്ലാം പ്രശ്നങ്ങളാണ്. സഹജീവികളായ പുരുഷന്മാർ കേൾക്കുന്നില്ലെന്നു മാത്രമല്ല പെണ്ണിന്റെ ജീവിതത്തേയും ജീവനേയും കൂടുതൽ കൂടുതൽ കാർന്നെടുത്തുകൊണ്ടിരിക്കുന്നു. ലോകം അവന്റെ കാൽക്കീഴിലാണ്.**

മുംബൈയിൽ നിന്നുള്ള മറ്റൊരു വാർത്തയും ജേർണലിസ്റ്റിനെ ബലാത്സംഗം ചെയ്തതു കൂടാതെ- ദൽഹി സംഭവത്തിനു ശേഷം-പുറത്തുവന്നിരുന്നു. തലചുറ്റലിനെത്തുടർന്ന് താനെയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട രോഗിണിയുടെ നില മോശമാണെന്നു ധരിപ്പിച്ച് ഡ്യൂട്ടി ഡോക്ടർമാർ അവളെ തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റി. കൂടെയുണ്ടായിരുന്ന ഭർത്താവിനോട് പുറത്ത് ഉറങ്ങിക്കൊള്ളാനും പറഞ്ഞു. അതിനുശേഷം അവളെ ഇഞ്ചക്ഷൻ ചെയ്തു മയക്കിയ ശേഷം ഡോക്ടർ ബലാത്സംഗം ചെയ്തു. ഇരുപത്തൊമ്പതു വയസ്സുള്ള ഡോക്ടർക്കുള്ള ജീവപര്യന്തം ശിക്ഷ മുംബൈ ഹൈക്കോടതി ശരിവെച്ചു. യഥാർത്ഥ ജീവകാരുണ്യ പ്രവർത്തകൻ!

കൊല്ലം കുണ്ടറയിൽ വീണ്ടും ഒരച്ഛൻ മകളെ ലൈംഗികമായി ഉപയോഗിക്കുകയും സുഹൃത്തുക്കൾക്കു കാഴ്ചവെക്കുകയും ചെയ്ത വാർത്ത കേരളീയരെ ഏറെയൊന്നും ഞെട്ടിക്കാനിടയില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളായി പല അച്ഛന്മാരുടെ വീരപരാക്രമങ്ങൾ മലയാളികൾ കേട്ടുകൊണ്ടിരിക്കുകയാണ്. പറവൂരിൽ പെൺവാണിഭ സംഘത്തിന്റെ ഏജന്റു തന്നെയായി മാറിയത് ഇത്തരമൊരച്ഛനായിരുന്നല്ലോ. വേലിക്കു തിന്നാനുള്ളതാണ് വിളവുകൾ!

മലപ്പുറം ജില്ലയിലെ തിരുന്നാവായിൽ ഭർത്താവു ഭാര്യയെ വിറ്റു. രണ്ടുവർഷം മുമ്പായിരുന്നുവത്രെ ഇവരുടെ വിവാഹം. ആറുമാസം കഴിഞ്ഞതോടെ ഭർത്താവ് അവളെ അയൽവാസികൾക്കും സുഹൃത്തുക്കൾക്കും വിറ്റു തുടങ്ങി. ഭർത്താവിന്റെ അമ്മയും സഹോദരഭാര്യയും ഇതിനു കൂട്ടുനിന്നു. പാനീയത്തിൽ മയക്കുമരുന്നു നൽകിയും മയക്കത്തിൽ പകർത്തിയ അശ്ലീല ചിത്രങ്ങൾ ഇന്റർനെറ്റു വഴി പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തിയുമായിരുന്നത്രേ പീഡനം നടന്നത്. ഭർത്താവ് പെണ്ണിനെ യൗവ്വനത്തിൽ രക്ഷിക്കുന്നു! ഇത്തരം വീടുകളിൽ സ്ത്രീ അടങ്ങിയൊതുങ്ങിയിരിക്കണമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന “സംസ്ക്കാരം” ആജ്ഞാപിച്ചുകൊണ്ടേയിരിക്കുന്നു.

പരിചയമുള്ള ബസ്സുജീവനക്കാർ വിളിച്ചപ്പോൾ എന്തിനാണ് നാലുവയസ്സുകാരി ബസ്സിൽകയറിയത്? അസുഖം വന്നപ്പോൾ പെണ്ണെന്തിനാണ് ആശുപത്രിയിൽ പോയത്? അച്ഛനും ഭർത്താവും പീഡിപ്പിച്ചത് ഇത്രകാലം കഴിഞ്ഞിട്ടാണോ പരാതിപ്പെടേണ്ടത്? ഇങ്ങനെ എത്രയെത്ര ചോദ്യങ്ങളാണ് അവളെ കാത്തിരിക്കുന്നത്. പ്രതികളായ പുരുഷന്മാർക്കുവേണ്ടി ആരും ഒരു ചോദ്യവും കരുതിവെച്ചിട്ടില്ല. മാത്രമല്ല ചില പുരുഷന്മാർ ഇപ്പോൾ ന്യായമായും ഉത്കണ്ഠപ്പെടുന്നു. സ്ത്രീകൾക്ക് അനുകൂലമായ നിയമങ്ങളുടെ ദുരുപയോഗം പുരുഷന്മാർക്കുണ്ടാകുന്ന പീഡനങ്ങളെച്ചൊല്ലി. സ്നേഹസമ്പന്നരായ മറ്റു ചില പുരുഷന്മാർ പെണ്ണിന്റെ വിവാഹപ്രായം കുറയ്ക്കുന്നതിനു വേണ്ടി എത്രയാണു കഷ്ടപ്പെടുന്നതെന്നോ!

ഒരേ കാര്യം പെണ്ണുങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഞങ്ങൾക്കിതെല്ലാം പ്രശ്നങ്ങളാണ്. സഹജീവികളായ പുരുഷന്മാർ കേൾക്കുന്നില്ലെന്നു മാത്രമല്ല പെണ്ണിന്റെ ജീവിതത്തേയും ജീവനേയും കൂടുതൽ കൂടുതൽ കാർന്നെടുത്തുകൊണ്ടിരിക്കുന്നു. ലോകം അവന്റെ കാൽക്കീഴിലാണ്. അഹങ്കാരിയായ ആ പുരുഷന്റെ ആസുരമായ ആസക്തികൾ ലോകം മുഴുവൻ വ്യാപിക്കുമ്പോൾ പെണ്ണേ എനിക്കും നിനക്കും ഒന്നിച്ച് തെണ്ടേണ്ടി വരുന്നു. നമ്മുടെ ഇടം എവിടെയാണ്? ആണിന്റെ വീടോ തൊഴിലിടമോ പൊതുവഴിയോ പൊതുവാഹനമോ ചികിത്സാലയങ്ങളോ ഒന്നുമൊന്നും നമ്മുടേതല്ലാതിരിക്കെ, നമുക്കുള്ളതല്ലാതിരിക്കെ നമുക്കു തിരിച്ചറിയേണ്ടി വരുന്നു ഈ നാട്, ഇപ്പോഴുള്ള ഒരു നാടും നമ്മുടേതല്ലെന്ന്. നാട്ടുകാരിയും നാടോടിയും അല്ലാത്ത ഞാൻ/നീ സ്വന്തം നാടിനെ എവിടെ എങ്ങനെ കണ്ടെത്തും പെണ്ണേ.... ●

ശാസ്ത്രം



# കണികാപരീക്ഷണത്തിന് അഞ്ചുവയസ്സ്



സീമ ശ്രീലയം

**2008** സെപ്റ്റംബർ 10. അന്നാണ് ലോകം അത്യാകാംക്ഷയോടെ കാത്തിരുന്ന കണികാപരീക്ഷണം ആരംഭിച്ചത്. ആ മഹാപരീക്ഷണത്തിന് ഈ സെപ്റ്റംബറിൽ അഞ്ചു വയസ്സു തികഞ്ഞു. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ പ്രപഞ്ചരഹസ്യങ്ങളിലേക്ക് വാതിൽ തുറക്കുന്ന ഈ പരീക്ഷണം നടക്കുന്നത് 27 കിലോമീറ്റർ ചുറ്റളവുള്ള ലാർജ് ഹാഡ്രോൺ കൊളൈഡർ (LHC) എന്ന വമ്പൻ തുരങ്കപരീക്ഷണശാലയിലാണ്. സ്വിറ്റ്സർലൻഡിന്റെയും ഫ്രാൻസിന്റെയും അതിർത്തിയിൽ ഭൂമിക്കടിയിൽ 100 മീറ്റർ താഴ്ചയിലാണിതു സ്ഥാപിച്ചിരിക്കുന്നത്. ഹിഗ്ഗ്സ് ബോസോണുകളുടെ കണ്ടെത്തലിലൂടെ 2012 ജൂലൈ 4ന് ചരിത്രം കുറിക്കുകയും ചെയ്തു. അറ്റമില്ലാത്ത പ്രതീക്ഷകളുടേയും ആശങ്കകളുടേയും അഞ്ചുവർഷങ്ങൾ കൂടിയാണ് കടന്നുപോയത്. വിവിധരാജ്യങ്ങളിൽ നിന്നുള്ള ഗവേഷകർ കൈകോർക്കുന്ന കണികാപരീക്ഷണത്തിനു നേതൃത്വം നൽകുന്നത് യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് അഥവാ സേൺ (CERN) ആണ്.

പ്രപഞ്ചത്തിന്റെ ഉല്പത്തി രഹസ്യങ്ങളും പരിണാരഹസ്യങ്ങളും ചുരുൾനിവർക്കാനുള്ള ഏറ്റവും നല്ല വഴിയെന്ത്? പ്രപഞ്ചത്തിന്റെ ആദിമനിമിഷങ്ങൾ പരീക്ഷണശാലയിൽ കൃത്രിമമായി പുനഃസൃഷ്ടിക്കുക തന്നെ. പ്രകാശവേഗതയോടടുത്ത വേഗതയിൽ ചീറിപ്പായുന്ന പ്രോട്ടോണുകളെ തമ്മിൽ കൂട്ടിയിടിപ്പിച്ചാണ് ഇവിടെ പരീക്ഷണമാരംഭിച്ചത്. ആയിരം കോടി ഡോളർ ചെലവിൽ പത്തുവർഷം കൊണ്ടാണ് ഈ പരീക്ഷണശാല നിർമ്മിച്ചത്. പത്തുദിവസങ്ങൾക്കുള്ളിൽ ദ്രാവകഹീലിയത്തിന്റെ ചോർച്ചയെത്തുടർന്ന് പരീക്ഷണം നിർത്തിവെക്കേണ്ടി വന്നത് ശാസ്ത്രലോകത്ത് അല്പം നിരാശയുണ്ടാക്കിയെങ്കിലും ഒരു വർഷത്തിനുള്ളിൽ പ്രോട്ടോൺ കൂട്ടിയിടികൾ പുനരാരംഭിക്കാൻ സാധിച്ചു. പരീ

ക്ഷണഫലമായി സൂക്ഷ്മതമോഗർത്തങ്ങൾ രൂപപ്പെടുമോ അതു ഭൂമിയെ വിഴുങ്ങുമോ അപരിചിതമായ ദ്രവ്യരൂപങ്ങൾ പ്രശ്നക്കാരാവുമോ ഇതു ലോകാവസാനത്തിലേക്കു നയിക്കുമോ തുടങ്ങി കണികാപരീക്ഷണത്തെ ചുറ്റിപ്പറ്റി പ്രചരിച്ചിരുന്ന ആശങ്കകൾക്കും അവസാനമുണ്ടായിരുന്നില്ല! ഏതായാലും അങ്ങനെയൊന്നും സംഭവിച്ചില്ല. ഉന്നതോർജ്ജമുള്ള പ്രോട്ടോൺ കൂട്ടിയിടിയിലൂടെ ടോപ് ക്വാർക്കുകളും ബോട്ടം ക്വാർക്കുകളുമൊക്കെ പ്രത്യക്ഷപ്പെട്ടതോടെ ഈ പരീക്ഷണം പ്രപഞ്ചരഹസ്യങ്ങളിലേക്കുള്ള താക്കോലാവുമെന്ന് ഉറപ്പായി. ഭൂമിയിലെ ഏറ്റവും താഴ്ന്ന താപനിലയും ഏറ്റവും ഉയർന്ന താപനിലയുമുള്ള ഒരത്ഭുത പരീക്ഷണശാലയാണിത്.

അരനൂറ്റാണ്ടിലേറെയായി ശാസ്ത്രജ്ഞരെ അലട്ടിക്കൊണ്ടിരുന്ന ചോദ്യത്തിനുള്ള ഉത്തരമാണ് 2012 ജൂലൈ 4ന് എൽ.എച്ച്.സിയിലെ സി.എം.എസ്, അറ്റ്ലസ് എന്നീ കണികാത്വരകങ്ങളിലെ കൂട്ടിയിടികളിൽ നിന്നു ലഭിച്ചത്. അതെ പ്രപഞ്ചത്തിന്റെ മൗലികഘടന വിശദീകരിക്കുന്ന സ്റ്റാൻഡേഡ് മോഡൽ പൂർത്തിയാക്കാൻ ആവശ്യമായ ഹിഗ്ഗ്സ് ബോസോൺ എന്ന കണമായിരുന്നു ആ ഉത്തരം. ദ്രവ്യത്തിനു പിണ്ഡം എന്ന ഗുണം നൽകുന്ന കണമാണിത്. പീറ്റർ ഹിഗ്ഗ്സ്, റോബർട്ട് ബ്രൌട്ട്, ഫ്രാങ്കോയിസ് ഇംഗ്ലെർട്ട് എന്നീ ശാസ്ത്രജ്ഞരാണ് ഹിഗ്ഗ്സ് ബോസോണുകളെക്കുറിച്ചുള്ള സിദ്ധാന്തം ആദ്യം അവതരിപ്പിച്ചത്. അവർ അതിനെ ഗോഡ്ഡമൻ പാർട്ടിക്കിൾ എന്നു വിളിക്കാൻ തുടങ്ങി. അതിനുശേഷം മാധ്യമങ്ങൾ ആ കണങ്ങളെ ഗോഡ്സ് പാർട്ടിക്കിൾ എന്നു വിശേഷിപ്പിച്ചു. അങ്ങനെയാണ് ഹിഗ്ഗ്സ് ബോസോണിനു ദൈവകണം എന്ന പേരു കിട്ടിയത്.

അനന്ത സാന്ദ്രതയുള്ള ഒരു ദ്രവ്യപിണ്ഡത്തിന് അത്യുന്നത ഊഷ്മാവിൽ സംഭവിച്ച ഒരു വമ്പൻ പൊട്ടിത്തെറിയിൽ നിന്നാണ് ഈ പ്രപഞ്ചത്തിന്റെ തുടക്കമെന്നാണ് മഹാസ്ഫോടന സിദ്ധാന്തം പറയുന്നത്. ആദിമനിമിഷങ്ങളിൽ ദ്രവ്യം ക്വാർക്ക് ഗ്ലുവോൺ പ്ലാസ്മ അവസ്ഥയിൽ ആയിരുന്നുവെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം, കണികാ കൂട്ടിയിടിയിലൂടെ ഈ ആദിമ ദ്രവ്യം പരീക്ഷണശാലയിൽ സൃഷ്ടിക്കപ്പെടുമെന്നു തന്നെയാണ് ശാസ്ത്രലോകത്തിന്റെ പ്രതീക്ഷ. പ്രപഞ്ചസമ്മിതി തകർന്നതെങ്ങനെ എന്ന ചോദ്യത്തിനും ഇതിലൂടെ ഉത്തരം ലഭിച്ചേക്കും. അതായത് പ്രപഞ്ചത്തിന്റെ തുടക്കത്തിൽ ദ്രവ്യവും പ്രതിദ്രവ്യവും തുല്യ അളവിലായിരുന്നു. എന്നാൽ പിന്നീട് ഈ സമ്മിതി ശിഥിലമാവുകയും ദ്രവ്യം മേൽക്കൈ നേടുകയും ചെയ്തു. ഇതെങ്ങനെ സംഭവിച്ചു എന്ന ചോദ്യത്തിന് കൃത്യമായ ഒരുത്തരം ഇനിയും കിട്ടിയിട്ടില്ല.

നാമിക്കാണുന്നതു മാത്രമല്ല ദ്രവ്യം. വലിയൊരു ശതമാനവും ഇരുണ്ട ദ്രവ്യമാണെന്നാണ് ഇപ്പോഴത്തെ നിഗമനം. ശ്യാമദ്രവ്യത്തെയോ അതിന്റെ കണങ്ങളെയോ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിന്റെ സ്വാധീനം തിരിച്ചറിയാം. അതിവേഗം കറങ്ങുന്ന ഗ്യാലക്സികളെ ഗ്യാലക്സിക്കൂട്ടങ്ങളിൽ പിടിച്ചുനിർത്തുന്നത് ഇരുണ്ടദ്രവ്യത്തിന്റെ ഗുരുത്വാകർഷണമാണെന്നാണ് കരുതപ്പെടുന്നത്. അതുപോലെ ഇനിയും പിടികിട്ടാത്തൊരു സമസ്യയാണ് ഇരുണ്ട ഊർജ്ജം. പ്രപഞ്ചവികാസം ത്വരിതഗതിയിലായതിനു പിന്നിൽ ശ്യാമോർജ്ജത്തിന്റെ സ്വാധീനമുണ്ടെന്നാണ് കരുതപ്പെടുന്നത്. പ്രപഞ്ചത്തിന്റെ വികാസപരിണാമ വഴികളിലേക്കു വെളിച്ചം വീശുന്ന ഉത്തരങ്ങൾ ഇനിയും ഒരുപാടു കിട്ടാനുണ്ട്.

അതിനിടെ ഒരു വമ്പൻ ആശയക്കുഴപ്പവും സൃഷ്ടിച്ചു കണികാപരീക്ഷണം. പ്രകാശത്തേക്കാൾ വേഗതയിൽ ന്യൂട്രിനോകൾ എന്ന കണങ്ങൾ സഞ്ചരിക്കുമെന്ന റിപ്പോർട്ടായിരുന്നു അത്. പ്രകാശവേഗതയെ വെല്ലുന്ന കണങ്ങൾ! ഭൗതികത്തിന്റെ ഇന്നോളമുള്ള അടിത്തറ ഇളകമോ എന്ന അമ്പരപ്പിലായി ശാസ്ത്രജ്ഞർ. എന്നാൽ വീണ്ടും വീണ്ടും പരീക്ഷണം ആവർത്തിച്ചതോടെ പരീക്ഷണത്തിൽ സംഭവിച്ച ചെറിയൊരു പിഴവുണ്ടാക്കിയ പൊല്ലാപ്പാണ് ഇതെന്നു തെളിഞ്ഞു. ഓട്ടപ്പന്തയത്തിൽ പ്രകാശം തന്നെ ജയിച്ചതോടെ ആശങ്കകൾക്കു വിരാമമായി. പ്രപഞ്ചത്തെക്കുറിച്ച് നാമറിഞ്ഞത് ഇത്തിരി മാത്രം. ഒരേ ഒരു പ്രപഞ്ചം മാത്രമേയുള്ളോ? അതോ വേറെയും പ്രപഞ്ചങ്ങളുണ്ടോ? ഈ ചോദ്യത്തിനും ഉത്തരം കിട്ടേണ്ടിയിരിക്കുന്നു. ഉത്തരം വർഷങ്ങൾ നീളുന്ന പരീക്ഷണങ്ങൾക്കൊടുവിൽ ലഭിച്ചേക്കാം. അറ്റകുറ്റപ്പണികൾക്കും പുതിയ പരീക്ഷണത്തിനുള്ള മുന്നൊരുക്കങ്ങൾക്കുമായി താൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ് ഇപ്പോൾ ലാർജ് ഹാഡ്രോൺ കൊളൈഡർ എന്ന പരീക്ഷണശാല. 2015 ൽ പരീക്ഷണം പുനരാരംഭിക്കും. കണികാപരീക്ഷണത്തിലൂടെ പുറത്തുവരുന്ന പ്രപഞ്ചരഹസ്യങ്ങൾക്കായി കൺ തുറന്നിരിക്കുകയാണ് ശാസ്ത്രലോകം. ●

*അനന്ത സാന്ദ്രതയുള്ള ഒരു ദ്രവ്യപിണ്ഡത്തിന് അത്യുന്നത ഊഷ്മാവിൽ സംഭവിച്ച ഒരു വമ്പൻ പൊട്ടിത്തെറിയിൽ നിന്നാണ് ഈ പ്രപഞ്ചത്തിന്റെ തുടക്കമെന്നാണ് മഹാസ്ഫോടന സിദ്ധാന്തം പറയുന്നത്.*

കഥ

ജയലക്ഷ്മി.പി



# ഒരുനാൾ ഒടുവിൽ...

**അദ്ധ്യാപകർക്കുള്ള** പരിശീലനപരിപാടിയിലാണ് ആ ചെറുപ്പക്കാരനെ അവൾ പരിചയപ്പെട്ടത്. അപരിചിതത്വത്തിന്റെ കട്ടികൂടിയ മറ, ഒരു തിരശ്ശീലയ്ക്കു പിന്നിലെന്നവണ്ണം അയാളുടെ പ്രത്യേകതകളെ മറച്ചുപിടിച്ചിരുന്നു. അല്ലെങ്കിൽത്തന്നെ ആദ്യമായി ആരെയെങ്കിലും പരിചയപ്പെടുമ്പോൾ അദൃശ്യമായൊരു മതിൽ കെട്ടി ഉയർത്തി അതിനപ്പുറം നിൽക്കുക എന്ന അവളുടെ സ്വഭാവവും ആ മതിലിനു പിന്നിലെ അദൃശ്യതയ്ക്ക് ഒരു കാരണമായിരുന്നുവെന്ന് പറയാം. പരിശീലന പരിപാടിയുടെ രണ്ടാം ദിവസം പരിശീലന കേന്ദ്രത്തിന്റെ മുറ്റത്ത് തണൽ വിരിച്ചു നിന്ന പൂമരത്തിനുകീഴെ ഉച്ചയൂണുകഴിഞ്ഞു വിശ്രമിക്കുന്നവരുടെ കൂട്ടത്തിൽ കണ്ണിയായിചേരുമ്പോഴാണ് അവൾക്ക് അയാളെ കൂടുതൽ പരിചയപ്പെടാനായത്. അയാളുടെ വാക്കുകളിലെ ആത്മാർത്ഥത, പ്രായത്തിൽ കവിഞ്ഞ പക്വത, വ്യത്യസ്തമായ ജീവിത വീക്ഷണം, കണ്ണുകളിലെ തിളക്കം, നിഷ്ക്കളങ്കമായ ചിരി എന്നിവ അവളുയർത്തിയ മതിലിൽ വിള്ളലുകൾ വീഴ്ത്താൻ തുടങ്ങിയിരിക്കുന്നത് അവൾക്ക് പതിയെ മനസ്സിലായിത്തുടങ്ങിയിരുന്നു. സ്വകാര്യതയുടെ പിന്നാമ്പുറങ്ങൾ ചിക്കിപ്പെറുക്കാതെ വായനയിൽ ചുറ്റിപ്പറ്റിയ സംഭാഷണം. ഒരു പുരുഷനിൽ അവൾ കാണാനിഷ്ടപ്പെട്ടിരുന്ന ഋജുവായ സമീപനം, നർമ്മബോധം പിന്നെ ബുദ്ധിപരമായി സംവദിക്കാനുള്ള കഴിവ് ഒക്കെ അറിയാതെ അവളെ അയാളിലേക്ക് അടുപ്പിക്കുകയായിരുന്നു. അയാൾ അവിവാഹിതനായതുകൊണ്ട് ബോധപൂർവ്വം തന്നെയാണ് പിരിയുമ്പോൾ നമ്പറും വിലാസവുമൊന്നും വാങ്ങാതിരുന്നത്......... പരിശീലന കേന്ദ്രവും മുറ്റത്ത് തണൽ വിരിച്ചു നിന്നിരുന്ന പൂമരവുമൊക്കെ മറവിയുടെ കരിയില മൂടിക്കഴിഞ്ഞുവെന്ന് സ്വയം വിശ്വസിപ്പിക്കാൻ നടത്തിയ പാഴ്ശ്രമങ്ങൾക്കിടയിലാണ് ഒരു നാൾ കടൽ കരയിലേക്കിരച്ചെത്തിയതുപോലെ ആ ചെറുപ്പക്കാരന്റെ കത്തവൾക്ക് കിട്ടിയത്. കൊടുക്കാതെ തന്നെ തന്റെ വിലാസം അയാൾ കണ്ടുപിടിച്ചിരിക്കുന്നു!

അയാളെഴുതി. "വളരെ ആലോചിച്ചു. എഴുതാതിരിക്കാൻ കഴിയാത്തതുകൊണ്ട് മാത്രം എഴുതുന്നു. അടുത്ത മാസം ഞാൻ വിവാഹിതനാകുന്നു. വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ച വിവാഹം. പക്ഷെ എനിക്ക് ആ പെൺകുട്ടിയെ സ്നേഹിക്കാൻ കഴിയുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഇപ്പോൾ എന്റെ മനസ്സുമുഴുവൻ നിങ്ങളാണ്. കേവലം മൂന്നു ദിവസത്തെ പരിചയം എന്നെ നിങ്ങളുമായി ഇത്രയേറെ അടുപ്പിച്ചതെങ്ങനെയെന്നെനിക്കറിയില്ല. നിങ്ങളുടെ കണ്ണുകൾ....... അതിൽ നിഴലിക്കുന്ന വേദനയും സ്നേഹത്തിന്റെ ആഴവും എന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. വ്യക്തിപരമായി കൂടുതലറിയില്ലെങ്കിലും നിങ്ങൾ വല്ലാത്ത ഒറ്റപ്പെടൽ അനുഭവിക്കുന്നുവെന്നെനിക്ക് തോന്നുന്നു... നിങ്ങൾ മറ്റാരുടേയോ ആണെന്നോ, ഇത് നിങ്ങളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്നോ ഉള്ള വിചാരങ്ങളൊന്നും എന്നെയിപ്പോൾ അലട്ടുന്നില്ല. എന്റെ ഓരോ ശ്വാസത്തിലും ഇപ്പോൾ നിങ്ങളാണ്. ഇതുവരെ ഒരു സ്ത്രീയോടും തോന്നാത്ത ഈ വികാരം എന്റെ മനസ്സിനെ വല്ലാതെ കീഴ്പ്പെടുത്തുമ്പോൾ, നിങ്ങൾ എനിക്കായി മാത്രം സൃഷ്ടിക്കപ്പെട്ടതെന്ന ബോധം എന്നിൽ നിറയുമ്പോൾ, തമ്മിൽ കാണാതിരിക്കുമ്പോഴും പൊള്ളിക്കുന്ന തീജ്വാലയായി, കരൾ തുളച്ചുകയറുന്ന ഒരു നീറ്റലായി നിങ്ങളുടെ ഓർമ്മകൾ എന്നിലേക്കു പടർന്നു കയറുന്ന അവസ്ഥ, എന്റെ മനസ്സിന്റെ വിങ്ങൽ ഒക്കെ എനിക്കറിയാതെ വയ്യ.. -ാം തീയതി ഞാൻ നിങ്ങളുടെ നഗരത്തിലേക്കു വരുന്നു. വൈ.എം.സി.എ.യിലെ അതിഥിമന്ദിരത്തിലായിരിക്കും തമസിക്കുക. ഒന്ന് നേരിൽ കാണണമെന്ന അതിയായ ആഗ്രഹമുണ്ട്. വരില്ലേ?".

പ്രണയനിലാവായി ചെറുപ്പക്കാരന്റെ അക്ഷരങ്ങൾ കൺമുന്നിൽ തെളിയുമ്പോൾ അവൾ ഒരു നിമിഷം ചകിതയായിരുന്നുപോയി. അടിവേരുകൾ വെട്ടിയൊതുക്കിയ ബോൺസായ് വൃക്ഷമായി പ്രണയത്തെ ഒരു ചെറിയ പാത്രത്തിലേക്ക് പണ്ടേ ചുരുക്കിയൊതുക്കിയിരുന്നെങ്കിൽക്കൂടി അവൾ പോലുമറിയാതെ അത് പൂത്തുലഞ്ഞ് മാധുര്യമുള്ള പഴങ്ങൾ പേറി മോഹിപ്പിച്ചുകൊണ്ട് ഇതാ കൺമുന്നിൽ! അയാളുടെ വാക്കുകളിലെ സത്യസന്ധത, ആഴം, ശക്തി ഒക്കെ

അവളെ ഒരു കാന്തംപോലെ അയാളിലേക്കടുപ്പിക്കുന്നതായി അവൾക്കുതോന്നി. ആളൊഴിഞ്ഞ സ്റ്റാഫ് റൂമിലെ ചോക്കുപൊടി പുരണ്ട മേശയിൽ മുഖം താഴ്ത്തിയിരുന്ന് കത്തുവായിച്ചുകഴിഞ്ഞ് അയാളെ കാണണമെന്നവൾ തീരുമാനമെടുക്കുമ്പോൾ അയാളോടുള്ള ഇഷ്ടം പ്രണയത്തിനു വഴിമാറിക്കൊടുത്തിരുന്നു. അവളുടെ അസ്ഥികളിൽ പ്രണയം തളിരിടുകയും പാടലവർണ്ണത്തിലുള്ള കുഞ്ഞുപൂവുകൾ വിരിയിച്ച് അവളെ ആനന്ദിപ്പിക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. അവൾ ഉള്ളിൽ ഉറക്കിക്കിടത്തിയിരുന്ന പതിനാറുകാരിയുടെ പാദസരങ്ങളുടെ കിലുക്കം കാതിൽ മുഴങ്ങുന്നുവോ? അവൾ പോലുമറിയാതെ അവളൊരു പ്രണയിനിയായിരിക്കുന്നു. മറ്റുള്ളവരുടെ കണ്ണിൽ ഒരിക്കലും തോന്നാത്ത സമയത്ത്!

ഒരു പക്ഷിയെപ്പോലെ സ്വതന്ത്രയായിരുന്നപ്പോഴൊന്നും അവളുടെ ഉള്ളിൽ ചാരം മൂടിക്കിടന്നിരുന്ന പ്രണയത്തിന്റെ കനലുകൾ ഊതി അഗ്നിയായി പടർത്താൻ ആരുമെത്തിയിരുന്നില്ല. ജീവിതത്തിൽ ഒരു പ്രത്യേക സമയത്തേ പ്രണയിക്കാവൂ എന്ന് പൊതുനിയമമൊന്നുമില്ലെങ്കിലും വിവാഹിതരെ സംബന്ധിച്ച് അങ്ങനെയല്ലല്ലോ! പക്ഷെ അവൾ വ്യത്യസ്തയായി ചിന്തിക്കുന്ന വിവാഹിതയായിരുന്നതുകൊണ്ടാണല്ലോ സൽഗുണസമ്പന്നനായ ഭർത്താവിന്റെ ചിറകുകൾക്കുള്ളിലും അവളുടെ മനസ്സ് എപ്പോഴും എന്തിനേയോ തേടിക്കൊണ്ടിരുന്നത്!

മദ്യപിക്കാത്ത, പുകവലിക്കാത്ത, സ്ത്രീലമ്പടനല്ലാത്ത അവളുടെ ഭർത്താവ് രാവിലെ ഉണരുന്നു. പത്രം വായിക്കുന്നു. ബാങ്കിൽ പോകുന്നു. ബാങ്ക് വിട്ടുകഴിയുമ്പോൾ നീട്ടിപിടിച്ച ചരടിന്റെ കൃത്യതയോടെ ആറുമണിക്കുമുമ്പ് വീടണയുന്നു, ടെലിവിഷൻ ചാനലുകളിലെ ന്യൂസ് അവറുകളിലെ സംവാദങ്ങൾ കേട്ട് വിവിധ വിഷയങ്ങളിൽ ഉൾക്കാഴ്ച വർദ്ധിപ്പിക്കുന്നു. കൃത്യം ഒമ്പത് മണിക്ക് അത്താഴം കഴിച്ച് ഉറങ്ങാൻ കിടക്കുന്നു, അതിനിടയിൽ ശരീരത്തിന്റെ മോഹിപ്പിക്കുന്ന ഉൾക്കാമനകൾ കിടക്കയിൽ ചുളിവുകൾ വീഴുന്നതുപോലും ആഴ്ചയിലെ ഒരു പ്രത്യേക ദിനത്തിൽ! എല്ലാം ഘടികാര ക്ലിപ്തതയോടെ...... സ്കൂളിൽ നിന്നു മടങ്ങിയെത്തിയാൽ അത്താഴമൊരുക്കലും, പത്രവായനയും, പുസ്തകവായനയുമൊക്കെയായി അവൾ അവളുടെ ലോകത്തായിരിക്കും. ബാങ്കിലെ ലെഡ്ജറുകളിലും കമ്പ്യൂട്ടർ സ്ക്രീനിലും തെളിയുന്ന അക്കങ്ങൾ അയാളുടെ ഉള്ളിൽ തിളച്ചുമറിയുമ്പോൾ നിത്യജീവിതത്തിലെ കൊച്ചുകൊച്ചുകാര്യങ്ങളുടെ പങ്കുവയ്ക്കലുകൾക്ക് പ്രസക്തി നഷ്ടപ്പെടുകയും പങ്കുവയ്ക്കൽ ശരീരത്തിൽ മാത്രം ഒതുങ്ങിപ്പോകുകയും ചെയ്യുന്നത് അവളിൽ ഒരുതരം മരവിപ്പ് സൃഷ്ടിച്ചിരുന്നു. പൊന്തകൾ മൂടിയ ഇടുങ്ങിയ പെരുവഴിപോലെയായിത്തീർന്ന ജീവിതത്തിൽ ഇളവെയിൽ സാന്നിദ്ധ്യമായി മാറാൻ ഒരു കുഞ്ഞുപോലുമില്ലാതിരുന്നത് അവർക്കിടയിലെ അകലം കൂട്ടിയതേയുള്ളു.

അത്താഴത്തിനൊപ്പം അവൾ വിളമ്പുന്ന സ്കൂൾ വിശേഷങ്ങളിൽ അയാൾ താല്പര്യം കാട്ടാറില്ലെങ്കിലും സ്കൂൾ ലൈബ്രറിയുടെ ചുമതലയുണ്ടായിരുന്ന ദിലീപൻ സാറിന്റെ ഇടയ്ക്കുള്ള വിളികൾ ഫോണിൽ ചാർജ് ഉണ്ടോ എന്നു നോക്കുന്ന ഭാവത്തിൽ പരിശോധിക്കുന്നതവൾ കാണാതിരുന്നില്ല. പറഞ്ഞുറപ്പിച്ച വിവാഹം ഒരു തരത്തിൽ നോക്കുമ്പോൾ അഗാധമായ ജലാശയത്തിലേക്കുള്ള ഒരു മുതലക്കുപ്പായിരിക്കുമെന്നറിയാമായിരുന്നുവെങ്കിലും വിവാഹപ്പിറ്റേന്നുതന്നെ അവൾ ദിനക്കുറിപ്പെഴുതുന്നതു കണ്ടപ്പോൾ അയാൾ കാണിച്ച അലോസരം അവൾക്കുൾക്കൊള്ളാനാകുമായിരുന്നില്ല. പരസ്പരമുള്ള ഇടം ബഹുമാനിച്ചുകൊണ്ടുള്ളതായിരിക്കണം ഇനിയുള്ള ജീവിതമെന്ന വിവാഹത്തിനുമുമ്പുള്ള കാഴ്ചപ്പാട് മഴയിൽ കുതിർന്ന മൺചു

*അടിവേരുകൾ വെട്ടിയൊതുക്കിയ ബോൺസായ് വൃക്ഷമായി പ്രണയത്തെ ഒരു ചെറിയ പാത്രത്തിലേക്ക് പണ്ടേ ചുരുക്കിയൊതുക്കിയിരുന്നെങ്കിൽക്കൂടി അവൾ പോലുമറിയാതെ അത് പൂത്തുലഞ്ഞ് മാധുര്യമുള്ള പഴങ്ങൾ പേറി മോഹിപ്പിച്ചുകൊണ്ട് ഇതാ കൺമുന്നിൽ!*



മർപോലെ ഇടിഞ്ഞുവീണത് വളരെ പെട്ടെന്നായിരുന്നു. അവൾ ചെലവഴിയ്ക്കുന്ന ഓരോ പൈസയ്ക്കും കണക്കുചോദിക്കുന്ന അയാളുടെ വങ്കത്തം ഒരു കുട്ടിയെ ദത്തെടുക്കണമെന്ന അവളുടെ ആഗ്രഹത്തിന്റെ മുനയൊടിക്കുന്നിടം വരെ ചെന്നെത്തുമ്പോൾ അവൾ നിസ്സഹായയായിരുന്നു. അവളുടെ ജോലി നഗരം വിട്ടകലെയുള്ള സ്കൂളിലായത് എത്ര നന്നായി! അല്ലെങ്കിൽ ജോലിക്കു പോകുന്നതും വരുന്നതും കൂടി ഒരു മിച്ചായേനേ! അതോർക്കുമ്പോൾ രണ്ടു ബസ്സിൽ കയറി കൃത്യസമയത്ത് സ്കൂളിലെത്തുന്നതിന്റേയും, ബസ്സിലെ ഉന്തും, തിരക്കും സഹിച്ച് തിരിച്ചുവരുന്നതിന്റേയും തത്രപ്പാടുകളൊക്കെ അവൾ മറക്കും! അതുമല്ല, ഒറ്റയ്ക്കുള്ള യാത്രകളെ അവൾ ഇപ്പോൾ ഇഷ്ടപ്പെടാനും തുടങ്ങിയിരിക്കുന്നു!

ഭർത്താവിന് അവളോടിഷ്ടമായിരുന്നു. വിവാഹ വാർഷിക ദിനത്തിൽ സമ്മാനിക്കുന്ന സാരിയിലൂടെയും, ആ ദിവസം ഒരുമിച്ച് റസ്റ്റോറണ്ടിൽ ഭക്ഷണം കഴിക്കുന്നതിലൂടെയുമൊക്കെ അയാൾ അതൊക്കെ എത്ര തവണ വ്യക്തമാക്കിയിരിക്കുന്നു. ഭർത്താവിനെ അവൾക്കും സ്നേഹമാണ്. പക്ഷെ അവൾക്കൊരിക്കലും അയാളെ പ്രണയിക്കുവാൻ കഴിഞ്ഞിരുന്നില്ല. അവളിലെ ഭാര്യയുടെ അപഥചലനമായോ പരാജയമായോ ഒക്കെ അത് വിലയിരുത്തപ്പെടുമെങ്കിൽക്കൂടി അവൾക്ക് അയാളെ പ്രണയിക്കാനാകുമായിരുന്നില്ല.

ജീവിതത്തിൽ നിന്ന് പ്രണയം അകന്നുതന്നെ നിന്നിരുന്നുവെങ്കിൽ കൂടി ഒരിക്കലും മനസ്സിൽ നിന്ന് പൂർണ്ണമായും പ്രണയത്തെ പടിയടിച്ച് പുറത്താക്കാൻ കഴിഞ്ഞിരുന്നില്ല അവൾക്ക് എന്നതായിരുന്നു യാഥാർത്ഥ്യം. അവളെ എപ്പോഴും ചൂഴ്ന്നു നിന്നിരുന്ന പ്രണയ സങ്കൽപ്പങ്ങളുടെ എട്ടുകാലി വലയ്ക്കുള്ളിൽ അവൾ വായിച്ച പുസ്തകങ്ങളിലെ എല്ലാത്തരം നായകന്മാരുമുണ്ടായിരുന്നു! പണക്കാരായി തിരികെ വന്ന് നഷ്ടപ്പെട്ടതെല്ലാം തിരികെപ്പിടിക്കുന്നവർ, ഭ്രാന്തമായ സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്നവർ, ജീവിതത്തിന്റെ നൈരന്തര്യങ്ങളോട് മുഖം തിരിച്ചു നിൽക്കുന്നവർ, വ്യവസ്ഥിതിക്കെതിരെ പ്രതിഷേധത്തിന്റെ സമരമുഖങ്ങൾ ഉയർത്തുന്നവർ! എന്തുകൊണ്ടോ, താടിയും മുടിയുമൊക്കെ നീട്ടിവളർത്തി ബീഡിക്കറയുള്ള ചുണ്ടുകളുമായി പൊരുത്തപ്പെടലുകൾക്കെതിരെ മുഖം തിരിച്ചു നിൽക്കുന്ന റിബലുകളോടായിരുന്നു അവളുടെ ആരാധന! എന്നെങ്കിലും അങ്ങനെയൊരാളെ കണ്ടുമുട്ടുമെന്ന് പോലും അവൾ രഹസ്യമായി മോഹിച്ചിരുന്നു.

അഭിലാഷങ്ങളെ ചിറകരിഞ്ഞ് കൂട്ടിലടയ്ക്കുമ്പോൾ മോഹങ്ങൾ സഫലമാകുക എന്നത് പ്രതീക്ഷിക്കുക വയ്യല്ലോ. സൽസ്വഭാവിയായ പയ്യന്റെ ആലോചനയ്ക്കുമേൽ പഠനത്തിന്റേയും, ജോലിയുടേയും പേരിൽ അവൾ വിരിച്ചിട്ട വല ദുർബലമായിപ്പോയത് പഠനം തുടരാനും, ജോലിക്കുപോകാനുമൊക്കെയുള്ള അവളുടെ ആവശ്യം അയാൾക്ക് സ്വീകാര്യമായിരുന്നതുകൊണ്ടാണ്.

പക്ഷേ ഇപ്പോഴും പുസ്തകങ്ങൾ തന്നെയായിരുന്നു അവൾക്ക് കൂട്ട്! വായന വിരിച്ചിടുന്ന വിശാലമായ കമ്പളത്തിനു പുറത്തിരുന്ന് സങ്കല്പലോകത്തിലേക്കുള്ള അവളുടെ സഞ്ചാരത്തിൽ അയാൾക്ക് തീരെ താല്പര്യമില്ലായിരുന്നു. "പുസ്തകം വായിച്ചുകളയുന്ന നേരം കുട്ടികൾക്ക് ട്യൂഷനോ മറ്റോ എടുത്തുകൂടേ?" രസതന്ത്രത്തിന് നല്ല അദ്ധ്യാപകരെ കിട്ടാനുള്ള പ്രയാസം ചൂണ്ടിക്കാട്ടിയുള്ള അയാളുടെ പറച്ചിൽ പണമെന്ന മതിലിൽച്ചെന്ന് മുട്ടി നിൽക്കുന്നത് അവൾ കാണാതെയിരുന്നില്ല. ഒരുപക്ഷെ അവളെ ജോലിക്കയയ്ക്കാനുള്ള സൗമനസ്യത്തിന്റെ കാരണവും മറ്റൊന്നായിരുന്നുവെന്നും വിശ്വസിക്കാൻ തോന്നുന്നില്ല. അവളോർത്തു. ജീവിതത്തിൽ പണം കൊടുത്ത് വാങ്ങാൻ കഴിയാത്തവയായി എന്തൊക്കെയുണ്ട്! കൊച്ചുകൊച്ചു സന്തോഷങ്ങൾ പോലുമറിയാതെ ഇങ്ങനെ

*ഒരു പക്ഷിയെപ്പോലെ സ്വതന്ത്രയായിരുന്നപ്പോഴൊന്നും അവളുടെ ഉള്ളിൽ ചാരം മൂടിക്കിടന്നിരുന്ന പ്രണയത്തിന്റെ കനലുകൾ ഊതി അഗ്നിയായി പടർത്താൻ ആരുമെത്തിയിരുന്നില്ല.*

ജീവിച്ച് മരിക്കുന്നതിലെന്തർത്ഥം! വല്ലപ്പോഴും കടൽക്കരയിലേക്കൊരു യാത്ര, ഒരു സിനിമ, ഇവയൊക്കെ അന്യമായിക്കഴിഞ്ഞിട്ടെത്ര നാളായി? ഇതാണോ ഒരു കാലത്ത് സ്വപ്നം കണ്ടിരുന്ന കംപാറ്റിബിൾ കംപാനിയൻഷിപ്പ്?

ബസ്സിറങ്ങി ഓട്ടോസ്റ്റാൻഡിലേക്ക് നടക്കുമ്പോൾ അവൾ വാച്ചു നോക്കി. നാലുമണി കഴിഞ്ഞിരിക്കുന്നു. മുമ്പിൽ കടൽപോലെയിരമ്പുന്ന നഗരം. പരസ്പരം ശ്രദ്ധിക്കാതെ സ്വന്തം ലക്ഷ്യങ്ങളിലേക്ക് പരക്കം പായുന്നവർക്കിടയിൽ അവളും ഒരു ബിന്ദുവായി ഒഴുകി നീങ്ങി. ഓട്ടോറിക്ഷയിൽക്കയറി വൈകുന്നേരത്തെ ട്രാഫിക് ജാമിൽപ്പെട്ട് റോഡിൽ കിടക്കുന്നതിലും ഭേദം നടക്കുന്നതാണ് നല്ലതെന്നു തീരുമാനിച്ചത് ശരിയായ തീരുമാനമായിരുന്നുവെന്ന് നീണ്ട വാഹന നിരകൾ കണ്ടപ്പോൾ തോന്നി. പ്രധാന വീഥി മുറിച്ചുകടന്ന് ഗുൽമോഹറുകൾ തണൽ വിരിച്ചു നിൽക്കുന്ന ഇടറോഡിൽ തല ഉയർത്തി നിന്നിരുന്ന വൈ.എം.സി.എ.യുടെ അതിഥിമന്ദിരത്തിലേക്ക് അവൾ ഉറച്ച കാലടികളോടെ നടന്നു. പതിയെ നടന്നിട്ടു പോലും അവിടെയെത്താൻ പതിനഞ്ചുമിനിറ്റേ എടുത്തുള്ളൂ. റിസപ്ഷൻ കൗണ്ടറിലെ പയ്യനോട് അവൾക്കു കാണേണ്ട

അതിഥിയുടെ പേര് പറഞ്ഞ് ടീപ്പോയിൽ കിടന്ന മാസികകൾ അലസമായി മറിച്ചുകൊണ്ടിരിക്കുമ്പോൾ അവൾക്ക് ഒട്ടും ഭയം തോന്നിയില്ല. സ്കൂൾവിട്ടുവരുംവഴി അവൾക്ക് കാണേണ്ട ഒരാളെ അയാൾ താമസിക്കുന്ന സ്ഥലത്ത് പോയി കാണുന്നതിൽ എന്തിനു പേടിക്കണം?. അവൾക്ക് കാണേണ്ട ഒരാൾ മാത്രമാണോ അയാൾ? അവളുടെ മനസ്സുലയും വിധം പ്രണയത്തിന്റെ ഉന്മാദാവസ്ഥ തുറന്നുപറഞ്ഞയാളിനെ ആദ്യമായി കാണാൻ പോകുകയാണ്. ഉള്ളിലുയർന്ന ചോദ്യങ്ങളുടെ കുന്തമുന സ്വന്തം നീതീകരണങ്ങളുടെ പരിചയാൽ തടുത്ത് പ്രതിരോധിച്ചുകൊണ്ട് ചുവരിൽ തൂക്കിയിരിക്കുന്ന എണ്ണഛായാചിത്രങ്ങളിൽ അല്പനേരം മിഴിനട്ടിരുന്നപ്പോൾ മനസ്സ് ശാന്തമാകാൻ തുടങ്ങിയിരുന്നു. എങ്കിലും ഒറ്റക്ക് ഇവിടെവച്ചാരെങ്കിലും കണ്ടാലോ എന്ന ഭയം ഇളംകാറ്റിനോടൊപ്പം ഉള്ളിലേക്ക് അരിച്ചുകയറുന്നത് അവളറിയുന്നുണ്ടായിരുന്നു.

കൗണ്ടറിലെ പയ്യൻ ഫോൺ വന്നപ്പോൾ മൊബൈലുമായി പുറത്തുപോയത് നന്നായി എന്നവൾക്ക് തോന്നി. അല്ലെങ്കിൽ ഉള്ളിലെ പിരിമുറക്കം മറച്ചുപിടിക്കാൻ അവൾക്ക് കുറെക്കൂടി അദ്ധ്വാനിക്കേണ്ടിവരുമായിരുന്നു. മുകളിലത്തെ നിലയിൽ നിന്ന് പടിയിറങ്ങി വന്ന ചെറുപ്പക്കാരന്റെ പാദപതനങ്ങൾ ചിന്തകളിൽ നഷ്ടപ്പെട്ടിരുന്ന അവളെ ഉണർത്തി. കണ്ണുകളിൽ അത്ഭുതത്തിന്റേതായ നേരിയ ലാഞ്ചനപോലുമില്ലാതെ നിഷ്ക്കളങ്കമായൊരു ചിരി സമ്മാനിച്ചുകൊണ്ട് അയാൾ ചോദിച്ചു. ''വന്നിട്ടധികം സമയമായോ?'' അവൾ പറഞ്ഞു "ഇല്ല". അവൾ വരുമെന്ന് അയാൾ ഉറപ്പിച്ചതുപോലെ........ കാഷ്വൽ വേഷത്തിൽ ചെറുപ്പക്കാരൻ ഒന്നുകൂടി ചെറുപ്പമായിരിക്കുന്നുവോ?

പശ്ചാത്തല സംഗീതത്തിന്റെ ആമുഖമില്ലാതെ പൊടുന്നനെ തുടങ്ങിയൊരു ഗാനം പോലെ അയാളുടെ ചോദ്യം നിനച്ചിരിക്കാതെ അവളുടെ കാതുകളിൽ വന്നു വീണു. "എനിക്കൽപ്പം സ്വകാര്യമായി സംസാരിക്കാനുണ്ട്. മുറിയിലേക്ക് വരുന്നതിൽ വിരോധമില്ലല്ലോ"! അപ്രതീക്ഷിതമെങ്കിലും ആ ക്ഷണത്തിൽ ഭയന്നില്ല എന്ന സന്ദേശം നൽകുവാനെന്നവണ്ണം അവളുടെ മറുപടിയും പെട്ടെന്നായിരുന്നു. "അധികം സമയമെടുക്കില്ലെങ്കിൽ....." അർത്ഥോക്തിയിലുള്ള അവളുടെ മറുപടിയും അയാൾ പ്രതീക്ഷിച്ചിരുന്നതാണെന്ന തോന്നലാണ് അയാൾക്കുളളതെന്ന് തോന്നിയെങ്കിലും ഭയം പുറത്തുകാട്ടാതെ അയാൾക്കൊപ്പം പടികയറി അവൾ ഒന്നാം നിലയിലേക്ക് നടന്നു.

> *"പുസ്തകം വായിച്ചുകളയുന്ന നേരം കുട്ടികൾക്ക് ട്യൂഷനോ മറ്റോ എടുത്തുകൂടേ?" രസതന്ത്രത്തിന് നല്ല അദ്ധ്യാപകരെ കിട്ടാനുള്ള പ്രയാസം ചൂണ്ടിക്കാട്ടിയുള്ള അയാളുടെ പറച്ചിൽ പണമെന്ന മതിലിൽച്ചെന്ന് മുട്ടി നിൽക്കുന്നത് അവൾ കാണാതെയിരുന്നില്ല.*

അയാളുടെ പ്രണയം വഴിയുന്ന മിഴികൾ അവളെ കോരിയെടുക്കുന്നതവൾ കണ്ടു. പ്രലോഭനങ്ങളായി സാരിക്കടിയിലൂടെ തെളിഞ്ഞ ശരീരവടിവും വിടർത്തിയിട്ട നീണ്ട തലമുടിയുമൊക്കെ അയാളെ മത്തുപിടിപ്പിച്ചതുപോലെ........ ഒരു നിമിഷം അവളൊന്നു നടുങ്ങി. അടഞ്ഞ വാതിലിനും വെളുത്ത വിരിയിട്ട കിടയ്ക്കയ്ക്കുമിടയിൽ എന്തും സംഭവിച്ചേക്കാമെന്ന ചിന്ത അവളെ ചുട്ടുപൊള്ളിക്കാൻ തുടങ്ങി. വായിച്ച ഏതോ പുസ്തകത്തിലെ വരികൾ അവളുടെ ഓർമ്മയിൽ ഇരമ്പിയെത്തി. ഏതു മഹാനും സാഹസികതയെ പഴിക്കാൻ തോന്നിയ നിമിഷം. അയാൾ അവളുടെ കണ്ണുകളിലേയ്ക്കു നോക്കി.... വേർതിരിച്ചറിയാനാവാത്ത ഏതോ ദു:ഖത്തിന്റെ നേരിയ കുഞ്ഞലകൾ അവളുടെ കണ്ണുകളിൽ അപ്പോഴും അലയടിക്കുന്നതയാൾ കണ്ടു. ''ഈ നിമിഷം നമുക്കായി ദൈവം ഒരുക്കി വച്ചതാണ്.... എന്തെങ്കിലും പറയൂ.'' പെട്ടെന്നയാൾ അവളെ തന്നിലേക്ക് വലിച്ചടുപ്പിച്ച് അവളുടെ മൃദുവായ തോളിൽ മുഖമമർത്തിക്കൊണ്ട് പറഞ്ഞു. അയാളുടെ ഉച്ഛ്വാസവായു ഒരു ആലിപ്പഴം പോലെ അവളുടെ ചുമലിൽ തണുത്തുകിടന്നു. ഒരു നനുത്ത പൂവിന്റെ സ്പർശനമായി അയാളുടെ ചുണ്ടുകൾ അവളുടെ ചുവന്ന അധരങ്ങൾ തേടിയെത്തിയപ്പോൾ അവൾ പുളകിതയായില്ല. അയാളുടെ മുറുകിയ ആശ്ലേഷത്തിൽ അവളുടെ മേനി തരിച്ചില്ല. ഏതോ സ്വപ്നത്തിലെന്നപോലെ അയാളുടെ സ്നേഹലാളനകൾ ഏറ്റുവാങ്ങി ഒരു നിമിഷം അവൾ നിന്നുപോയി. പെട്ടെന്ന് അയാളുടെ വിറയാർന്ന വിരലുകൾ അവളുടെ സാരിയ്ക്കുള്ളിലേയ്ക്കരിച്ചു നീങ്ങുമ്പോൾ കുതറിമാറിക്കൊണ്ട് അവൾ പറഞ്ഞു. "പ്ലീസ് ഞാൻ പോകട്ടെ...."

പരിചിതമല്ലാത്ത കരലാളനങ്ങളിൽ ശരീരം പൂത്തുലയാതെ പ്രതിരോധിച്ചു നിൽക്കുമ്പോൾ അവളുടെ മനസ്സിലെ ഏതോ അറയ്ക്കുള്ളിൽ പൂട്ടി വച്ചിരുന്ന പ്രണയത്തിന്റെ മഞ്ചാടി മണികൾ പരിഹാസത്തോടെ കുലുങ്ങിച്ചിരിക്കുന്നത വളറിഞ്ഞു. ലോലമായ സ്ഫടിക പാത്രം വീണുടയുന്ന ശബ്ദത്തിൽ അവളുടെ വാക്കുകൾ മുറിഞ്ഞു. "കത്ത് വായിച്ചപ്പോൾ കാണാൻ തോന്നി, ഞാൻ പോട്ടെ, എല്ലാ ആശംസകളും.'' കണ്ണുകൾ കൊണ്ടുപോലും യാത്ര പറയാതെ ഒരു യന്ത്രപ്പാവയെപ്പോലെ അതിഥിമന്ദിരത്തിന്റെ പടിയിറങ്ങി ബസ്സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ പോക്കുവെയിലിന് ഇരുട്ട് ചായമടിച്ചു തുടങ്ങിയിരുന്നു. അത് അവളുടെ മനസ്സിലേയ്ക്കും പടർന്നു കയറുകയായിരുന്നു. ●

സ്മിത കെ.ബി



**ഒരു** ദിവസം ഉച്ചതിരിഞ്ഞ് വളരെ പതിഞ്ഞ ശബ്ദത്തിൽ ഗദ്ഗദത്തോടെയുള്ള ഒരു ഫോൺവിളി അന്വേഷിയുടെ ഓഫീസിലേക്കെത്തി. ആരാണ് എന്താണ് എന്നൊന്നും ആദ്യം മനസ്സിലായില്ല. തിരുവനന്തപുരത്തു നിന്നാണെന്ന് പിന്നീട് പറഞ്ഞു. തന്നെ സഹായിക്കണം തനിക്ക് അമ്മ മാത്രമേയുള്ളൂ. അമ്മ വിദേശത്ത് ജോലി ചെയ്യുകയാണ്. അച്ഛനും അമ്മയും വേർപിരിഞ്ഞു താമസിക്കുകയാണെന്നും പറഞ്ഞു. അഭ്യസ്ഥവിദ്യയായ വിദേശത്ത് വളരെ നല്ല ജോലിയുള്ള ഒരു പെൺകുട്ടിയായിരുന്നു ഫോണിന്റെ അങ്ങേ തലക്കൽ. കുട്ടിയെ സമാധാനിപ്പിച്ച് പ്രശ്നം പരാതി രൂപത്തിൽ ഇ-മെയിൽ ആയി അയക്കാൻ പറഞ്ഞു.

പരാതി തികച്ചും ഞെട്ടലുണ്ടാക്കുന്നതായിരുന്നു. നിരഞ്ജൻ, അതാണ് അയാളുടെ പേര്. ഫെയ്ബുക്കിലൂടെ പരിചയപ്പെട്ടതായിരുന്നു ജയന്തി. ആ ബന്ധം വളർന്നു വിവാഹത്തിലെത്തി. വിദേശ യൂണിവേഴ്സിറ്റിയിൽ എം.ബി.എക്കു പഠിക്കുകയായിരുന്നു അന്ന് നിരഞ്ജൻ. പെട്ടെന്നൊരു ദിവസം പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് നാട്ടിലെത്തി. ജയന്തിയെ നിർബന്ധിച്ച് ലീവെടുപ്പിച്ച് നാട്ടിൽ വരുത്തി രണ്ടു പേരും ഒരുമിച്ച് ജീവിച്ചു തുടങ്ങി. രണ്ടു വർഷം കഴിഞ്ഞപ്പോഴാണ് നിരഞ്ജന്റെ യഥാർത്ഥ മുഖം മനസ്സിലായത്. അയാൾ ചെറുപ്പം മുതൽ മാനസികവൈകല്യം ഉള്ള ആളായിരുന്നു. അയാളുടെ മാതാപിതാക്കൾ വളരെ കഷ്ടപ്പെട്ടാണ് ബി.ടെക് വരെ അയാളെ പഠിപ്പിച്ചത്. അതിനു ശേഷം നിരഞ്ജന്റെ നിർബന്ധത്തിനു വഴങ്ങിയാണ് വിദേശത്തേക്ക് പഠിക്കാനായി പറഞ്ഞയച്ചത്. ജയന്തി സമ്പാദിച്ചതു മുഴുവനും രണ്ടു വർഷം കൊണ്ട് നിരഞ്ജൻ തുലച്ചുകളഞ്ഞു. ഒരു സുപ്രഭാതത്തിൽ തനിക്കിവളെ വേണ്ടെന്ന് പറഞ്ഞ് അയാൾ സ്വന്തം വീട്ടിലേക്ക് പോയി. അങ്ങനെ നിസ്സഹായയയും നിരാലംബയുമായിരിക്കുമ്പോഴാണ് ജയന്തിക്ക് അന്വേഷിയെപ്പറ്റി അറിവു ലഭിക്കുന്നത്. അങ്ങനെയാണ് ജയന്തി അന്വേഷിയിലേക്ക് ഫോൺ ചെയ്തതും പരാതി അയച്ചതും.

അന്വേഷി പ്രവർത്തകർ നിരഞ്ജന്റെ വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിച്ചു, ഓഫീസിലേക്ക് വരാൻ പറഞ്ഞു. പറഞ്ഞ ദിവസം തന്നെ നിരഞ്ജനും മാതാപിതാക്കളും അന്വേഷി ഓഫീസിലേക്ക് വന്നു. അവർ ഒരു തരത്തിലും ജയന്തിയെ സ്വീകരിക്കാൻ തയ്യാറായില്ല. ആൺകുട്ടികളായാൽ അങ്ങനെയൊക്കെ സാധാരണമാണ് എന്ന രീതിയിലായിരുന്നു അവരുടെ സംസാരം.

അടുത്ത ദിവസം ജയന്തിയേയും അമ്മയേയും ഓഫീസിലേക്ക് വിളിപ്പിച്ചു. അവർക്ക് നിയമപരമായ എല്ലാ സഹായവും അന്വേഷി വാഗ്ദാനം ചെയ്തു. അന്വേഷിയുടെ വക്കീൽ ജയന്തിക്ക് നീതി കിട്ടാനുള്ള മാർഗ്ഗങ്ങൾ പറഞ്ഞു കൊടുത്തു. നിരഞ്ജന്റെ വീടിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനിലേക്ക് പരാതി തയ്യാറാക്കി കൊടുത്തു. അന്വേഷി പ്രവർത്തകർ കൂടെ പോയി സ്റ്റേഷനിൽ കാര്യങ്ങൾ പറയാനും മറ്റും എല്ലാ പിന്തുണയും നൽകി.

ഇങ്ങനെ ഒരാൾക്കു വേണ്ടി കണ്ണീരൊഴുക്കി ജീവിതം പാഴാക്കാതെ സധൈര്യം ജീവിതത്തെ നേരിടാൻ അന്വേഷിയിലെ കൗൺസിലിംഗിലൂടെ ജയന്തിക്ക് സാധിച്ചു.

ഇനി അയാളുമായി ഒരു ജീവിതം വേണ്ടെന്നും തിരിച്ചു വിദേശത്തേക്ക് ജോലിക്കായി പോകുകയാണെന്നും തന്നോട് അനീതി കാണിച്ചതിന് നിയമം അനുശാസിക്കുന്ന ശിക്ഷ നിരഞ്ജന് കിട്ടണമെന്നും ജയന്തിപറയുന്നു.

ജയന്തിയുടെ നാട്ടിൽ കേസു കൊടുക്കാൻ തീരുമാനിച്ചു അതിനുവേണ്ടി എല്ലാ സഹായവും അന്വേഷി ചെയ്തു കൊടുക്കണമെന്നും ജയന്തി ആവശ്യപ്പെട്ടു. അങ്ങനെ ദുർബലയായ ഒരു പെൺകുട്ടി ധൈര്യമായി ജീവിതത്തെ നേരിടാൻ തീരുമാനിച്ചു.അന്വേഷിയുടെ ഇടപെടലും പിന്തുണയുമാണ് ഇതിന് ജയന്തിയെ സഹായിച്ചത്.



ദിവ്യ ദിവാകരൻ

പിതൃകേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥ നൂറ്റാണ്ടുകളായി പെണ്ണിനെ പറ്റിക്കാൻ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പല തന്ത്രങ്ങളിൽ ഒന്നാണ് 'മാതൃത്വത്തെ മഹത്വവല്കരിക്കൽ'. ആ തന്ത്രം തന്നെയാണ് ബ്ലെസ്സിയും ഇവിടെ പയറ്റുന്നത്.

# ബ്ലെസ്സിയുടെ പുതിയ കളിമൺപാത്രത്തിലുള്ളത് പുളിച്ചു നാറിയ പഴയ വീഞ്ഞ് തന്നെ

ശ്വേത മേനോന്റെ പ്രസവം ചിത്രീകരിക്കുക വഴി സ്ത്രീയുടെ സ്വകാര്യതയുമായി ബന്ധപ്പെട്ടു ചില ക്രിയാത്മകമായ ചർച്ചകൾക്കും കോലാഹലങ്ങൾക്കും അരങ്ങൊരുക്കി എന്നതൊഴിച്ചാൽ പുരോഗമന പരമോ വിപ്ലവകരമോ ആയ ഒരു ആശയവും മുന്നോട്ടു വക്കുന്നില്ല ബ്ലെസ്സിയുടെ 'കളിമണ്ണ്' എന്ന ചലച്ചിത്രം .പിതൃകേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥ നൂറ്റാണ്ടുകളായി പെണ്ണിനെ പറ്റിക്കാൻ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പല തന്ത്രങ്ങളിൽ ഒന്നാണ് 'മാതൃത്വത്തെ മഹത്വവല്കരിക്കൽ'. ആ തന്ത്രം തന്നെയാണ് ബ്ലെസ്സിയും ഇവിടെ പയറ്റുന്നത്. ആധുനിക വൈദ്യശാസ്ത്രവും നൂതന സാങ്കേതിക വിദ്യയും ഒക്കെ ചേർത്തുണ്ടാക്കിയ ഒരു പുതിയ കളിമൺപാത്രത്തിലാണ് പഴയ വീഞ്ഞ് ഒഴിച്ചിരിക്കുന്നതു എന്ന് മാത്രം.വിവാദമായ പ്രസവ രംഗത്തിലും യാതൊരു പുതുമയും തോന്നിയില്ല .സമൂഹത്തിന്റെ സദാചാരബോധത്തെ ഒരു രീതിയിലും പരിക്കേൽപിക്കാതെ തന്നെയാണ് സംവിധായകൻ അത് ചിത്രീകരിച്ചിരിക്കുന്നത്.



'ഒരു സ്ത്രീ പൂർണത നേടുന്നത് അവൾ അമ്മയാകുമ്പോഴാണ്' എന്ന ശുദ്ധ തോന്ന്യാസം സാറാ ജോസഫിനെ കൊണ്ട് പോലും പറയിക്കുന്നുണ്ട് സംവിധായകൻ. സ്ത്രീ വിമോചന പ്രവർത്തകയും എഴുത്തു കാരിയുമൊക്കെയായ സാറാ ജോസഫ് ഇത്രക്കും സ്ത്രീ വിരുദ്ധമായ ഒരു പരാമർശം നടത്തിയത് ഞെട്ടലുണ്ടാക്കുന്നു . ഒരു പുരുഷൻ പൂർണത നേടുന്നത് അവൻ അച്ഛനാകുമ്പോഴാണെന്നു ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. മാതൃത്വത്തെ മഹത്വവല്ക്കരിക്കുന്നത് പോലെ ആരും പിതൃത്വ

ത്തെ മഹത്വവൽക്കരിക്കാത്തതു എന്തുകൊണ്ടാണ് ?

വംശവർദ്ധനക്കുവേണ്ടി സസ്തനികളായ എല്ലാ ജീവികളിലും നിലനില്ക്കുന്ന ഒരു ശാരീരിക പ്രക്രിയ മാത്രമാണ് ഗർഭധാരണവും പ്രസവവും. അത് അശ്ലീലവും സ്വകാര്യവും ആക്കി വക്കേണ്ട ഒന്നല്ല... എന്നാൽ ആവശ്യമില്ലാതെ അതിനെ മഹത്വവല്ക്കരിക്കേണ്ട കാര്യവുമില്ല .'ഗർഭിണിയെ കണ്ടാൽ താണു വണങ്ങുന്ന സംസ്കാരം നിലനിന്നിരുന്ന നാടാണ് നമ്മുടേത് ' എന്നൊക്കെ പറയുന്നതിലൂടെ മാതൃത്വത്തിന് ഒരു ദൈവീക പരിവേഷം കൂടി ചാർത്തിക്കൊടുക്കാൻ സംവിധായകൻ ശ്രമിക്കുന്നു.

സാമൂഹികമോ സാംസ്കാരികമോ രാഷ്ട്രീയമോ ആയ ഒരു ക്രിയാത്മക മേഖലയിലേക്കും ഇറങ്ങിച്ചെല്ലാതെ, പ്രസവവും കുട്ടികളെ വളർത്തലും മാത്രമായി സ്ത്രീ കുടുംബത്തിനുള്ളിൽ ഒതുങ്ങി കഴിയേണ്ടത് പുരുഷാധിപത്യ സമൂഹത്തിന്റെ ആവശ്യമായിരുന്നു. കുട്ടികളെ വളർത്തലും കുടുംബം നോക്കലും ഒരു ബാധ്യതയാണെന്ന് സ്ത്രീക്ക് എന്നെങ്കിലും തോന്നിയാൽ തകർന്നു വീഴുന്നതാണ് പിതൃകേന്ദ്രീകൃത സമൂഹം ഉണ്ടാക്കി വച്ചിട്ടുള്ള കുടുംബ വ്യവസ്ഥ. അതുകൊണ്ടുതന്നെ അങ്ങനെയൊരു തോന്നൽ സ്ത്രീക്ക് ഒരിക്കലും ഉണ്ടാകാതെ നോക്കേണ്ടതുണ്ടെന്നു സമൂഹത്തിനു നന്നായി അറിയാം. അതിനുള്ള എളുപ്പവഴി മാതൃത്വത്തെ മഹത്വ വല്കരിക്കലാണ്. അമ്മയായും ദേവിയായും വാഴ്ത്തി സ്തുതിക്കുക!. എന്നാൽ കാര്യത്തോടടുക്കുമ്പോൾ പിതൃത്വത്തിന് മുന്നിൽ ഈ മാതൃത്വം ഒന്നുമല്ലാതെയാകുന്നു. അച്ഛൻ അമ്മയുടെ കഴുത്ത് വെട്ടി കൊല്ലാൻ പറയുമ്പോൾ അത് അനുസരിക്കുന്ന മകനാണ് സൽപുത്രൻ എന്ന് പരശുരാമന്റെ കഥ നമ്മെ പഠിപ്പിക്കുന്നു. അച്ഛൻ ആജ്ഞാപിച്ചാൽ അമ്മയെയും സീതയേയും ജീവനെത്തന്നെയും ഉപേക്ഷിക്കാൻ താൻ തയ്യാറാണെന്ന് ശ്രീരാമനും പറയുന്നു.

കുടുംബം നിലനിർത്താൻ വേണ്ടി മാതൃത്വത്തെ മഹത്വവൽക്കരിച്ചവർ തന്നെ തങ്ങളുടെ കാമപൂരണത്തിനായി മറ്റൊരു വശത്ത് ദേവദാസിയെയും വേശ്യയെയും സൃഷ്ടിച്ചു. സ്ത്രീയെ ശരീരം മാത്രമായിക്കാണ്ട് ഭോഗിച്ചു. ഇതേ ഇരട്ടത്താപ്പ് തന്നെയാണ് സംവിധായകൻ ബ്ലെസ്സിയും തന്റെ ചിത്രത്തിൽ ചെയ്തിരിക്കുന്നത്. ഒരു വശത്ത് നായികയുടെ ഗർഭവും പ്രസവവും കാണിച്ചു മാതൃത്വത്തെ സ്തുതിക്കുന്നു. മറുവശത്ത് അതേ നായികയുടെ തന്നെ അവയവ സൗഷ്ഠവവും അംഗ വടിവും ഐറ്റം ഡാൻസിലൂടെ കാണിച്ചു അവളെ ഒരു ലൈംഗിക വസ്തു മാത്രമാക്കി മാറ്റുകയും ചെയ്യുന്നു.

ചിത്രത്തിന്റെ അവസാന ഘട്ടത്തിൽ നായിക മീര ( അതോ ശ്വേത മേനോൻ തന്നെയോ )ചാനലുകാരോട് ഘോര ഘോരം നടത്തുന്ന പ്രസംഗത്തിൽ, അമ്മയുടെ കുളി സീൻ പകർത്താനായി കുളിമുറിയിൽ ഒളി ക്യാമറ വച്ച മകന്റെ സംസ്കാര ശൂന്യതയെ കുറിച്ചൊക്കെ പരാമർശിക്കുന്നുണ്ട്. എന്നാൽ ,ഈ മകൻ ചെയ്തത് തന്നെയാണ് സംവിധായകൻ ബ്ലെസ്സിയും ചെയ്യുന്നത്. മാതൃത്വത്തിന്റെ മഹനീയത വാഴ്ത്താൻ വേണ്ടി താൻ അവതരിപ്പിക്കുന്ന അതേ നായികയെത്തന്നെ സെക്സിയാക്കി ഐറ്റം ഡാൻസി ലും പ്രദർശിപ്പിക്കുന്നു. ഭ്രമരം എന്ന ചിത്രത്തിൽ അമ്മയായ നായികാ കഥാപാത്രത്തിന്റെ നാഭിച്ചുഴി ക്ലോസ് അപ് ഷോട്ടിൽ ഒപ്പിയെടുക്കുന്നുണ്ട് ബ്ലെസ്സി. സംസ്കാര ശൂന്യനായ മകൻ ഒളിക്യാമറ കൊണ്ട് ചെയ്തത് സംവിധായകൻ ബ്ലെസ്സി ഒളിക്കാത്ത ക്യാമറ കൊണ്ട് ചെയ്തു. അത്രതന്നെ! സ്ത്രീ ശരീരം ഒരു അശ്ലീല വസ്തുവൊന്നും അല്ല. അത് സ്വകാര്യമാക്കി വക്കേണ്ട ആവശ്യവുമില്ല. എന്നാൽ ഏതു ഉദ്ദേശത്തോട് കൂടിയാണ് അതിനെ പ്രദർശിപ്പിക്കുന്നത് എന്ന കാര്യം പ്രധാനം തന്നെയാണ്.

*സാമൂഹികമോ സാംസ്കാരികമോ രാഷ്ട്രീയമോ ആയ ഒരു ക്രിയാത്മക മേഖലയിലേക്കും ഇറങ്ങിച്ചെല്ലാതെ, പ്രസവവും കുട്ടികളെ വളർത്തലും മാത്രമായി സ്ത്രീ കുടുംബത്തിനുള്ളിൽ ഒതുങ്ങി കഴിയേണ്ടത് പുരുഷാധിപത്യ സമൂഹത്തിന്റെ ആവശ്യമായിരുന്നു.*

അമ്മയും പെങ്ങളും ഭാര്യയും കാമുകിയും ഒക്കെയായ സ്ത്രീയെ പിച്ചിചീന്താൻ പുരുഷന് എങ്ങനെ കഴിയുന്നു എന്ന് പറഞ്ഞു ചാനലുകാർക്ക് മുന്നിൽ കരഞ്ഞു വീഴുന്നുമുണ്ട് നായിക. സ്ത്രീ ബലാൽസംഗം ചെയ്യപ്പെടാൻ പാടില്ലാത്തത് അവൾ പുരുഷന്റെ അമ്മയും പെങ്ങളും കാമുകിയുമൊക്കെ ആയിപ്പോയതുകൊണ്ടല്ല . മറിച്ചു, അവൾ പുരുഷനെ പോലെ തന്നെ മജ്ജയും മാംസവും മനസ്സുമുള്ള ഒരു വ്യക്തിയായതുകൊണ്ടാണ്. സ്വാതന്ത്ര്യത്തോടെയും സന്തോഷത്തോടെയും ഈ ലോകത്ത് ജീവിക്കാനുള്ള അവകാശം അവൾക്കു കൂടി ഉള്ളതുകൊണ്ടാണ്.

പ്രസവത്തെ ഒരു സ്വകാര്യ അനുഭവമാക്കി സ്ത്രീ ഒറ്റയ്ക്ക് സഹിച്ചു തീർക്കേണ്ട കാര്യമൊന്നുമില്ല. ക്യാമറക്ക് മുന്നിലോ, സുഹൃത്തുക്കൾക്ക് നടുവിലോ, കുടുംബാംഗങ്ങൾക്കിടയിലോ പരസ്യമായി, ആഘോഷമായിത്തന്നെ സ്ത്രീക്ക് പ്രസവിക്കാവുന്നതാണ്. എന്നാൽ ഒരു പ്രസവരംഗം കണ്ടത് കൊണ്ട് മാത്രം നാട്ടിലുള്ള പുരുഷന്മാരെല്ലാം മാതൃത്വത്തെ ബഹുമാനിക്കുമെന്നും സ്ത്രീ പീഡനവും ബലാൽസംഗവുമൊക്കെ നിർത്തി മാന്യന്മാരാകുമെന്നുമുള്ള സിനിമയിലെ വാദം തീർത്തും ബാലിശമായാണ് തോന്നിയത്. ഒരു വ്യക്തിയായും സുഹൃത്തായും പെണ്ണിനെ അടുത്തറിയാനുള്ള അവസരം ചെറുപ്പം

മുതൽ തന്നെ ഓരോ ആൺകുട്ടിക്കും കിട്ടേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആരോഗ്യകരമായ ഒരു മാറ്റം അവന്റെ കാഴ്ചപ്പാടിൽ ഉണ്ടാകൂ. ഒന്നാം ക്ലാസ് മുതൽ തന്നെ ആണിനേയും പെണ്ണിനേയും വേർതിരിച്ചിരുത്തുന്ന ,ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധങ്ങളെ വളരാൻ അനുവദിക്കാത്ത ഈ സാമൂഹിക സംവിധാനത്തിൽ പുരുഷൻ മാനസികരോഗി തന്നെയായിരിക്കും. അവനെ ഒരു പ്രസവരംഗം കാണിച്ചോ ലേബർ റൂമിൽ കൊണ്ടുപോയി ഇരുത്തിയോ നേരെയാക്കി എടുക്കാം എന്ന് വിചാരിക്കുന്നത് വിഡ്ഢിത്തം മാത്രമാണ്. സ്ത്രീയുടെ മാതൃത്വത്തെയല്ല, വ്യക്തിത്വത്തെ അറിയാനുള്ള അവസരമാണ് പുരുഷന് കൊടുക്കേണ്ടത്.

എം .എ ക്ക് ക്രിട്ടിസിസം പഠിപ്പിച്ചിരുന്ന നന്ദകുമാർ സർ ക്ലാസ്സിൽ പറയുമായിരുന്ന ഒരു കാര്യം ഓർമ വരുന്നു. ‘സ്ത്രീയുടെ ജീവിത ലക്ഷ്യം തന്നെ അമ്മയാവുകയാണ് എന്നൊക്കെയാണ് സമൂഹം പെൺകുട്ടികളെ പറഞ്ഞു പഠിപ്പിച്ചു വച്ചിരിക്കുന്നത്. എടോ... അമ്മയാകുന്നതൊന്നും അത്ര വലിയ കാര്യമല്ല. ആർക്കും പറ്റും. അതിനു പ്രത്യേകിച്ചു ബുദ്ധിയോ കഴിവോ സാമർത്ഥ്യമോ ഒന്നും ആവശ്യമില്ല . ഇതിലെ നടക്കുന്ന തെണ്ടിപ്പട്ടിക്കും പറ്റും അമ്മയാവാൻ. സ്ത്രീകൾ സമൂഹത്തിൽ അംഗീകരിക്കപ്പെടണമെങ്കിൽ എതെങ്കിലുമൊക്കെ മേഖലയിൽ കഴിവ് തെളിയിക്കാൻ ഇനിയെങ്കിലും അവർ തയാറാവണം. അല്ലാതെ അമ്മയാണെന്ന് പറഞ്ഞു ആരും ഒരു പെണ്ണിനേയും ബഹുമാനിക്കാൻ പോകുന്നില്ല.’

സ്ത്രീകളായാലും പുരുഷന്മാരായാലും വ്യക്തികൾ അടിസ്ഥാനപരമായി മനുഷ്യർ മാത്രമാണ്. നന്മയും തിന്മയും ശക്തിയും ദൗർബല്യവും ഭ്രാന്തും യുക്തിയും എല്ലാം പല അളവിൽ വ്യക്തിത്വത്തിൽ കൊണ്ടുനടക്കുന്ന സാധാരണ മനുഷ്യർ. ഒരു സുപ്രഭാതത്തിൽ അമ്മയോ അച്ഛനോ ആയി എന്നതുകൊണ്ട് മാത്രം ഇവരാരും മഹാത്മാക്കൾ ആകുന്നില്ല. ആകുമായിരുന്നുവെങ്കിൽ മാതാ പിതാക്കളുടെ പീഡനമേറ്റ് മൃതപ്രായരാകുന്ന കുട്ടികളെ ഓർത്ത് നമുക്ക് വേദനിക്കേണ്ടി വരില്ലായിരുന്നു. പറവൂർ പീഡനം ഉൾപ്പെടെയുള്ള പല പെൺവാണിഭ കേസുകളും പുറത്ത് വന്നപ്പോൾ ഒരു ഞെട്ടലോടെ നാം തിരിച്ചറിഞ്ഞു ,പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പലർക്കും കാഴ്ചവച്ചതു പെറ്റമ്മയുടെ അറിവോടെയും സമ്മതത്തോടെയുമാണെന്ന്. അപ്പോൾ എവിടെപ്പോയി കൊട്ടിഘോഷിക്കപ്പെടുന്ന ഈ മാതൃത്വത്തിന്റെ മഹനീയത? യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങളെ കാണാനാണ് നാം സമൂഹത്തെ പഠിപ്പിക്കേണ്ടത്. അല്ലാതെ പലതിനെയും ആവശ്യമില്ലാതെ മഹത്വവൽക്കരിക്കാനല്ല. ഇത്തരം മഹത്വവൽക്കരിക്കലുകൾ പലപ്പോഴും ഒരു സമൂഹത്തെ സംബന്ധിച്ചു അപകടകരം തന്നെയാണ്. അച്ഛനും അമ്മയും കാണപ്പെട്ട ദൈവങ്ങൾ, അവർ ചെയ്യുന്നതും പറയുന്നതുമെല്ലാം ശരി, അവരെ അനുസരിക്കേണ്ടത് മക്കളുടെ കടമയാണ് എന്നൊക്കെത്തന്നെയാണ് നമ്മൾ ഇപ്പോഴും കുട്ടികളെ പഠിപ്പിക്കുന്നത്. മാതാ പിതാക്കൾ തന്നോട് ചെയ്യുന്ന ക്രൂരത പോലും നിശ്ശബ്ദം സഹിക്കേണ്ടതാണ് എന്ന ധാരണ കുട്ടിയിൽ രൂപപ്പെടാൻ മാത്രമേ ഈ മഹത്വവല്ക്കരിക്കൽ ഉപകരിക്കൂ .

കളിമണ്ണിലെ നായിക ചെയ്യുന്നത് തീർത്തും സാധാരണമായ ഒരു കാര്യം മാത്രമാണ്. മസ്തിഷ്ക മരണം സംഭവിച്ച ഭർത്താവിന്റെ ബീജത്തിൽ നിന്നും ഒരു കുട്ടിയെ സൃഷ്ടിക്കണമെന്ന് അവർ ആഗ്രഹിക്കുന്നത് ,ജീവിതത്തിൽ തനിക്കു സ്നേഹിക്കാനും തന്നെ സ്നേഹിക്കാനും ഒരാൾ വേണമെന്നുള്ളതുകൊണ്ടാണ്. താൻ ഈ ലോകത്ത് ഒറ്റക്കായി പോകുമോ എന്ന ഭയം കൊണ്ടാണ്. ഇത് വലിയ ത്യാഗമോ ധീരതയോ ഒന്നുമല്ല .തികച്ചും മാനുഷികമായ ഒരു അവസ്ഥ മാത്രം. ഇത്രയ്ക്കു മഹത്വവല്ക്കരിക്കാൻ വേണ്ടി ഇതിൽ എന്താണ് ഉള്ളതെന്ന് മാത്രം മനസ്സിലാകുന്നില്ല.

ചിത്രത്തിന്റെ അവസാന ഭാഗം മുഴുവൻ നിറച്ചിരിക്കുന്നത് ,ശ്വേത മേനോന്റെ പ്രസവവുമായി ബന്ധപ്പെട്ടു നാട്ടിലുണ്ടായ വിവാദങ്ങളും ചർച്ചകളും അവക്കുള്ള മറുപടികളും കൊണ്ടാണ്. അങ്ങനെ ഒരു വിവാദം കൂടി ഉണ്ടായില്ലായിരുന്നുവെങ്കിൽ പിന്നെ എന്താണ് ഈ സിനിമയിൽ ഉണ്ടാകുമായിരുന്നത് എന്ന് ആലോചിച്ചു പോകുന്നു. ●




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

ഇതിനോടൊപ്പം Rs......................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം...........................................................................................................................

..............................................................................................................പിൻ................................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

**പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370**




Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara